പുസ്തകം ൩ ൧൧൦൦ ലക്കം ൧൨

# വിദൂഷകൻ




വിഷയവിവരം.


൧. പ്രസാധകക്കുറിപ്പുകൾ.
൨. ശുദ്ധമേ വെടി.
൩. ഒരു മലിരാസ്ക്കരന്റെ സ്വപ്നം.
൪. മാരാരുടെ മഞ്ജരി.
൫. ഗോകുന്നത്തെ ചന്ദ്രോദയം.
൬. ഉറക്കത്തിനു കിട്ടിയ മരുന്ന്.
൭. പണമഹിമ.
൮. ഞണ്ടിമനോട്ട്.
൯. ലീലാപാലയുടെ ആവരണം.
൧൦. ഉദ്യോഗസ്ഥഭാവം.
൧൧. ബഹുരസം.
൧൨. ഒരു ഐതിഹ്യം.

## ഏതു രോഗവും

ഭേദമാക്കാം, മരുന്നു വേണ്ട.

ക്ഷയം, പ്രമേഹം, കുഷ്ഠം, മുതലായ പല തീരാവ്യാധികൾ നിശ്ശേഷം സുഖമാക്കിയ ശ്രീമാൻ കെ. രാമവാര്യർ അവർകൾ ബി. എ. ബി. എൽ. (പോലീസ് ഇൻസ്പെക്ടർ) ലളിതമായ ഭാഷയിൽ എഴുതിയിട്ടുള്ള "പ്രകൃതിചികിത്സാസംഗ്രഹം" വായിക്കുക; മഹാരോഗികൾക്കുകൂടി പൂർണ്ണമായ ആരോഗ്യം സമ്പാദിക്കാം. ഡാക്ടരന്മാരുടെ പിറകെ നടന്നലയേണ്ട; പണവും ചെലവാക്കേണ്ടാ കുണി. ഝസ്റ്റ് ഇന്ന പണ്ഡിതന്മാരുടെ സിദ്ധാന്തങ്ങൾ സ്വാനുഭവസഹിതം വിവരിച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തിന്

വില ൧൨. അണ.

വിലപട്ടത്തു കൃഷ്ണൻ നമ്പ്യാർ,

തിരുവല്ല.

---

൧൦൦൧-ദിവസം പകൽ പറഞ്ഞ

## പാരസീകകഥകൾ

ആപാദചൂഡം അതിവിനോദകരമായ

ഒരു പുതിയ കഥാരത്നമാല.

വിലമതിക്കാൻ പാടില്ലാത്തവിജ്ഞേയതരങ്ങളും ശൃംഗാരാത്ഭുതഭ്രയിഷ്ഠങ്ങളുമായഓരോവിനോദകഥകളും വായിക്കുമ്പോൾ അടുത്തകഥയിൽ ആഗ്രഹം ജനിക്കാത്ത മനുഷ്യർ ഉണ്ടാവുകയില്ല. സർവോപരി എല്ലാരസങ്ങളും നിറഞ്ഞ് ഓരോകഥകളുടെയും കല്പനാവൈചിത്ര്യം അത്യന്തം ആശ്ചര്യകരമാണ്. കഥാഘടനയിൽ പരമരസികന്മാരായ പാരസീകവിദ്വന്മണികളുടെ അന്യാദൃശമായ മനോധർമ്മം ഇതിനുമുമ്പ് മലയാളികൾക്ക അനുഭവിക്കാൻ സംഗതിയാകാഞ്ഞതു നിർഭാഗ്യത്തിലും മഹാനിർഭാഗ്യമായിപ്പോയെന്നു യാതൊരു സാഹിത്യരസികനും തലകുലുക്കി സമ്മതിക്കും. കഥ വായിക്കുന്നതു്, അറിവും രസവും ഉണ്ടാകുന്നതിനാണെന്നു സമ്മതിക്കുന്നവർ ആരും ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അഞ്ഞൂറു പേജുള്ള മുഴുവൻ പുസ്തകവും വായിക്കാതെ നിലത്തുവയ്ക്കുകയില്ല. പ്രശംസനാവൈചിത്ര്യങ്ങളും നൈസർഗ്ഗികമായ സംഭാഷണമാധുരികളും മററും കൊണ്ടു ലോകോത്തരമാഹാത്മ്യത്തോടുകൂടിയ

ഈ പുസ്തകം ഒന്നുക്കു വില രൂ. ൧. അണ ൧൨

എസ്. ററി. റെഡ്യാർ ആൻഡ് സൺസ്,

വി. വി. പ്രസ്സ്—കൊല്ലം.

---

അല്പദിവസത്തേക്കു മാത്രം.

## പ്രത്യേകവിഘ്ന

"അധ്യാപകന്മാർ വിദ്വാന്മാരായ സഖി; വിദ്യാർത്ഥികൾക്കു പണ്ഡിതനായ ഗുരു; കവികൾക്കും ലേഖകന്മാർക്കും ഉപകരണപൂർണ്ണമായ സാഹിത്യപേടകം; അക്ഷരാഭ്യാസമുള്ള മലയാളികൾക്കെല്ലാമാകട്ടെ വിശേഷവിധിയായ വിജ്ഞാനമഹാപാരശാല."

എന്നിങ്ങനെ വിദ്വജ്ജനങ്ങളാൽ സംവദിക്കപ്പെട്ടിരിക്കുന്നതും, സകല സാംസ്കൃതവാക്കുകളും അകാരാദി മുറയ്ക്കു ചേർത്തു് അവയെല്ലാം പരിശുദ്ധമായ മലയാള അർത്ഥവിവരണവും പര്യായപദങ്ങളും കൊടുത്തു വിസ്തരിച്ചിട്ടുള്ളതും ക്രമപ്പെടുത്തപ്പെട്ടതും പത്തോ പതിനഞ്ചോ രൂപാ വിലകൊടുക്കേണ്ടതായ ഒരു ബൃഹച്ഛബ്ദകോശത്തിന്റെ ഉപയോഗം തികച്ചും സാധിച്ചു തരുന്നതും ഒതുക്കവും വെടിപ്പും കൊണ്ടു് എപ്പോഴും കൂടെ കൊണ്ടുനടക്കാവുന്നതും-

ഒന്നര ബ്രി: ക വിലയ്ക്കു ഇന്നലൊരെ എണ്ണൂറിൽപരം പ്രതികൾ വിററിരിക്കുന്നതുമായ,

## ശബ്ദമുക്താവലി

മലയാളകീശാനിഘണ്ടു.

ബാക്കിയുള്ള ഏതാനും പ്രതികൾ ഇതാ ഇന്നുമുതൽ ഒററപ്രതിക്കു

ഒരു ബ്രി ക. മാത്രം.

ഇൻഡ്യക്കു പുറമെ വി. പി. ഏർപ്പാടില്ലാത്തതിനാൽ വില മുൻകൂറയയ്ക്കണം.

മാനേജർ,

(സർ) രവീന്ദ്രനാഥടാഗോർസ്മാരകഗ്രന്ഥശാല,

കാർത്തികപ്പള്ളി, ഹരിപ്പാട്ട്,

തിരുവിതാംകൂർ.

---

## ഭാർഗ്ഗവി

"വാക്യം രസാത്മകം കാവ്യം" എന്ന സാഹിത്യതത്വത്തെ ആസ്പദമാക്കി എഴുതപ്പെട്ടിട്ടുള്ളതും 'അയിത്ത'ത്തെ അടിച്ചുടക്കുന്നതും ആയ ഒരു ഒന്നാംതരം

## ഖണ്ഡകാവ്യം

വില അണ ൩.

അപേക്ഷിക്കേണ്ടും മേൽവിലാസം:-

എം. ആർ. കൃഷ്ണവാര്യർ,

ബി. എ. എൽ. ടി.

അസിസ്റ്റൻറ് ഇൻസ്പെക്ടർ,

കൊല്ലം.

# വിദൂഷകൻ.

# THE MALABAR PUNCH.

പുസ്തകം ൩ | ൧൧൦൦ | ലക്കം ൧൨


## പ്രസാധകക്കുറിപ്പുകൾ

### മഹാത്മജി ഇതാ.

— * —

മഹാത്മജി ഇതാ തിരുവിതാംകൂറിലെത്തിയിരിക്കുന്നു. തിരുവിതാംകൂർകാർക്ക് ഇത്ര വലിയോരു മഹാഭാഗ്യം സിദ്ധിക്കുമെന്നു ആരും സ്വപ്നേപി വിചാരിച്ചിരുന്നതല്ല. ഈ ഭാഗ്യത്തിനു കാൺഗ്രസ്സ്കാരെക്കാളും അയിത്തോച്ചാടനക്കാരെക്കാളും ഹേതുവുണ്ടാക്കിയതു വൈക്കത്തെ സവർണ്ണരും ഇവിടത്തെ സർക്കാരും കൂടിയാണെന്നു അവർക്കു കൂട്ടുകൂടി ചാരിതാർത്ഥ്യപ്പെടാവുന്നതാണ്. ഇക്കൂട്ടത്തിൽ മഹാത്മജിയെ വരുത്തിയ അക്കൂട്ടർക്കു നമ്മുടെ വകയായി വല്ല സമ്മാനവും കൊടുത്താൽകൂടി വേണ്ടില്ലെന്നു തോന്നും. പക്ഷേ, മഹാത്മജി അല്ല, ഇനി സാക്ഷാൽ പരബ്രഹ്മജിതന്നെ ഇങ്ങട്ടെഴുന്നള്ളിയാലും 'സ' വർഗ്ഗക്കാരുടെ ഗ്രഹസ്ഥിതിക്കോ മനസ്ഥിതിക്കോ അല്പമെങ്കിലും ചാഞ്ചല്യമുണ്ടായേക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മിസ്റ്റർ രാഘവയ്യാ, മിസ്റ്റർ ഇണ്ടന്തുരുത്തിനമ്പ്യാതിരി എന്നിങ്ങനെ രണ്ടു മഹാപുരുഷന്മാർ സർക്കാരിന്റേയും സവർണ്ണരുടേയും പ്രമാണികളായി ജീവിച്ചിരിക്കുന്ന കാലത്തോളം സത്യാഗ്രഹം കൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടായേക്കുമെന്നു ആരും ശങ്കിക്കേണ്ട. ആരാന്റെയും തല്ലുംഏറ്റും എത്രയെത്ര കൊണ്ടാലും പിന്നെയും പിന്നെയും "തല്ലിക്കോ തല്ലിക്കോ" എന്നു മുതുകു കാട്ടിക്കൊടുക്കുന്ന "സത്യാഗ്രഹ" സമ്പ്രദായം "സ്തുത്യർഹം സ്തുത്യർഹം" എന്നാരൊക്കെ സമ്മതിച്ചാലും ഉപദേശിച്ചാലും "അടിക്കു അടിയും ഇടിക്കു ഇടിയും" വച്ചു കൊടുക്കുന്ന പ്രായോഗികവിദ്യാവിദഗ്ദ്ധതകൊണ്ടല്ലാതെ ഒരിഞ്ചു സഞ്ചാര സ്വാതന്ത്ര്യംപോലും ലഭിക്കുവാൻ അസാദ്ധ്യമാണെന്നു ഒരസാദ്ധ്യപണ്ഡിതനും അഗാധബുദ്ധിമാനും ആയ "സഹോദരൻ" പത്രാധിപർ ശ്രീമാൻ അയ്യപ്പൻ (ബീ. ഏ.) അവർകൾ എത്രയോ മുൻകൂട്ടി പ്രസംഗിച്ചിട്ടുള്ളതു ശുദ്ധപരമാർത്ഥമാണെന്നുതന്നെ വിദൂഷകനുംകൂടി വിചാരിക്കുകയും തലകുലുക്കി വിശ്വസിക്കുകയും ചെയ്യുന്നു. മഹാത്മാവു ഒരു മഹാമഹാത്മാവും അധഃകൃതക്കാരുതേന്മാവും സ്വരാജ്യത്തിനു ഒരു പരമാത്മാവും ആണെന്നു ഞങ്ങൾ സമ്മതിക്കുന്നു. എങ്കിലും സഞ്ചാരസ്വാതന്ത്ര്യവിഷയത്തിൽ ഞങ്ങൾക്കുള്ള സ്വതന്ത്രാഭിപ്രായംകൂടി ഇങ്ങനെ പ്രസ്താവിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഇതൊന്നുംകൂടാതെ ഇതിന്നു വല്ല നിവൃത്തിമാർഗ്ഗവുമുണ്ടെങ്കിൽ അതു മഹാറാണിറീജന്റു തിരുമനസ്സിലെ തിരുവുള്ളംകൊണ്ടുണ്ടാവേണ്ടതായിട്ടാണിരിക്കുന്നതു. "സാധു! മഹാത്മജി ഇവിടംവരെ വന്നിരിക്കുന്നല്ലോ; ഇങ്ങനെയൊക്കെ യാചിക്കുകയും ചെയ്യുന്നല്ലോ" എന്നെങ്ങാൻ മനസ്സലിഞ്ഞു അനുകമ്പയും ആർദ്രതയും തോന്നി "ഇന്നുമുതൽ സകലർക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു" എന്നു തിരുമനസ്സുകൊണ്ടു അരുളിച്ചെയ്യുമെങ്കിൽ അതു മഹാത്മജിക്കു മാത്രമല്ല, മഹാറാണി തിരുമനസ്സിലേക്കു മാത്രമല്ല; അവർണ്ണർക്കും സവർണ്ണർക്കും എവർക്കും എന്നെന്നേക്കും ആനന്ദിക്കുകയും ആഘോഷിക്കുകയും ചെയ്യത്തക്ക ഒരു നിതാന്തസന്തോഷവൃത്താന്തമായി പരിണമിക്കുന്നതാണ്. ഈ സുവർണ്ണാവസരം തിരു

മനസ്സുകൊണ്ടു ഒരിക്കലും പാഴാക്കിക്കളകയില്ലെന്നു നമുക്കു ധാരാളം വിശ്വസിക്കാം. ഏതായാലും മഹാത്മജിക്കു മാൎഗ്ഗതടസ്സം ചെയ്യാതിരുന്നതിനും ആ മഹാത്മാവിനിവിടെ വേണ്ട സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചതിനും സൎവ്വോപരി മഹാത്മജിയെ അറെസ്റ്റുചെയ്യാതെ വിട്ടയയ്ക്കുന്നതിനുംകൂടി തിരു. ഗവൎമ്മെൻറിനെ സകലരും വാഴ്ത്തുകയും ശ്ലാഘിക്കുകയും അഭിനന്ദിക്കയുമൊക്കെ ചെയ്യുന്നു. ഗവൎമ്മെൻറിനു വിദൂഷകൻ അസംഖ്യം "ത്രീച്ചിയേഴ്സ്" വിളിക്കുകയുംകൂടി ചെയ്തുകൊള്ളുന്നു.

—o—

## "ഗുഡ്ബൈ"

—o—

വൎത്തമാനപത്രക്കാരിൽ ചിലർ മി. രാഘവയ്യാക്കും, മററു ചിലർ മി. കാട്ടനും, വേറേ ചിലരും മേല്പടി രണ്ടുകൂട്ടൎക്കും 'ഗുഡ്ബൈ' പറഞ്ഞുതുടങ്ങിയിരിക്കുന്നു. മി. രാഘവയ്യാ തിരുവിതാംകൂർ ദിവാൻപദം കയ്യേററിട്ടിപ്പോൾ അഞ്ചുകൊല്ലം തികയാറായിരിക്കുന്നതുകൊണ്ടു അദ്ദേഹത്തിന്റെ പേരു കേട്ടുകേട്ടു ജനങ്ങൾക്കു മുഷിഞ്ഞുതുടങ്ങിയിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. മി. കാട്ടനാണെങ്കിൽ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ വാസ്തവവൃത്താന്തങ്ങളെക്കൊണ്ടായാലും വ്യാജച്ചുരക്കുകളെക്കൊണ്ടായാലും ഒരു മഹാ 'പേരുകേട്ട' പുള്ളിയായി തീൎന്നിരിക്കുന്നു. ഈ രണ്ടു വിദ്വാന്മാരും അവരവരുടെ പ്രവൃത്തിപദ്ധതികളിൽ ബഹു യോഗ്യന്മാരും മഹാസരസന്മാരുമാണെന്നാണു് അവരുടെ ഇക്കാലംവരെയുള്ള നാനാവിധ പ്രവൃത്തികളാൽ ഞങ്ങൾ മനസ്സിലാക്കുന്നതു്. ഈ മഹാന്മാർ രണ്ടും ഉടനെ ഉദ്യോഗം വിട്ടു് സ്ഥലം മാറിപ്പോകുന്ന പക്ഷം അതിരാജ്യഭക്തക്കും രാജ്യഭരണത്തിനും വൎത്തമാനപത്രങ്ങൾക്കും കൂടി അപരിഹരണീയമായ മഹാനഷ്ടമായിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടു മി. രാഘവയ്യാ തന്നെ ദിവാൻജിയായും മി. കാട്ടൻ തന്നെ ഏജൻറായും ഇനിയും കുറേക്കാലം കൂടി തിരുവിതാംകൂറിനെ അലങ്കരിക്കുന്നതു എല്ലാംകൊണ്ടും വിചിത്രതരമായിരിക്കുമെന്നാണു് ഞങ്ങളുടെ വിനീതാഭിപ്രായം. രാജ്യഭരണത്തിനു ഒരു ഊൎജ്ജിതവും ഗൌരവവും പൊതുജനങ്ങൾക്കൊരു ഉണൎച്ചയും ഉന്മേഷവും വേണമെങ്കിൽ വിദ്യാൎത്ഥിവേട്ട, വൈക്കം സത്യാഗ്രഹം മുതലായവയെപ്പോലുള്ള വിനോദവും ഗൌരവവും കലൎന്ന ക്ഷോഭഹേതുകങ്ങളായ സംഭവങ്ങൾ അടിക്കടി രംഗത്തുണ്ടായിക്കൊണ്ടിരിക്കേണ്ടതാണു്. ഇത്തരം സംഭവങ്ങളുണ്ടാകുവാൻ വൈഷമ്യമുള്ള ഘട്ടങ്ങളിൽപോലും സ്വന്തകല്പനാശക്തിയും രാജ്യതന്ത്രജ്ഞതയും ഉപയോഗിച്ചു യാതൊരു വിഷമവും കൂടാതെ പൊതുജനശ്രദ്ധയെ ആകർഷിക്കുവാൻ മി. രാഘവയ്യായ്ക്കുള്ള പാടവം അസാമാന്യവും അനിതരസാധാരണവുമാണെന്നു് അദ്ദേഹത്തിന്റെ പരമശത്രുക്കൾ പോലും സമ്മതിക്കുന്നതാണു്. മാത്രമല്ല, ചെണ്ടയ്ക്കിണങ്ങിയ ചേങ്ങല എന്നപോലെ വൎത്തമാനപത്രങ്ങൾക്കു വേണ്ട ആഹാരത്തിനും സാധാരണക്കാൎക്കു തക്ക ആലോചനയ്ക്കും വക നൽകുവാൻ വേണ്ടുന്നതിലും വേണ്ടാത്തതിലുമൊക്കെ കൈകടത്തുന്ന മിസ്റ്റർ കാട്ടനും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണെന്നുള്ള സംഗതി സൎവ്വവിദിതമാകുന്നു. ആകയാൽ ഈ രണ്ടു മഹായോഗ്യന്മാൎക്കും ഇത്ര ധൃതിയിൽ തിരുവിതാംകൂറിൽനിന്നു ഗുഡ്ബൈ പറയുവാൻ ബദ്ധപ്പെടുന്ന ബുദ്ധിശൂന്യതയേയും ഭീരുത്വത്തേയും ഞങ്ങൾ ഭത്സിക്കുകതന്നെ ചെയ്യുന്നു. എന്തുതന്നെയായാലും മി. രാഘവയ്യാ തന്നെ ഇനിയും ഭരിച്ചോട്ടെ. എന്തുതന്നെയായാലും മി. കാട്ടൻകൂടി ഇരുന്നോട്ടെ. ഈ രണ്ടു രാജ്യഭരണവിദഗ്ദ്ധന്മാൎക്കും തക്ക സമ്മാനം വാങ്ങുവാൻ ചുണയുണ്ടെങ്കിൽ വാങ്ങിക്കോട്ടെ. കൊടുക്കാൻ ആളുണ്ടെങ്കിൽ കൊടുത്തോട്ടെ. അതുവരെ രാഘവയ്യാകീജയ്, കാട്ടൻകീജയ്, എന്നുതന്നെ എല്ലാവരും ഘോഷിച്ചോട്ടെ.

—o—

## 'അഞ്ചൽപ്പുരാതിറാവു്'

—*—

അഞ്ചൽസൂപ്രണ്ടു് മി. വെങ്കിട്ടറാവുവിന്റെ പേരുമാററി 'അഞ്ചൽപ്പുരാതിറാവു്' എന്നു വിളിക്കത്തക്കവണ്ണം അത്രവളരെ അഞ്ചൽപ്പുരാതി അദ്ദേഹം സൂപ്രണ്ടായിവന്നതിൽ പിറകുണ്ടായിട്ടുണ്ടു്. ഇവിടത്തെ ഒരു പഴയ ദിവാൻജിയുടെ മകനാണെന്നുള്ള വാത്സല്യംകൊണ്ടായിരിക്കാം ഗവൎമ്മെൻറിന്റെ ഒരു ഓമനക്കുട്ടനായി ഈ വിദ്വാനെ ഇപ്പോഴും ഈ ഉദ്യോഗത്തിൽതന്നെ മി. രാഘവയ്യാ വച്ചുകൊണ്ടിരിക്കുന്നതു്. മററുവല്ലവരുടേയും പേരിലാണു് ഇത്ര വളരെപ്പുരാതികൾ കേട്ടിരുന്നതെങ്കിൽ മി. രാഘവയ്യാ അവരെ ഇതിനു മുമ്പേതന്നെ തിരുവനന്തപുരം പട്ടണത്തിലെ ഓടയിലെങ്ങാൻ വലിച്ചെറിയുമായിരുന്നു. ഈ മി. റാവുവിന്റെ ശേഷിക്കുറവുകൊണ്ടു വൎത്തമാനപത്രക്കാൎക്കു സാരമായ നഷ്ടവും ഉപദ്രവവും സഹിക്കേണ്ടിവരുന്നതു്, അവർ വിളിച്ചുപറയുമ്പോൾ സ്വന്തന്യൂനതയെ പരിഹരിക്കുവാൻ ശ്രമി

കുന്നതിനേക്കാൾ ഈ വിദ്വാൻ അവരുടെനേർക്ക് ദ്വേഷവും വിരോധവും പ്രകടിപ്പിക്കുവാൻ സാഹസപ്പെടുന്നതായിട്ടാണ് കണ്ടിട്ടുള്ളതു്. വർത്തമാനപ്പത്രവംശത്തിലുള്ള ഒരൊററ ആളെങ്കിലും ഈ മി. റാവുവിന്റെ സാമർത്ഥ്യത്തെപ്പററി വാഴ്ത്തുന്നുണ്ടെങ്കിൽ അദ്ദേഹം മഹാ മഹാ സമർത്ഥനെന്നുതന്നെ ഞങ്ങളും പുകഴ്ത്തിക്കൊള്ളാമായിരുന്നു. ഇതിനിടെ എല്ലാ വർത്തമാനപ്പത്രങ്ങളിലും തന്നേയും തന്റെ സാമർത്ഥ്യത്തേയും പററിയുള്ള വർത്തമാനങ്ങൾ കണ്ടുകണ്ടു കുപിതനായ ഈ മി. റാവു അവരുടെനേർക്കു പകവീട്ടാനായി ഒരു രാമബാണം വലിച്ചുനീട്ടിവിട്ടിരിക്കുന്നതു എത്രയും വിശേഷമായിരിക്കുന്നു! ഇദ്ദേഹം പുതുതായി കണ്ടുപിടിച്ചു നടപ്പാക്കിയിരിക്കുന്ന വീ. പീ. രജിസ്ത്രേഷനേർപ്പാടുകൊണ്ടു വർത്തമാനപ്പത്രക്കാരെ കുറേക്കൂടി ദ്രോഹിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്യാമെന്നല്ലാതെ മററു വിധത്തിൽ പറയത്തക്ക യാതൊരു പ്രയോജനവുമില്ലെന്നു തലച്ചോറുള്ളവർക്കൊക്കെ മനസ്സിലാക്കാവുന്നതാണ്. പക്ഷേ അക്കാര്യം ഈ മി. റാവുവിനുമാത്രം മനസ്സിലാവാഞ്ഞതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നില്ല. ഈ ജന്മത്തു ഇനി അദ്ദേഹം അതു മനസ്സിലാക്കിക്കൊള്ളുമെന്നു വിചാരിക്കുവാനും നിവൃത്തിയില്ല. തന്റെ പരമശത്രുക്കളായ വർത്തമാനപ്പത്രക്കാരുടെ ഗളച്ഛേദംചെയ്യുവാൻ തനിക്കു സാധിച്ചുവെന്നു കൃതാർത്ഥതയെങ്കിലും വി. പീ. രജിസ്ത്രേഷൻകൊണ്ടു മി. റാവുവിനുണ്ടായിക്കോട്ടെ. എന്തായാലും പത്രപ്രതിനിധികൾ ഒത്തൊരുമിച്ചു മി. റാവു നടപ്പാക്കിയിരിക്കുന്ന പ്രസ്തുത വീ. പീ. രജിസ്ത്രേഷന്റെ അസംബന്ധത്തെ മാത്രമല്ല, ആ നിയമത്തിന്റെ സൃഷ്ടികർത്താവിനെ അഞ്ചൽസൂപ്രണ്ടായി വച്ചുകൊണ്ടിരിക്കുന്ന അസംബന്ധത്തെക്കൂടി മി. രാഘവയ്യായെ ബോദ്ധ്യപ്പെടുത്തുവാനും, ഈ അഞ്ചൽപ്പുരാതിരാവുവിനെ അഞ്ചൽവകുപ്പിൽനിന്നു ഉടനടി നാടുകടത്തുവാനുംകൂടി വേണ്ട പരിശ്രമം ചെയ്യാതിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

## "ബലേബ്ബലേ"

—):o:(—

ആരെല്ലാമെങ്ങിനെയെല്ലാമാക്ഷേപിച്ചാലും മിത്രദായസമുദായപ്രസിദ്ധന്മാരും കൌ: മെംബറുമായ ശ്രീപരമേശ്വരനെപ്പോലെ അഭിപ്രായധൈര്യവും വീര്യവുമുള്ള ഒരു രസികാഗ്രഗണ്യൻ ഈഴവസമുദായത്തിലില്ലെന്നു തീർച്ചതന്നെ. പാശ്ചാത്യവിദ്യാഭ്യാസികളും പരിഷ്കാരികളുമായ പുത്തൻകൂററുകാരൊട്ടുക്കു 'മക്കത്തായം' 'മക്കത്തായ'മെന്നെത്ര ബഹളം കൂട്ടിയിട്ടും അതൊന്നും തെല്ലോളം പുല്ലോളം ഗണ്യമാക്കാതെ സ്വാഭിപ്രായം സ്ഥാപിക്കുവാൻ അക്ഷീണപരിശ്രമംചെയ്തു, കൌൺസിലനകത്തും വെളിക്കും ആദ്യവസാനം മിത്രദായത്തിനുവേണ്ടി പൊടിപൊടിച്ചു പോരാടിയ ഈ മഹാരഥന്, മുട്ടിയപക്ഷം പുരാണവസ്തു സംരക്ഷണഡിപ്പാർട്ടുമെന്റിലെ അദ്ധ്യക്ഷസ്ഥാനമെങ്കിലും കൊടുക്കാതെ മി. രാഘവയ്യാ ഉദ്യോഗമൊഴിഞ്ഞു പൊയ്ക്കളയുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. മക്കത്തായവും ആളോഹരിയുമാണ് ഒന്നാംതരമെന്നു മക്കത്തായപക്ഷപാതികളോടു അനേകം തവണ അരുളിച്ചെയ്തിട്ടുള്ള "ശ്രീനാരായണഗുരുസ്വാമിതൃപ്പാദങ്ങൾപോലും" ശ്രീപരമേശ്വരസാന്നിദ്ധ്യത്തിൽ സ്വാഭിപ്രായംമാററി "മിത്രദായമാണ് ഒന്നാംക്ലാസ്സ്"എന്നു ഒരൊററവാചകത്തിൽ അഭിപ്രായം രേഖപ്പെടുത്തിക്കൊടുക്കുക മാത്രമല്ല സ്വന്തം പ്രതിപുരുഷനെ അയച്ചു അധികൃതസമക്ഷം അതിനു സാക്ഷിപറയിക്കുകയുംകൂടി ചെയ്തിട്ടുള്ളതോർക്കുമ്പോൾ കൌ: മെംബർ ശ്രീപരമേശ്വരന്റെ സ്വാധീനശക്തിയെപ്പററി ഞങ്ങളശേഷം സംശയിക്കുന്നില്ല. മാത്രമല്ല, റിട്ടയാർഡ് ജസ്റ്റീസ് കേ. ജീ. ശേഷയ്യരവർകളുടെ അദ്ധ്യക്ഷതയിൽ തിരു. ജൂബിലിഹാളിൽവച്ചുതന്നെ നടത്തപ്പെട്ട മിത്രദായസമുദായ മഹാവാർഷികയോഗത്തോടുകൂടി മിത്രദായശക്തിയേയും ശ്രീപരമേശ്വരശക്തിയേയും പററി ഗവമ്മേൻറിനും മററുള്ളവർക്കുമുണ്ടായിരുന്ന സർവ്വസംശയങ്ങളും അസ്തമിച്ചിരിക്കാനാണിടയുള്ളതെന്നാത്രേ ഞങ്ങളും വിശ്വസിക്കുന്നതു്. കൂടാതെ, ഇക്കഴിഞ്ഞ കൌൺസിൽയോഗത്തിൽ പ്രക്ഷോഭജനകമായ വാദപ്രതിവാദത്തിനിടയാക്കിയ സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തോടു പ്രതികൂലനിലയിൽ വർത്തിച്ച മി. പരമേശ്വരന്റെ പ്രവൃത്തിവിശേഷത്തെപ്പററി പലർക്കും പല തെററിദ്ധാരണകൾക്കുമിടയായിട്ടുണ്ടെങ്കിലും സഞ്ചാരസ്വാതന്ത്ര്യത്തെ ബലികഴിച്ചിട്ടായാലും, സർക്കാരു സഹായത്തെ സമാശ്രയിച്ചിട്ടായാലും മിത്രദായസ്വാതന്ത്ര്യത്തെ പരിപാലിക്കണമെന്നുള്ള പരിപാവനോദ്ദേശത്തെ മാത്രം ലാക്കാക്കിയുള്ള ആ അഭിപ്രായധൈര്യത്തെ അഭിപ്രായധൈര്യമെന്നു അഭിനന്ദിക്കുന്നവർ അഭിനന്ദിക്കാതിരിക്കുന്നതല്ല. എന്തെങ്കിലും മൂന്നാംവായന കഴിഞ്ഞിരിക്കുന്ന ഈഴവബില്ലിൽ മിത്രദായപ്രധാനമായ ഭേദഗതികൾ ഇനിയുമിനിയും വരുത്തിക്കളയാമെന്നുള്ള വ്യാമോഹം സ്ഥാനത്തിലോ അസ്ഥാനത്തിലോ മൌഢ്യത്തിലോ വിദഗ്ദ്ധതയിലോ കലാശിക്കുന്നതെന്നു ഞങ്ങൾക്കു നിശ്ചയമില്ലെങ്കിലും സ്വന്ത കാര്യസാദ്ധ്യത്തിനുവേണ്ടി എന്തുവിധസ്വാ

ത്മത്യാഗവും വേണ്ടിവന്നാൽ സമുദായത്യാഗവുംകൂടിചെയ്യാൻ യാതൊരു കലുഷവും കുസലുമില്ലാത്ത ശ്രീപരമേശ്വരന്റെ സ്ഥിരോത്സാഹത്തിലും അശ്രാന്തപരിശ്രമത്തിലും അക്ഷന്തവ്യമായ ആ അവസാന ക്രിയയിലുംകൂടി "മിശ്രദായം മിശ്രദായം" എന്നതന്നെ സർവ്വത്ര രേഖപ്പെട്ടതിയിരുന്ന സ്ഥിതിക്കു ഗവമ്മേർറിന്റെ കൃതജ്ഞതാപ്രകടനമോ കൃതഘ്നതാപ്രദർശനമോ എന്താണ് ദ്രോഹത്തിനു പ്രതിഫലമായി ഗവമ്മേൻറു സമ്മാനിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ ഗവമ്മേൻറിനി എത്രതന്നെ പരിശ്രമിച്ചാലും ഈഴവസമുദായത്തിൽനിന്നോ മറ്റേതെങ്കിലും സമുദായങ്ങളിൽനിന്നോ ഇതുപോലെ ഏതു വിഷയത്തിലും എപ്പോഴും എന്തിനും കൌൺസിലിനകത്തു ഗവമ്മേൻറിനൊരു താങ്ങായും തുണയായും സഹായമായും, ആയുധമായും, അക്ഷോഭ്യമായും അചഞ്ചലമായും ഹൃദയപൂർവ്വമായി ഗവമ്മേൻറിനോടൊത്തു സഹകരിക്കുവാൻ ശ്രീപരമേശ്വരനു തുല്യമായി ശ്രീപരമേശ്വരനെയല്ലാതെ മറ്റാരെയും ലഭിക്കുന്നതല്ലെന്നു ഞങ്ങൾക്കു നിശ്ചയമുണ്ട്. ഗവമ്മേൻറിനും നിശ്ചയമുണ്ട്. ആകയാൽ ഈഴവറെപ്രെസേഷനെ ഭസ്മീകരിക്കാനൊരുമ്പെട്ട മഹായോഗത്തിൽ മിശ്രദായപ്പക്ഷത്തിലേക്കു ഭൂരിപക്ഷം 'വോട്ട്' സമ്പാദിച്ച മഹാവീരനും 'മിശ്ര' പ്പെട്ട മററു ദായങ്ങളേക്കാൾ മെച്ചപ്പെട്ടതു മിശ്രദായമാണെന്നു ഈഴവകുലഗുരുവായ ശ്രീനാരായണഗുരുസ്വാമികളെക്കൊണ്ടു പോലും എത്രപക്ഷം ബഹുമാനത്തോടുകൂടി പറയുന്ന പക്ഷം മരൊററവാദംകത്തിൽ സമ്മതിപ്പിച്ച മഹാവിദ്വാനും, സവർണ്ണസഞ്ചാരസ്വാതന്ത്ര്യ സൌഖ്യത്തിനുവേണ്ടി സ്വസമുദായ സഞ്ചാരസ്വാതന്ത്ര്യം മാത്രമല്ല, സ്വസഞ്ചാരസ്വാതന്ത്ര്യവുംകൂടി ബലികഴിക്കുവാൻ സന്നദ്ധനായ മഹാത്യാഗിയും മററും മററും ആയ കൌ: മെമ്പർ ശ്രീപരമേശ്വരന്റെ "വൈഭവം ചിത്രം! ചിത്രം!! എന്നു തലകുലുക്കി സമ്മതിക്കുന്നതോടുകൂടി മേല്പടി ശ്രീമാന്റെ അശ്രാന്തപരിശ്രമങ്ങൾക്കു വിദൂഷകൻ ബലേ ഭേഷ് പറഞ്ഞുകൊള്ളുന്നു.

## ശുദ്ധമേവെട!

ഈയ്യിടെ ഇന്ത്യാരാജ്യം സന്ദർശിക്കുവാനായി ബാംബേയിൽ വന്നിറങ്ങിയ അമേരിക്കൻ സഞ്ചാരസംഘത്തിലുള്ള കോടീശ്വരന്മാരിലൊരാൾ "തിരുവിതാംകൂർ രാജ്യം വിലയ്ക്കു കൊടുക്കുമോ?" എന്നു ബ്രി. ഗവമ്മേൻറിനോടു എഴുതി ചോദിച്ചിരിക്കുന്നതായി കേൾക്കുന്നു.

ഇക്കഴിഞ്ഞ പിരിച്ചുവിട്ട നി. നി. സഭയിലെ കൊല്ലം പ്രതിനിധിയായിരുന്ന മി ശങ്കരമേനവൻ മുതലായി ചില കൌ. മെംബറന്മാർ കൌ. ഹാളിൽ തീരെ അമാന്തക്കാരായി പെരുമാറിയിരുന്നതിലുള്ള രഹസ്യം അവർ അട്ടത്തകാലത്തു 'മണ്ടോവെ ദ്' ത്തിൽ ചേർന്നതിനാലാണെന്നു ഒരു മിണ്ടാവേദശാസ്ത്രജ്ഞൻ രഹസ്യമായി പ്രസ്താവിച്ചിരിക്കുന്നു.

* *

സാമ്രാജ്യപ്രദർശനവുംകഴിഞ്ഞു് ഇവിടെ മടങ്ങിഎത്തിയ ഡാക്ടർ കുഞ്ഞൻപിള്ള നമ്മുടെ തേക്കുതടികളിൽനിന്നു് ഒന്നാംതരം പട്ടുണ്ടാക്കി എടുക്കുവാൻ സാധിക്കുന്നതാണെന്നു പ്രസംഗിച്ചിരിക്കുന്നതിന്റെ പരീക്ഷയ്ക്കായി ഗവമ്മേൻറിൽനിന്നും ഡാക്ടർ പിള്ളയെവരുത്തി കുറെ തടികളും ഏല്പിച്ചു ഉടനെതന്നെ സാമ്പിൾപ്പട്ടുണ്ടാക്കിക്കാണിക്കുവാൻ ആജ്ഞാപിക്കേണ്ടതാണെന്നു ചിലർ ഗവർന്മേൻറിലേക്കെഴുതിയിരിക്കുന്നു.

* *

മിശ്രദായസമുദായ പ്രസിഡണ്ടും കൌൺസിൽമെംബറുമായ ശ്രീപരമേശ്വരനു മിശ്രദായഭ്രമം തുടങ്ങിയതു ഏതാനുംകൊല്ലംമുമ്പു് തട്ടിൻപുറത്തുനിന്നും പൊടിഞ്ഞുനശിക്കാറായ ഒരു താളിയോലഗ്രന്ഥം കണ്ടുകിട്ടിയതിൽ പിറകാണെന്നും അതിൽ "മിശ്രഭോഗം, മിശ്രപാനം മിശ്രദായം മനുഷ്യന്" എന്നുംമററും എഴുതിട്ടുണ്ടായിരുന്നുവെന്നും ഒരു മിശ്രദായഭക്തൻ പ്രസ്താവിച്ചതായി ഒരു പത്രലേഖകൻ റിപ്പോർട്ടുചെയ്തിരിക്കുന്നു.

* *

സംഭാഷണസാമർത്ഥ്യമില്ലാത്ത വക്കീലന്മാരുടെ സൌകര്യത്തിനു വേണ്ടി തിരുവനന്തപുരത്തൊരു കഥകളിക്ലാസ്സ് സവേക്ലാസുപോലെ ഏർപ്പെടുത്തി അതിൽ മജിസ്ട്രേട്ടന്മാർ, മുൻസിപ്പന്മാർ, ജഡ്ജിമാർ മുതലായവരെ മാറിമാറി മുമ്മൂന്നുമാസത്തെ പരിശീലനത്തിനയച്ചു് ആംഗ്യഭാഷകൂടി പഠിപ്പിച്ചുവരുത്തേണ്ടതാണെന്നു അഭിപ്രായമുള്ള ഒരു നാക്കില്ലാവക്കീൽ ഈ വിവരത്തിനൊരു മെമ്മോറിയലോടുകൂടി തലസ്ഥാനത്തേക്കു തിരിച്ചിരിക്കുന്നു.

* *

നഗരസഭാപ്രസിഡണ്ടുദ്യോഗം വേണമെന്നുള്ളവർ കുറഞ്ഞാലും ഒരു പതിനായിരം ഉറുപ്പികയിൽ കുറയാത്ത പല വിധത്തിലുള്ള സഹായങ്ങൾ പല മെംബറന്മാൎക്കും ചെയ്തുകൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചിലപ്പോൾ ചിലൎക്കു വേണ്ടി പ്രമാണമെഴുതിക്കൊടുക്കുകയും കൈക്കൂടി ചെയ്താലല്ലാതെ സ്ഥാനലബ്ധിയുണ്ടാവുന്ന കാര്യം വിഷമമാണെന്നു ഈയ്യിടെ ഒരനുഭവസ്ഥൻ കണക്കുകൂട്ടിപ്പറഞ്ഞിരിക്കുന്നു.




വി. പി. രജിസ്ത്രേഷൻ കത്തിരിപ്രയോഗം വൎത്തമാനപ്പത്രങ്ങളുച്ഛേദം ചെയ്യുവാൻ
സൂപ്രേണ്ടു മി. വെങ്കിട്ടറാവു കണ്ടുപിടിച്ച 'സൂത്രമത്രേ'.

## ഒരു മദിരാസക്തന്റെ സ്വപ്നം

(ബി. വി.)

(പാനമട്ട്)

നാലുപാട്ടും മനുഷ്യരുറങ്ങുന്നു,
ഈച്ചപോലും പറക്കാതിരിക്കുന്നു,
ഈനഗരത്തിൽ നിന്നുതപം ചെയ്യും
കെട്ടിടങ്ങളിൽ പററിപ്പിടിച്ചുപോയ്
ആകാശത്തിലങ്ങിങ്ങുപരക്കട്ടെ
നാംമയക്കം ചെറുതാരകങ്ങൾമേൽ
മൂടിയും തെല്ലുമാറിയും മൂടിയും
ക്രൂരിരുട്ടുകളിയാടിടുന്നു ഹാ!
പട്ടണത്തിൽ നിരന്നു നിന്നീടുമി
ക്കെട്ടിടങ്ങൾക്കകത്തു വസിക്കുന്ന
പണ്ഡിതന്മാർകിനാവു കണ്ടങ്ങനെ
പേപുലമ്പുന്ന കൂർക്കം വലിക്കുന്നു.
താർമഷിപോൽ വഴിയുമിരുട്ടിലാ
റോട്ടിലന്നിവൻ നിശ്ചയം നിന്നുപോയ്
ഞാനെന്നുള്ള ഭയവും മറന്നുവോ!
നിവികല്പം കിറുക്കുപിടിച്ചുവോ!!

..............................

നാലുപാട്ടും മനുഷ്യരുണരുന്നു
ഈച്ചകളെച്ചിൽ തേടിപ്പറക്കയായ്
ക്രൂരിരുട്ടാംകയിൽ പ്പേനകൊണ്ടിതാ
ഭൂപടം നിശ നിമ്മിപ്പു മഞ്ജുളം!
വിസ്കിചാരായമെന്തോ കടന്നപോൽ
ജീവനാഡിതുടിച്ചു പൊന്തുന്നുമേ.
ഭൂമിയിപ്പൊഴുതെന്തോ പിളരുന്നു
നാരകവക്ത്രഗഹ്വരം നൂതനം!
പൂതിഗന്ധമതെന്തോ പരക്കുന്നു
ഘോരരൂപങ്ങൾ പൊങ്ങുന്നതായിതാ.
മേചകവർണ്ണർ ക്രൂരസ്വരൂപികൾ
രൂക്ഷദംഷ്ട്രകരാളഗജമുഖർ
എന്റെചുററും വലം വച്ചു ഭൂതങ്ങൾ
പല്ലിളിച്ചു ചിരിച്ചാത്തുകൂകിനാർ
ജീവരാശികൾ സുപ്തിവിലീനങ്ങൾ
അച്ചിരികേട്ടു ഞെട്ടിവിറച്ചുപോയ്
ജംബുകഗണമോരിയിട്ടും പോലെ
സന്നിപാതജ്വരത്തിലെയെന്നപോൽ
വയ്യുന്നേരത്തു കാററാടിക്കൊമ്പിന്മേൽ
വാവലിൻ കൂട്ടമാകുന്നപോലെയോ
വെമ്പലാൽ പേപുലമ്പിത്തുടങ്ങിനേൻ
കാളികൂളികൾ തൻരവമൊത്തു ഞാൻ
കൺമിഴിച്ചിപ്പൊളുന്നിദ്രനായിട്ടും
മത്തുവിട്ടില പേയൊഴിഞ്ഞീലഹാ!

## മാരാരുടെ മഞ്ജരി.

—):o:(—

(എം. ആർ.)

കവിതിലകൻ മാരാരുടെ മംഗളശ്ലോകങ്ങൾ പോലും സഹൃദയഹൃദയാഹ്ലാദപ്രദങ്ങളാണെന്നു സകല സാഹിത്യരസികന്മാരും തലകുലുക്കി സമ്മതിക്കുന്നു. വള്ളത്തോളിന്റെ രചനാപാടവവും ഉള്ളൂരിന്റെ അലങ്കാര രസികത്വവും കേരള കാളിദാസന്റെ ശയ്യാഗുണവും കുമാരനാശാന്റെ വർണ്ണനാനൈപുണിയും കൂടി സമ്മേളിച്ച് മാരാരുടെ സ്വതസിദ്ധമായുള്ള കല്പനാശക്തിയോടു ചേന്നപ്പോൾ കവിതിലകൻ മാരാരെ കവിചക്രവത്തിമാരാരായി അഭിഷേകം ചെയ്യുവാൻ പോലും സാഹിത്യനായകന്മാർ കോപ്പുകൂട്ടിയതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല തന്നെ. ഈ മഹാകവി അടുത്ത കാലത്തു പ്രസിദ്ധീകരിച്ച രണ്ടു മംഗളശ്ലോകങ്ങൾ നോക്കുക.

മംഗളശ്ലോകങ്ങൾ

രാമാവംശകിരീടമാനിലകുലക്ഷീരാബ്ധി
മദ്ധ്യോല്ലസൽ
സീമാസേതു, വിശാലമേധസമതാ
സൌമ്യാ രമാമാതൃകാ
സാമാന്യേതരമൊമ്പതും ദ്വിദശവും
ജന്മർക്ഷമാന്നവിള
ഭ്രാമാബ്ദത്തിനു ദക്ഷിതാവിലസതാം
സമ്പദ്യശോസമ്മിതാ.
നീലാനീലാക്ഷിമുക്താമലജലജകടാക്ഷാ
വിലശ്രീവിലാസ
ത്താലാലീലാവിലാസോൽസുകലലനകുലോ
ത്ഭാസികേധീസമൃദ്ധ്യൈ!

---

### വിദൂഷകബന്ധുക്കളോട്.

വിദൂഷകൻ മേലാൽ യാതൊരു വിധത്തിലുള്ള കാലതാമസത്തിനും ഇടയാക്കാതെ എല്ലാ മാസത്തിലും മുപ്പതാം തീയതിക്കകം കണിശമായും കൃത്യമായും പ്രസിദ്ധീകരിക്കുന്നതിനു വേണ്ട സകല ഏപ്പാടുകളും ചെയ്തിരിക്കുന്ന വിവരം എല്ലാ വിദൂഷകബന്ധുക്കളെയും അറിയിച്ചു കൊള്ളുന്നു. അഞ്ചൽ തകരാറുമൂലമോ മററു വിധത്തിലോ മാസിക കിട്ടാതെ ഉപദ്രവപ്പെടുന്നവർ അതിനെ സംബന്ധിച്ചുള്ള സകല പരാതികളും വിദൂഷകൻ പുറപ്പെട്ടു കഴിഞ്ഞാൽ ഒരാഴ്ചക്കകം ആപ്പീസിലെത്തത്തക്കവണ്ണം അയയ്ക്കുവാനും പരാതിക്കത്തുകളിൽ അവരവരുടെ രജിസ്റ്റർ നമ്പർ കൂടി കാണിക്കുവാനും എല്ലാ പത്രസഖാക്കളോടും അപേക്ഷിക്കുകയും കൂടി ചെയ്തുകൊള്ളുന്നു.

മാനേജർ.



വൎത്തമാനപ്പത്രക്കാർ മി. രാഘവയ്യായും മി. കാട്ടനുംകൂടി
'ഗുഡ്‌ബൈ' പറഞ്ഞുതുടങ്ങിയിരിക്കുന്നുവത്രേ.

വേലാജാലം ജലത്തിൽധരണിയെവില
യിപ്പിച്ചിട്ടും കാലഃമളം
നാലാമ്നായത്തിന്നൂനായ് നലമൊട്ടു
'മലയാളത്തെ' രക്ഷിച്ചിടേണം. വ

മാരാരുടെ കവിത അദ്വിതീയവും അനനുകരണീയവുമാണെന്നുള്ളതിനു ഇതിനിടെ ആ മഹാകവി പ്രസിദ്ധീകരിച്ച 'സ്വപ്നം' തന്നെ സാക്ഷി നിൽക്കുന്നതാണല്ലോ. സ്വപ്നത്തിലെ പല ഭാഗങ്ങളും വായിച്ചുകേട്ട പണ്ഡിതന്മാർ ശ്രീമാരാരുടെ അപ്രതിഹതമായ പ്രതിഭാവിലാസത്തേയും അനിതരസാധാരണമായ കല്പനാവൈചിത്ര്യത്തെയും പററി ഘോഷിക്കുകതന്നെ ചെയ്യുന്നു. ആ കൃതിയിലെ ചില ഭാഗങ്ങളിതാ:—

ഒരു സ്വപ്നം.

നാലുഭാഗത്തും നായ്ക്കൾ കരയുന്ന
ആലിലപോലെയാട്ടുന്നാറീട്ടുകൾ
കോമളമായ വണ്ടികൾപിന്നാലെ
ലീലയാ നിങ്ങ ചഞ്ചാടിയാട്ടുന്ന
ചേലിയലമപ്പൊന്നൊളിരേണ്ടറിൽ
സാവകാശം അണഞ്ഞതിമഞ്ജുളം
ത്തുനിലാവിതാ ചേന്ന പുൽകുന്നഹോ.
പാതതന്നുടെയന്തികത്തിങ്കലായ്
അങ്ങിങ്ങുനിർ കെട്ടിക്കിടന്നിട്ടും
ഓടയത്കാഴ്ചകണ്ടു കണ്ടങ്ങിനെ
പാടയൊത്തുള്ളുകണ്ണുനീർത്തുള്ളികൾ.
കാട്ടുപോലെയിരുളുന്ന സന്ധ്യയി-
ലോടയിലിവൻ ചഞ്ചലംവീണുപോയ്.
സ്പഷ്ടഭേദങ്ങൾഒക്കെമറന്നൊരാ
സൃഷ്ടിസങ്കല്പസായൂജ്യമന്നൊരൊ?
.........................................
.........................................

നാലുപാട്ടുമക്കൂരിരുളേറുന്നു
ലീലാഹർമ്മ്യമരക്കണ്ണടക്കയായ്
കൂരിരുൾപുതപ്പൊട്ടുനിവർത്തിയി
പാരിടംമുഖംമൂടുന്നു മഞ്ജുളം
ദിവ്യചൈതന്യശക്തിയിൽ ചേന്നപോൽ
ജീവനാഡിതുടിപ്പടങ്ങുന്നുമേ.
പാരിൽമേലിലെന്തെന്തേ പരക്കുന്നു!
കാർവളരെളിക്കൂരിരുൾനൃത്തനം.
ദിവ്യശബ്ദങ്ങളെന്തോവിളിക്കുന്നു
ദിവ്യരൂപങ്ങൾ ചൂഴുന്നിതേയിതേ-
ലീനദേഹികൾ നാദസ്വരൂപങ്ങൾ
ഗാനലാവണ്യസാരപ്പറവകൾ
ചുററിനുംവലം വെച്ചുവാച്ചെന്റമേൽ
പറട്ടുന്നു, കടിക്കുന്നു, മോഹനം.
തെല്ലുമാത്രംവികസിത ജന്നാലി
നല്ലുസൽക്കളിർനീരുചൊരിയുന്നു.
വെണ്ണിലത്തുകിടക്കുന്നമീൻപോലെ
വാനിലേറുന്ന പൂങ്കോഴിയെന്നപോല
കെട്ടിനില്ക്കുംകുളിർച്ചളിവെള്ളത്തിൽ
പെട്ടിഴയുന്നകണ്ണട്ടപോലെയും
മേലിലാകെപ്പുലത്തും പുരണ്ടുഞാൻ
ചേലിയന്നുപുളച്ചിളകീടിനേൻ
നല്ലൊരാനന്ദസാഗരവീചിപോൽ
തെല്ലെഴീക്കുന്നു വീഴുന്നിതെന്തുഹാ.

മാരാരുടെ ഈ സ്വപ്നം അതെഴുതിവിട്ട കാലത്തു പലരേയും പല തരത്തിൽ വിഭ്രമിപ്പിച്ചിരുന്നു. ഏതായാലും അതിനെപ്പററിയുള്ള ഒരു ദീർഘ കഥാപ്രസംഗം ഇവിടെ അപ്രകൃതവും അനാവശ്യവുമാകയാൽ അക്കഥ വിട്ടുകളഞ്ഞേക്കാം. ശ്രീമാരാരു ഒട്ടും തന്നെ കവിയശഃപ്രാർത്ഥിയല്ലാതിരുന്നതിനാൽ പലപ്പോഴും അദ്ദേഹത്തിന്റെ പട്ടുതലിനോടു അദ്ദേഹത്തിനു വാഴനാരു കൂട്ടിക്കെട്ടേണ്ടതായി വന്നിട്ടുണ്ടു്. അതിഗംഭീരങ്ങളായ വിഷയങ്ങളെപ്പററി ബഹു രമണീയമായി കവിത ചമച്ചു ആരേയും ആനന്ദതുന്ദിലരാക്കുവാൻ കഴിവുള്ള മാരാരുടെ തൂലികയ്ക്കു തന്നെ ചിലപ്പോൾ നിസ്സാരകാര്യങ്ങളെപ്പററി വെറും 'നൊസ്സായി' ട്ടെഴുതിക്കളയുവാനും യാതൊരു മടിയുമുണ്ടായിരുന്നില്ല. നോക്കുക. 'പുകച്ച മലയാളി'യെ ആസ്പദമാക്കി ഒരു 'മികച്ചകവി' എന്ന കള്ളപ്പേരിൽ പത്രത്തിലേക്കയയ്ക്കുവാൻ ചൊല്ലിക്കൊടുത്ത മാരാരുടെഒരു ശീഘ്രകവിത പ്രസിദ്ധീകരണാർഹമല്ലെങ്കിലും ഇപ്പോൾ വേണ്ടതിലധികം കപ്രസിദ്ധിയെ സമാർജ്ജിച്ചിരിക്കുകയാകുന്നു. ശ്ലോകങ്ങൾ 'ബലേഭേഷാ' യിട്ടില്ലെങ്കിലും താഴെ ചേക്കാം.

-----

സ്ഥാനാർത്ഥി വക്കീൽ:—(സ്നേഹിതൻവക്കീലിനോടു) സ്നേഹിതാ, അടുത്ത തെരഞ്ഞെടുപ്പിൽ നമുക്കു വിജയം കിട്ടാനെന്താണു മാർഗ്ഗം?

സ്നേഹിതൻ:—എന്തിനാണു സംശയിക്കുന്നതു? നിങ്ങടെ എതിരാളി അധഃകൃതബന്ധുവായി പ്രസംഗിച്ചു നടക്കുന്നതല്ലേ ഉള്ളു. നിങ്ങളൊന്നു പ്രവർത്തിച്ചു കാണിക്കണം. എന്നാലേ കാര്യം പററൂ.

സ്ഥാനാർത്ഥി:—എന്തു പ്രവർത്തിക്കാനാണു?

സ്നേഹിതൻ:—മകളെ ഒന്നിനെ.....,..............

..............................................

സ്ഥാനാർത്ഥി:—അയ്യോ!

സ്നേഹിതൻ:—എന്നാൽ നിങ്ങടെ തെരഞ്ഞെടുപ്പും അയ്യോ തന്നെ.

### ഒരു പുകച്ചു പാത്രം

൧. ആരാമബന്ധുത നിനച്ചു തികഞ്ഞ ഗാഢം-
പാരം കലർന്ന മലയാളി വൃഥാ പുകച്ചു!
ഹാ! രാത്രി പത്രനിരതന്നിൽ നിരന്ന മഞ്ജു
ഗീരാന്ന കീരനിരയെത്ര നശിച്ചുപോയി.
൨. ആരാമഹൃത്തടി നഴകൊത്തു വരിച്ച മാധവീ-
സാരസ്വനം ചൊരിയുമാപ്പിക സംകടത്തെ
ആരാലറിഞ്ഞു മലയാളി ക്രുധാ മുടിച്ചു-
മാരാമരക്ഷയധിനാഥർ സമാചരിച്ചു.
൩. ആനന്ദ മാധുരിയൊടും പരമാർത്ഥസാര
ഗാനം പൊഴിച്ചു വിലയാന്ന പതത്രിവൃന്ദം
സ്ഥാനം പിടിച്ച മലയാളി പുകച്ചുമയ്യോ
മാനം പലത്തിയിലപോയ മരത്തിനേററം
൪. ഭീരുത്വമേറിയഴകൊത്ത മരം കറിപ്പേ!
ചാരുത്വമാന്ന മലയാളി പുകച്ചുവല്ലോ
പോരും മഹാഗ്രഹബലിഷ്ഠതയോത്തതെല്ലാം
വീരത്വമേ വില, പുമാനിതറിഞ്ഞുകൊൾക.
൫. ആരോ നിജാലയമതിൽക്കകമാന്നയന്നോ-
രാരാമസീമനി മലയാളി വളുത്തുപോയി.
ഹാ!രാമമാക്കുതഴലേകിയിനിക്കുറേനാ-
ളാരാമനാമജപമോടമരാം കറിപ്പേ!

മലയാളത്തിലെ സകലരീതികളിലും നിഷ്പ്ര യാസം കവിതയെഴുതുവാൻ ശ്രീ മാരാരെപ്പോലെ ഒരു ഭാഷാകവിവിദഗ്ദ്ധൻ കേരളത്തിലുണ്ടായിട്ടില്ലെന്നു വമ്പിച്ച മഹാകവികൾപോലും കൈകൊട്ടുത്തു സമ്മതിച്ചിട്ടുണ്ട്. വിശിഷ്യ, ശീഘ്രകവനത്തിൽ മാരാക്കുള്ള സാമത്ഥ്യം ഒന്നുവേറെതന്നെയാണ്. ഈയിടെ തലസ്ഥാനത്തുവച്ചു നടത്തപ്പെട്ട ഒരു "ശീഘ്രകവനപ്പരിശോധന"പ്പരീക്ഷയിൽ ഒന്നാം സമ്മാനം ലഭിച്ചതു മിസ്റ്റർ മാരാക്കാണെന്നു പറയുമ്പോൾ കവികളാരും അസൂയപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. സമ്മാനാഹമായ ചമ്പൂപ്രബന്ധം ഇതുപര്യന്തം അച്ചടിപ്പിച്ചിട്ടില്ലാത്തതാകയാൽ ഏതാനംഭാഗം ഇവിടെ ഉദ്ധരിക്കാം.

അഭിനവനാരായണീയം (ചമ്പു)

—):*:(—

കല്യാണശ്രീലസിക്കും കരുനനവസുധാ
വാദ്ധിവീചീപ്രവാഹ
ത്തെല്ലാലുല്ലാസമാന്നേൻ ഹൃദയ,മതിൽ
രസാപേതമാറാടുവാനായ്
എല്ലാനാളുംതൊഴുന്നേൻ സുരവരമകുടീ
സംസ്ഥമാണിക്യരത്തോൽ
ഫുല്ലാഭിജ്ജാതരാഗഛവിഗുണിതകിരണം
വാണിതൻശോണപാദം.

പൂമാതിൻ പുത്രമാതൃകാനിലയമായ്
ക്ഷീരാഖ്യവാരാശിതൻ,
സീമാലംഘിപുകൾത്തിടമ്പുകളി
യാടീടുന്ന ധീരംഗമായ്
സാമാന്യേതര വാക്പ്രഭാവപടുതാ
വിഷ്കംഭദിക്കമ്പിയായ്
ശ്രീമാനാമഭിഭാഷകാഗ്രധിഷണൻ
രാജിച്ചുശേഷാലയേ.
ശിവശിവ ഹരഹര ചിത്രംചിത്രം
അഭിഭാഷകകുലമകുടീരത്നം
ശേഷാലയമതിൽ മതവിജൃംഭണേ
ഭാഷാശേമുഷിസംപ്രകടിതനായ്
സുരുചിരകീത്ത്യാവാണാദശായാ
മൊരുസുഖമില്ല മനുഷ്യക്കെങ്ങും
വക്രതയെന്യേ കവിതകളില്ലക
തക്കമൊഴിഞ്ഞൊരു കാര്യവുമില്ല
മന്നിടമതിൽനേരായിട്ടിന്നുപ
രന്നൊരഭിപ്രായാങ്കുരമില്ല
താനറിയാതൊരു സ്മൃതിസംഹിതകൾ പ്ര
മാണവുമീഭൂഴലകിലുമില്ല
ഉദ്ധതനാമീമനുജന നഹിറി-
ത്തത്തിലൊഴിഞ്ഞാക്ഷോഭിത ഭുവനേ
തന്നുടെകൃതികളിലെന്ന്യേലേശമൊ
രൗന്നത്യം മറെറാന്നിലുമില്ലാ
അഭിഭാഷകവൃത്തിയിലൊഴികേയീ
യഭികാമ്യകളവും പതിയുംനാസ്തി
തണ്ടുമുഴുത്തുവസിക്കുകമൂലം
വേണ്ടീമനുജനുവാഹനമന്യം
ഉന്നതമാം കാര്യങ്ങളശേഷം
തന്നിൽതന്നേലയിച്ചീടേണം-
വാചസ്പതിയെയുമതിലംഘിക്കും
വാചാലതകൊണ്ടഖിലജനൗഘാൻ
ആചമനംചെയ്തീടാമെന്നവി
ചാരവുമുണ്ടീമനുജനുപണ്ടേ,
ഏവംഭോഗീശപരസദനേ പ്രൗഢ
ഭാവംപൂണ്ടുവസിച്ചിതുഭീകൻ'
ഏവം മേവുന്നകാലത്തൊരുദിനമതുലോ
ത്തുംഗസൽഭംഗിതിങ്ങും
തുവിദ്യോതിത്തഴപ്പാൽക്കൊതിഹൃദയതല
ത്തിങ്കലാക്കും കൊടുക്കും
ഭാവം തഞ്ചുന്നൊരൗദ്യോഗികപദമൊഴിവായ്
ത്തിന്ന വാത്താശ്രുവിച്ചും
കൈവന്നുള്ളോരുതോഷത്തൊടു സപദിതദാ
'ഭീക'നിത്ഥം ബഭാഷേ

—(:o:)— (തുടരും)




അമ്പട! പുരുഷപ്രാബല്യമേ!!

നായർസ്ത്രീകളുടെ അറിവോ ആലോചനയോ അനുവാദമോ കൂടാതെ നായർസ്ത്രീകളെ പൊതുവേ ബാധിക്കുന്നതും വാസ്തവത്തിൽ സ്ത്രീസ്വാതന്ത്ര്യഹനനം ചെയ്യുന്നതുമായ 'ആളോഹരി' ഭാഗാഗ്രേസർ സൃഷ്ടിച്ചുവിട്ട സ്ത്രീസ്വാതന്ത്ര്യവൈരികളെ കഠിനകഠിനമായി ആക്ഷേപിച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും ഉത്തമസ്ത്രീജനപ്രാതിനിധ്യം വഹിച്ചുകൊണ്ടും ഇന്നത്തെ സാക്ഷാൽ "കേരളീയസരോജിനിദേവി" സ്ത്രീസ്വാതന്ത്ര്യാവകാശങ്ങൾക്കുവേണ്ടി തിരുവനന്തപുരം ജൂബിലിഹാളിൽനിന്ന് എത്രയും ഉച്ച ക്ഷോഭജനകമായി ഗർജ്ജിച്ചിട്ടും അതിന്റെ പ്രതിധ്വനി സ്വർഗ്ഗീയയായ മഹാറാണി തിരുമനസ്സിലെ ഭരണമണ്ഡലമതില്ക്കെട്ടിനുള്ളിൽ പ്രവേശിച്ചിട്ടുംകൂടി ഈ വർഗ്ഗക്കാരുടെ ഭീമമായ ജനസംഖ്യക്കണക്കിനാംകൂടി നടപ്പാവാനിരിക്കുന്ന നായർബില്ലിന്റെ മൂന്നാം വായനയെ ഇപ്പോലും സ്പർശിക്കുവാൻ കഴിഞ്ഞിട്ടില്ലത്രെ!

അമ്പട! പുരുഷപ്രാബല്യമേ!!

# ഗോകണ്ണത്തെ ചന്ദ്രോദയം

—*—

(മഞ്ജരി)

[കൊച്ചുണ്ണിനമ്പൂതിരി]

സർവ്വേശ്വരനാകും കാളവണ്ടിക്കാര-
നുർവ്വിയായീടും ശകടത്തിന്മേൽ
ആകാശമേൽപ്പുര കെട്ടിയുറപ്പിച്ചു
മേഘത്തുണികൊണ്ടലങ്കരിച്ചു
അർക്കചന്ദ്രാദ്യചക്രങ്ങൾ കോർത്തിട്ടു
സത്ത്യധർമ്മക്കൂറ്റന്മാരെക്കെട്ടി
ജീവജാലങ്ങളായീടും വഴിയാത്ര
ക്കാരെ ഈ വണ്ടിയിൽ കേററി നിത്യം
കർമ്മഫലക്കൂലി വാങ്ങിച്ചു കൈലാസ
വെൺമാടഗോപുരവാതുക്കലും
വൈകുണ്ഠവീട്ടിലും സ്വർഗ്ഗമനയ്ക്കലും
വൈകാതെ കൊണ്ടുപോയ് വിട്ടീടുന്നു
വണ്ടിയിൽ കേറിയിരിയ്ക്കുമ്പോൾ കണ്ണിനു
കണ്ടീടും സൂര്യസുധാംശുചക്രം
രണ്ടുമൊന്നാംക്ലാസാണെങ്കിലും ചന്ദ്രനെ
ക്കൊണ്ടാടിത്തന്നൊന്നു വാഴ്ത്തുന്നിപ്പോൾ
ആശു കിഴക്കമ്പുറത്തോ കാണുന്നു
പ്രാചിപ്പെൺകുട്ടി തിരണ്ടപോലെ
അല്ലെങ്കിലപ്പെണ്ണുതരുണ.........
ഞാട്ടപ്പോൾമുറുക്കിയ തുപ്പൽപോലെ
വട്ടത്തിലതാണ്ടു കാണുന്നു പൂർവ്വദി
ക്കൊട്ടാകെ ശോഭിച്ചു ഭംഗിയോടെ
കൊച്ചിക്കോലോത്തെ തിരുമാസത്തിനന്നു
കാച്ചിവിളമ്പിയ പപ്പടമോ
കൊഴുമ്പിപ്പെണ്ണിന്റെ കാതിലെത്തോടയോ
അഥവൻറാണിമാരത്തെ വട്ടച്ചെമ്പോ
ശക്രന്റെ കാപ്പിയ്ക്കുണ്ടാക്കിയ ദോശയോ
ചക്കപ്പഴത്തിൻ നടുമുറിയോ
ഇന്ദ്രാണിയമ്മ്യാരമൃതളന്നീടുവാ-
നിന്നു വാങ്ങിച്ചോരിടങ്ങഴിയോ
കോഴിക്കോട്ടെബ്രാഹ്മന്മാർവച്ചുപാടച്ചോറു
നാഴിപ്പട്ടയാ മുണ്ടക്കൽച്ചോറോ
കൊട്ടയോ വട്ടിയോ ദേവവാദ്യാരുടെ
മൊട്ടക്ഷൌരിത്തലമണ്ടയോ
കാന്തികലർന്നു വിളങ്ങുമിതെന്നുടെ
പൂന്തിങ്കൾക്കൊച്ചുകുഞ്ഞേത്തനല്ല
വാനപ്പള്ളിക്കൂടസ്സാറേ സലാം സലാം
പൊൽത്താരെ! ചിൽത്താരേ! തിത്തിത്താര
തിങ്കൾപ്പുട്ടാവേ കിടാവേ നിലാവേന്തും
തങ്കക്കുഞ്ഞാവേ വരയ്ക്കപ്പാവേ
മാരത്തലപ്പാവേ കോടിത്തുണിപ്പാവേ
പ്രാചിക്കളിപ്പാവേ എന്നപ്പാവേ
എന്നെയുമെന്നുടെ പത്നിയേയുമൊരു
പൊന്നുപണിയുന്ന തട്ടാനേയും
എന്നും നീ രക്ഷിച്ചു കൊള്ളേണം മറ്റെല്ലാ-
മെങ്ങിനെയായാലും വേണ്ടതില്ല.
സോമൻനമ്പൂതിരിപ്പാട്ടേ ദേവന്റെ
വ്യോമമനയ്ക്കലിന്നെല്ലാവർക്കും
തുമണിസൌഖ്യമോ പണ്ടത്തെസ്വാഹയേ
ക്കാമിച്ചപിന്നെയും രോഗ കാറുണ്ടോ
സ്വാമികൾകാപ്പിയ്ക്കൊല്ലെ ഈരാകപോദയ്ക്കാ
കാമിച്ചെറുക്കന്മാർ വന്നൊരായം
രാഷ്ട്രീയനേതാവാം ബാലഗംഗാധരൻ
കൂട്ടാളിമാരൊത്തങ്ങെത്തീട്ടില്ലേ
കാൺഗ്രസുകാരുടെ സത്ത്യാഗ്രഹയുദ്ധം
താങ്കൾതൻനാട്ടിൽ നടക്കുന്നുണ്ടോ
കാമാസുരവധമാകും കഥകളി
യ്ക്കീമന്നിലുള്ളോരുവേശ്യാവീട്ടിൽ
അങ്ങിങ്ങുജാരന്മാർ ഓടിനടക്കുന്നു
അങ്ങുന്നീക്കാമക്കളിവിളക്കോ
അമ്മപെങ്ങന്മാരെ അങ്ങോട്ടുനോക്കവിൻ
നമ്മുടെ എല്ലാം തലയിലിപ്പോൾ
പൂർണ്ണേന്ദു!രശ്മിയെന്നുള്ളോരു കൈതവാൽ
പൊണ്ണൻനിന്മൂത്രം വീഴ്ത്തീടുന്നു
ആമ്പൽസ്വാമി പാണ്ടിപ്പട്ടരേ താനെന്താ
ണാമോദാൽ കൈനീട്ടിക്കൊണ്ടുവന്നു
തീണ്ടുന്നോരെഎല്ലാം തൊട്ടുതുള്ളം മാറി
വീണ്ടുംകളിയ്ക്കുന്നീ നമ്പൂരാരെ
കേറിത്തൊടുന്നത്തുക്കേരളീയസ്വത്തു
കുററവിററുനശിപ്പിയ്ക്കാനോ
തീണ്ടൽതിരിവില്ലാതിങ്ങിനെയായാൽ നീ
വീണ്ടും ക്ഷയിയ്ക്കും തിരിയ്ക്കുകില്ലാ
നീവന്നു കുട്ടിത്തൊടാതിരുപ്പാൻ ഞങ്ങൾ
ഭേദവിചാരമില്ലാത്തിന്നുള്ളിലാക്കി
പെട്ടന്നു നിജ്ജാതിഭ്രഷ്ടു ചേർത്തിപ്പിച്ചു കൈ
കൊട്ടിസ്സുശിയെ പ്പുറത്താക്കീടാൻ
വൈദികന്മാരേ വരുവിൻ വരുവിൻ നാം
വൈകാതൊരു സഭകൂട്ടിടേണ്ടേ
എന്തോ ഒരയിത്തമൊടണഞ്ഞോരജാതിയാ
ണന്തണന്മാരേ വാക്കൊത്തീടുവിൻ
ഇമ്മാതിരിയുള്ളോരജ്ഞാനക്കൂരിരു-
ട്ടമ്മാവൻ ഭാരതീയർക്കു നീക്കി
കോളാമ്പിക്കിണ്ണം ചെവിത്തോണ്ടിതൊട്ടുള്ളോ
രാളുകൾ നമ്മുടെ സോദരന്മാർ
എന്നുള്ള ബുദ്ധി ഉദിക്കാതിരിക്കണ
മിന്ദുഭഗവാനേ കൈതൊഴുന്നേൻ

—*—



"വൈഭവം ചിത്രം! ചിത്രം!!"

റിട്ടയേർഡ് ഹൈക്കോടതിജഡ്ജി ശ്രീമാൻ കേ. ജി. ശേഷയ്യരവർകളുടെ അദ്ധ്യക്ഷതയിൽ തിരു: ജൂബിലിഹാളിൽവച്ചു ഈഴവറെഗുലേഷനെ ഭസ്മീകരിക്കുവാനൊരുമ്പെട്ട മിശ്രദായപ്പക്ഷത്തിനു ലക്കുഭ്രിപക്ഷം 'വോട്ടു' സമ്പാദിച്ചു മഹാവീരനും 'മിശ്ര'പ്പെട്ട മററുദായങ്ങളേക്കാൾ മെച്ചപ്പെട്ടതു മിശ്രദായമാണെന്നു ഈഴവകുലഗുരുവായ ശ്രീനാരായണഗുരുസ്വാമികളെക്കൊണ്ടുപോലും ഏതുപക്ഷബഹുമാനത്തോടുകൂടി പറയുന്നപക്ഷം ഒരൊററവാചകത്തിൽ സമ്മതിപ്പിച്ചു മഹാവിദ്വാനും, സവർണ്ണസഞ്ചാരസ്വാതന്ത്ര്യസൌഖ്യത്തിനുവേണ്ടി സ്വസമുദായസഞ്ചാരസ്വാതന്ത്ര്യം മാത്രമല്ല, സ്വസഞ്ചാരസ്വാതന്ത്ര്യവുംകൂടി ബലികഴിക്കുവാൻ സന്നദ്ധനായ മഹാത്യാഗിയും ആയ കൌ:മെംബർ ശ്രീപരമേശ്വരൻെറ "വൈഭവം ചിത്രം! ചിത്രം!! എന്നു തലകുലുക്കി സമ്മതിക്കുന്നതോടുകൂടി മേല്പടി ശ്രീമാൻെറ അശ്രാന്തപരിശ്രമങ്ങൾക്കു വിദൂഷകൻ "ബലേ ബലേ" പറഞ്ഞുകൊള്ളുന്നു.

എനിക്കു്

# ഉറക്കത്തിനു കിട്ടിയ മരുന്നു്

അഥവാ

ഞാനറിഞ്ഞതെങ്ങിനെ?

—o—

(ഒരു ചെറുകഥ)

—o—

(പീ ബീ)

൨൦-ാമത്തെ വയസ്സിൽ ഒരു വലിയ ആപത്തുണ്ടാകുമെന്നാണു എന്റെ ജാതകത്തിലുണ്ടായിരുന്നതു് ഈ സംഗതി മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ, ഞാനെന്തുചെയ്യുമായിരുന്നുവെന്നു്, എനിക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. പക്ഷെ, ഈ സംഗതി അറിഞ്ഞപ്പോൾ, പത്തൊമ്പതുകഴിഞ്ഞ എനിക്കു ൨൦ വയസ്സു നടപ്പായിക്കഴിഞ്ഞുപോയി. മരണത്തെപ്പററി എനിക്കു വലിയ ഭയമുണ്ടായിരുന്നില്ല. എങ്കിലും, എന്റെ വീട്ടുകാരുടെ ബഹളവും ലഹളയും എല്ലാം കണ്ടു ഞാനും ഒന്നമ്പരന്നുപോയി.

പകൽ എങ്ങിനെയും കഴിയും; രാത്രിയായാൽ, പല മനോവിചാരങ്ങളെക്കൊണ്ടു കണ്ണിലിട്ടുകുത്തിയാൽ ഉറക്കംവരാത്ത മട്ടായി. എപ്പോഴാണു ഒരുസുഖക്കേടു വരുന്നതു്. എപ്പോഴാണു ചാകുക എന്ന വിചാരമാണു് എന്നെ അധികം വലച്ചുവന്നതു്. അല്പം തലക്കനമോ, കാലിൽ ഒരു തൊണ്ണലോ, ഒരു ഉമ്മപ്പനിയോ വന്നാൽമതി. ഓഹോ, ചാക്കാല ആണു എന്നായിരുന്നു ഞാൻ വിചാരിച്ചുവന്നതു്.

ഈ 'മനോവിചാരം നിമിത്തം' നിദ്രാഹീനത എന്ന രോഗം എനിക്കു പിടിപെട്ടു. രാത്രി പരിച്ഛേദം ഉറക്കംവരണമെല്ലോ. അഹോ കഷ്ടം! ഞാനെത്ര ചെറുവയസ്സ്, ലോകസുഖം ഒന്നും അറിഞ്ഞിട്ടില്ലാത്ത മനുഷ്യൻ എന്തെല്ലാമാണു അനുഭവിക്കാൻകിടക്കുന്നതു് ഇത്ര പെട്ടന്നു ചാകുകയൊ? ജഗദീശാ! ഈ വിചാരങ്ങളാണു് രാപ്പകൽ എന്നെ പീഡിപ്പിച്ചുവന്നതു്. ഡോക്ടർ, വൈദ്യൻ, കണിയാൻ, മന്ത്രവാദി, എല്ലാരുടെ മരുന്നുമായി. പക്ഷെ, ഫലം കേവലം നിഷ്ഫലംതന്നെയായിരുന്നു. ഒടുവിൽ ഒരുഭ്രാന്തൻ ഗോസ്സായിയെ കണ്ടുമുട്ടി. എന്റെ കഥയെല്ലാം കേട്ടശേഷം അയാൾ എന്നോടു പങ്കാക്കൂലിയായിട്ടു പോകാൻപറഞ്ഞു. അയാളുടെ ഉപദേശംഅനുസരിച്ചു് തിരുവനന്തപുരത്തു ഒരു 'വലിയഅങ്ങത്തേടെ' വീട്ടിൽ ചെന്നു ഞാൻ ഒരു പങ്കാപ്പണിപഠിച്ചു. ദൈവമേ! അതിനെന്തു ശുപാർശ. ഒടുവിൽ വലിയ മേലെഴുത്തുപിള്ളയുടെ കത്തും ബി. ഏ ഡിഗ്രിയും കൊടുത്താണു എനിക്കു് ഈ വേല കിട്ടിയതു്. പങ്കാക്കയററിനും, ഉറക്കത്തിനും തമ്മിൽ സംബന്ധമുള്ള കാര്യം ഒരു "സൈക്കോളജിയിലും" ഞാൻ പഠിച്ചിരുന്നില്ല. പത്തു മിനിട്ടുവരെ പങ്കാവലിച്ചാൽമതി. വച്ചിരിക്കുകൊണ്ടു കണ്ണിൽ ഉറക്കം പിടിച്ചു. അങ്ങുന്നും കൊച്ചമ്മയും ഉറക്കമെന്നുകരുതി ഞാൻ പായിലോട്ടു ചെരിയട്ടെ; ഉറക്കം തീർന്നു. ആരെങ്കിലും വന്നു വിളിച്ചുണർത്തും. ഒന്നുകിൽ അങ്ങുന്നു അല്ലെങ്കിൽ കൊച്ചമ്മ. രാത്രി അധികമായാൽ, കൊച്ചമ്മയായിരിക്കും അധികം വിളിക്കുക. ഹഹ! പിന്നെയും, വിചാരമാകും. ഉറക്കം പോകയും ചെയ്യും.

പിന്നെന്താണൊരുമരുന്നു എന്നു ചോദിച്ചു. പോലീസ്സിൽ ചേരാനാണു ഗോസ്സായി പറഞ്ഞതു്. അതും നോക്കി. പാറാകുത്തു റൂൾത്തടിപോലെ നിൽക്കുമ്പോൾ ഉറക്കംവരും. അപ്പോഴെയ്ക്കും ആരെങ്കിലും വന്നു ഒന്നു മുട്ടും. പിന്നെയും ഉറക്കംതീർന്നു പഴയവിചാരമായി കുറെ നാൾ തുടർന്നുകൊണ്ടു റെയിൽസവാരി ചെയ്തുനോക്കാനാണു് പിന്നീടു ഗോസായി ഉപദേശിച്ചതു്. ശരി ആകട്ടെ എന്നു വിചാരിച്ചു. അന്നു ആരെങ്കിലും തൂങ്ങിച്ചാകാൻ പറഞ്ഞാൽ, അതു കേൾക്കാനും, ഞാൻ മടിക്കുമായിരുന്നില്ല. അത്രകണ്ടു മനസ്സിനും, ശരീരത്തിനും, എനിക്കു കേടുതട്ടിയിരുന്നു. വൈദ്യന്റെ ഉപദേശപ്രകാരം നല്ല ഒരു ദിവസം ചോദിച്ചു ഞാൻ യാത്രതിരിച്ചു. അന്നു കൊല്ലം സ്റ്റേഷനിലെ ആൾക്കൂട്ടത്തിനു കണക്കും കയ്യുമില്ലായിരുന്നു. മൂന്നു മണിക്കൂർമുമ്പെ ഞാൻ സ്റ്റേഷനിൽ ഹാജർ. പക്ഷെ ടിക്കററു വാങ്ങി, പ്ലാററുഫാറത്തിൽകയറിയപ്പോൾ മദ്രാസു മെയിൽവണ്ടി സാവധാനം നീങ്ങിത്തുടങ്ങി. ഞാൻ മൂന്നാംക്ലാസ്സു ടിക്കററാണെടുത്തിരുന്നതു്. ഓടിച്ചെന്നു വണ്ടിയുടെ ഹാൻഡിലിൽ പിടിച്ചു ഒരു 'ജന്നലിൽ' തലയിട്ടു കയറാൻ തുടങ്ങി. പ്ലാററുഫാറത്തിൽ നിൽക്കുന്ന 'കൂലി' മുതൽ സ്റ്റേഷൻമാസ്റ്റർവരെ ഓരോരുത്തരും ഹേ! ഖബർദാർ! സൂക്ഷിച്ചോ! ചെത്തുപോവെൻ, പാവി, എന്നെല്ലാം വിളിക്കുന്നുണ്ടു്. ആരാണു കേൾപ്പാൻ? അപ്പോഴെയ്ക്കും എന്റെ 'പാതി' യും അകത്തായിപ്പോയിരുന്നു.

സ്റ്റേഷനിലെ ബഹളം ഞാൻ കേട്ടു. വണ്ടി നിറുത്തി എന്നെ പിടിച്ചു പുറത്തിറക്കുമോ എന്നായിരുന്നു എന്റെ പേടി! വണ്ടിയ്ക്കകത്തു കയറിനോക്കിയപ്പോൾ കഥ ശിക്ഷതന്നെ. 'പെമ്പിള്ള' വണ്ടിയിലാണു ഞാൻ അകപ്പെട്ടുപോയതു്. അരേ! രാമ! എനി എന്തു കാട്ടാനാ? പെണ്ണുങ്ങളെല്ലാം ഓരോരൊ

സ്ഥാനം പിടിച്ച് സൌഖ്യമായിരിക്കയും കിടക്കയുമായിരുന്നു. ഞാൻ ജനാലവഴി കടക്കുന്നതുകണ്ടിട്ട്, ഈ ഭാഗങ്ങളെല്ലാം മിണ്ടാപ്പൂച്ചകളെപ്പോലെ ഇരിപ്പായി. നോക്കിയിട്ട് പല നിറത്തിലുള്ള തുണികളെക്കൊണ്ടു ചുററിയ ഒരു—പാവ മുറിപോലെയാണു എനിക്കു തോന്നിയത്.

ഇവരുടെ ഇരിപ്പു കണ്ടിട്ട് ആദ്യമുണ്ടായ ഭയപ്പെട്ടിരുന്ന ഞാൻതന്നെ ഒന്നു തന്നത്താൻ ചിരിച്ചുപോയി. ഒരു സ്റ്റേഷൻ കഴിഞ്ഞു. ജനലിൽക്കൂടി തലയിട്ടു സ്റ്റേഷന്റെ പേരറിഞ്ഞു പിന്നെയും പഴയപോലെ, തല ഉള്ളിലേക്കെടുത്തു യഥാസ്ഥാനം നിലയായി. ഇതിനിടയിൽ ഒരു സ്ത്രീ:-(അടുത്തിരുന്ന മറെറാരുത്തിയോടു വളരെ ദേഷ്യത്തിൽ) "ഇതെന്തു മക്കടെ, പെൺവണ്ടിയിൽ വന്നു കയറിയിരിക്കുന്നതു" എന്നു പറഞ്ഞു. എന്തു മക്കടേ? എന്നെക്കണ്ടാൽ അത്ര വികൃതമാണോ? എന്തിന്? എനിക്കും ദേഷ്യം വന്നു.

ഒന്നു കഴിഞ്ഞപ്പോൾ. 'നാലുതലച്ചോറും, നാലുമുലച്ചോറുമില്ലേ' ന്നു പറയുന്നതു വെറുതെയാണെന്ന് എനിക്കു തോന്നി. പെണ്ണുങ്ങൾക്കു വലിയ ഒരുമ. ഒന്നോ രണ്ടോ ആളാണെങ്കിൽ, ഞാനും ഒന്നു നോക്കിയേനെ. പതിരുപത്തഞ്ചു എണ്ണം. അതിലും ഒന്നുരണ്ടു എണ്ണത്തിന്റെ മുഖവും മററും കണ്ടിട്ടു വലിയ പയൽവാൻമാരെപ്പോലെ ഇരിക്കുന്നു. ഒരെണ്ണം സംസാരിക്കുന്നതുകേട്ടു; എല്ലാരും പതുക്കെ ചിരി മിനമിനുത്തുടങ്ങി. അവസാനം, 'കടനാൽക്കൂട്ടിൽ കല്ലുവാരിയിട്ട' മട്ടിൽ എല്ലാം കൂടി ഉച്ചത്തിൽ എന്നെ ചീത്ത പറകയായിരുന്നു. ഇതെല്ലാംകേട്ടു എനിക്കും കുറെ പേടിതന്നെ തോന്നി. ഇനി എല്ലാംകൂടെ എന്നെ പ്രഹരിച്ചാൽ ഗതിയെന്തന്നായിരുന്നു എന്റെ വിചാരം.

അതിൽ ഒരുത്തി:-"ആട്ടെ. അടുത്ത സ്റ്റേഷൻ വരട്ടെപോലും. ലക്ഷ്മണനെ വിളിച്ചേക്കാം. അപ്പോൾ കാണാം തമാശ. ലക്ഷ്മണൻ, അങ്ങിനെ ഇങ്ങനെ ഒരുത്തനല്ല. വന്നു കാണട്ടെ. അപ്പോൾ അറിയാമല്ലൊ." 'വിളി നിന്റെ ലക്ഷ്മണനെ-കാണാമല്ലൊ ചുണ" എന്നു പറയട്ടെ എന്നുകരുതി. അപ്പൊഴേയ്ക്കും വേറൊരു 'ചുണക്കുട്ടി':-"വരണം നമുക്കെല്ലാംപോക്കും കൂടെ ഇയാളെ എടുത്തു ജനാലിൽക്കൂടി പുറത്തു തള്ളാം" എന്നായി ആലോചന. കണ്ടകോളി'ന്ന തക്ക ശക്തിയുണ്ടെങ്കിൽ അവരെ ജയിക്കുന്ന കാര്യം പ്രയാസം. പിന്നെയും, എനിക്ക് ഒരു ബലം ഉണ്ടായിരുന്നു. പെണ്ണുങ്ങൾക്ക് അത്രശക്തിയുണ്ടെങ്കിൽ പിന്നെ എന്നെ കണ്ടപ്പോൾ, വെറും പാവകളെപ്പോലെ ഇരിക്കുമായിരുന്നോ? പെണ്ണുങ്ങൾ എത്രയായാലും പെണ്ണുങ്ങൾതന്നെ. പള്ളിക്കൂടത്തിൽ പോകുമ്പോൾ കാണുന്നില്ലേ? പത്തുപതിനഞ്ചെണ്ണം ചേർന്നാൽ ഒരാൺപിള്ളയെ വട്ടത്തിലാക്കുകയായി അതുപോലെ—അപ്പൊഴേയ്ക്കും ഒരുത്തിയുടെ കയ്യ് "ഡെയ്ഞ്ചർ ചങ്ങല"യ്ക്കു തൊട്ടാറായി. ഇതു കണ്ടപ്പോൾ എനിക്ക് ഭയം തോന്നി. ഉം. ആകട്ടെ

'ഇങ്ങിനെ അങ്ങിനെ' ട്രെയിൻ അടുത്ത സ്റ്റേഷനിലും എത്തി. ട്രെയിൻ നിന്നതും ഞാൻ പഴയപോലെ, ജനാൽവഴി ഇറങ്ങി വേറൊരുമുറിയിലേക്കു ഓടിയതും ഒന്നായിക്കഴിഞ്ഞു. അവിടെയും ആളുകൾ തിങ്ങിയിരുന്നു. 'ഇവിടെ എടമില്ലയ്യാ. എടം' എന്നു പറയുന്നുണ്ട്. പക്ഷെ ഇതെല്ലാം ഈ പ്രാണവെപ്രാളം പിടിച്ച സമയത്തു ആരു ഗൌനിക്കാനാണ്? ബലമായി കതകു തള്ളിത്തുറന്നു അകത്തു കയറി.

അവിടെ തിരക്കോ തിരക്ക്. ആണുങ്ങളുടെ മുറിയായിരുന്നിട്ടും, പെണ്ണുങ്ങൾക്കു ഒരു കുറവും ഇല്ല. ആളും സാമാനവുംകൊണ്ടു ഞെരുങ്ങിയിരുന്നിട്ടു അരണ്ട വിദ്യുദ്ദീപത്തിൽ നോക്കി ആരുള്ളത്. സാമാനമേതെന്നു മനസ്സിലാക്കുക വലിയ കഴപ്പംതന്നെയായിരുന്നു. രാത്രി മുഴുക്കെ നില തന്നെ ശരണമെന്നു ഞാനുറപ്പിച്ചു. ഗോസ്സായിയെ മനസ്സാ തന്നെ ശപിച്ചു. എന്റെ അടുത്തായി ഒരു കിഴവിയും- അവരുടെ മകളായിരിക്കും-'നവ യൌവനവും നാനാംഗത്തോടും വിളങ്ങുന്ന ഒരു കൃശാംഗി'യും ഇരുന്നിരുന്നു. യുവതിയ്ക്കടുത്തായി ഒരു ഭാണ്ഡം. വൃദ്ധ കുറെനേരം എന്റെ മുഖത്തേ മുഖത്തു കണ്ണെടുക്കാതെ നോക്കിയശേഷം. ആ ഭാണ്ഡമെടുത്തു തന്റെ അടുത്തു വച്ചു "മകളെ! ഇങ്ങോട്ടു നീങ്ങിയിരി" എന്നു യുവതിയോടും പറഞ്ഞു. "ആ പയ്യൻ എത്രനേരമെന്നുവച്ചു നില്ക്കും. അപ്പനെ! അവിടെ ഇരുന്നോ" എന്നു എനിക്കും അനുജ്ഞ കിട്ടി. അഹഹാ! ദൈവമെ! സന്ധ്യയായതു മുതൽ നിന്നുനിന്നു എന്റെ "ചട്ടുകൂട്ട്" കഴച്ചുപോയി. വൃദ്ധയുടെ വാക്കുകേട്ടു, ഞാനവിടങ്ങിരുന്നപോലെയെന്നു പറഞ്ഞാൽ തീരില്ലല്ലൊ. പതുക്കെ സൂത്രത്തിൽ കണ്ണ് ഒന്നോടിച്ചു അടുത്തിരുന്ന തങ്കക്കുടത്തിനെ ഒന്നു നോക്കി. ഹാ! എന്തൊരു സുന്ദരി- പണ്ടു ശ്രീരാമോദന്തത്തിലോ മററോ, "ബാണാസുരന്റെ മകളാമുഷയെന്നു പേരായ്" എന്ന വള്ളത്തോളിന്റെ ശ്ലോകം ഓർമ്മയിൽ വന്നു. മുമ്പു പെണ്ണുങ്ങളുടെയിടയിൽ "ഉപ്പിലിട്ടകൂന്താലി" കണക്കാണല്ലൊ ഞാൻ നിന്നത്. എന്നിട്ടു അതിലൊന്നിനെങ്കിലും കണ്ടാൽ ഇത്ര വർണ്ണവും മുഖപ്രസാദവും ഉണ്ടായിരുന്നില്ല. അവളുടെ വലിയ നെട്ടനെട്ടങ്കൻ കണ്ണുകൾ. മാൻപേടയുടേതെന്നപോലെ എന്നെ സാകൂതസംഭീതം ഒന്നു നോക്കി. അതിനാപകരം ഞാനുംകൊടുത്തു ഒരു

...സെറാറ്റി-ബസ്സ്! അയാൾ കണ്ണും മുഖവും കൂടെ ഒന്നിച്ചു കിഴവിയുടെനേർക്കു തിരിച്ചുകളഞ്ഞല്ലോ. ഗ്രഹപ്പിഴ തന്നെ.

റെയിൽ ഓടിത്തുടങ്ങി. അതിന്റെ ചലനം. ഓരോരുത്തരുടേയും തലകുത്തുന്നു. ആരംഭിച്ചു എന്തുമാത്രമാണോ? എനിക്കു, ങേ-ഹേ. അത്രയ്ക്കൊരു ഉറക്കം വന്നില്ല. ഒ.ദെ, ആ പഴയ പെണ്ണുങ്ങളുടെ കഥ വിചാരിച്ചു വിചാരിച്ചു ഞാനങ്ങു ഇതാണ്ടുപോയി. മനസ്സ് ആ മുറിയിൽ - കണ്ണു ആയിരുന്നു ത്രാതരിപ്പുണ്ണിന്റെ മുഞ്ഞിയിലും- ഇതാണ് പണ്ടാരോ പറഞ്ഞിട്ടുള്ളത് മനമങ്ങും മിഴിയിങ്ങും എന്ന്. ശരി. ശരി വണ്ടി പോണതിനു പോണതിനു. യുവതിയുടെ മേലിൽക്കിടന്ന സാരിയും ഇഴഞ്ഞിഴഞ്ഞു താഴോട്ടിറങ്ങിവന്നു- അവളുടെ ശരീരം, അതിനു ചുമക്കാൻ വഹിയാത്ത ഭാരവുംകൊണ്ടു, ഉലഞ്ഞുലഞ്ഞു എന്നെ സ്പർശിച്ചുതുടങ്ങി. പക്ഷെ പിന്നെയും സ്റ്റേഷനടുക്കുമ്പോൾ യുവതി മുണ്ടെല്ലാം നേരെയിട്ടു ശരിയായിട്ടിരിപ്പാകും. ഇതിനിടയ്ക്കു പലപ്പോഴും എന്നെ ഏറുകണ്ണിട്ടു നോക്കുന്നുമുണ്ടു. പിന്നെയും വണ്ടി നീങ്ങും. യുവതി ചാഞ്ചാടി ചാഞ്ചാടി എന്നെ തൊട്ടുതുടങ്ങും. ഞാൻ കുറെനേരം ഈ തമാശ നോക്കിക്കൊണ്ടിരുന്നു. സ്ത്രീകളുടെ മുഖത്ത്, വിശേഷിച്ചും സുന്ദരികളുടെ മുഖത്ത്, ചാരായം ഉണ്ടെന്നു പറയുന്നത് എത്ര വാസ്തവം. ഹാ! ഇതു കണ്ടുപിടിച്ചവൻ തന്നെ വലിയ സയന്റിസ്റ്റ്. വളരെനേരം അവളുടെ മുഖത്തു തന്നെ നോക്കി നോക്കി എനിക്കും ഉറക്കം വന്നു തുടങ്ങി. പിടലിയിൽ കയ്യുംകെട്ടിത്തന്നെ ഞാനും ഒന്നു കണ്ണടച്ചു.

എത്രനേരം ഉറങ്ങിയെന്നു എനിക്കറിഞ്ഞുകൂടാ. ചുടുന്ന ചൂടുള്ള ഒരു ശ്വാസം എന്റെ മുഖത്തു പതിച്ചു. ഞാനുണരുകയും ചെയ്തു. നോക്കിയപ്പോൾ. യുവതിയുടെ മുഖം ആടിയലഞ്ഞു എന്റെ മുഖത്തു വന്നു തൊട്ടിരിക്കയാണ്. ഹരേ! രാമ! എന്റെ മുഖത്തു തൊടും; പിന്നെയും നീങ്ങും; തൊടും; പിന്നെയും നീങ്ങും. അപ്പോൾ എനിക്കുണ്ടായ വികാരവിഭ്രമങ്ങൾ ഇന്നതെന്നു വർണ്ണിക്കാൻ എന്റെ ഭാഷയ്ക്കും കടലാസിനും, പേനയ്ക്കും, പെൻസിലിനും തന്നെ ശക്തി പോരാ. വല്ല ടഗോറോ, ബീർബേക്കോ തന്നെ വേണം. ഒ.ദെ. അവിടെ ആ അങ്ങത്തേതരെ അവിടെ താമസിക്കുമ്പോൾ കൊച്ചമ്മ രാത്രി വന്നു എന്തൊരു മാതിരി വിളിയാണു വിളിച്ചിരുന്നത്. എന്നിട്ടും ഇത്ര പേടി, ഇത്ര ലജ്ജ, ഇത്ര സങ്കോചം എനിക്കു തോന്നിയിരുന്നില്ല. ഈ വയസ്സിനിടയ്ക്കു എനിക്കു ഇങ്ങനെയൊരു ആപത്തും സംഭവിച്ചിട്ടില്ല. പ്രാണാപായം വരത്തക്ക ശസ്ത്രക്രിയയ്ക്കുമുമ്പ് ഡോക്ടരെ നോക്കുന്ന രോഗിയുടെ മനഃസ്ഥിതി എന്തായിരിക്കുമോ അതു തന്നെയായിരുന്നു എന്റെയും നില. തന്നത്താൻ നിസ്സഹായനെന്നു കരുതി വീണ്ടും ഞാൻ കണ്ണടച്ചു. മുഹൂർത്താന്തരം സേഷ്ടംകൊണ്ട് ആ സൌന്ദര്യധാമത്തിന്റെ മുഖം ഉലഞ്ഞുലഞ്ഞു അവളുടെ അധരകിസലയം എന്റെ മുഖത്തെ ആർദ്രമാക്കിത്തീർത്തു. എന്റെ ഉറക്കം തന്നെത്താൻപോയി. യുവതിയും പരിഭ്രമിച്ചെണീറ്റു. മുഖം മുഖത്തോടു ഒരു നിമിഷം മാത്രമേ ചേർന്നിരുന്നുള്ളുവെങ്കിലും താൻ താൻ അപരാധിയെന്നു ഇരുകൂട്ടരും നിനച്ചുപോയി. കടക്കണ്ണെറിഞ്ഞു എന്നെ ഒരേറു എറിഞ്ഞിട്ട് ആ വെണ്ണക്കല്ലുടൽ അവളുടെ ഭാണ്ഡത്തെ എടുത്തു നടുക്കു വച്ചു. ഈ വ്യവഹാരത്തിൽനിന്നും ഞാൻ മനസ്സിലാക്കിയതിങ്ങനെയാണ്: "കാര്യം ശരി; എന്റെ അധരം നിങ്ങളുടെ മുഖത്തെ സ്പർശിച്ചു എന്നാലും നിങ്ങൾ അതിന്റെ ഉത്തരവാദികാരനല്ല" നമ്മുടെ രണ്ടുപേരുടേയും ഇടയ്ക്കു ഇതാ ഒരു തടസ്സം ഉണ്ടെന്നു ഞാൻ നിന്നെ മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു. അഹഹാ! പെൺപുത്രി പെരുത്തതെന്നതു വെറും കള്ളവും മറുമട്ടു- സ്ത്രീയിലിങ്ങനെ സംഭവിച്ചിട്ടാവാറുള്ള് സംശയി മററു വല്ലവരും ഗ്രഹിച്ചോ എന്നറിയാൻ ഞാൻ നാലുപുറവും ഒന്നു നോക്കി. എന്റെ അടുത്തായി പരിഷ്കൃതരീതിയിൽ വേഷം ധരിച്ച ഒരു പ്രൗഢവയസ്കൻ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ യുവതിയെ ഒന്നു ആശ്ചര്യാധികാരപുരസ്സരം നോക്കി. ഹോ! ഹോ! ഞങ്ങളുടെ അഭിനയം ഈ വിദ്വാൻ മനസ്സിലായിരിക്കണം എന്നു എനിക്കു തോന്നി. ഇയ്യാൾ അവളുടെ ആരായിരിക്കാം? ആരെങ്കിലുമാകട്ടെ—പറ്റിയതു പറ്റിപ്പോയല്ലോ. യുവതിയെ നോക്കിയ ശേഷം അയാൾ എന്റെ നേർക്കു തിരിഞ്ഞത്. എന്റെ "ചങ്കു" ഭസ്മമായിപ്പോയി. ഞാൻ കണ്ടു കണ്ടില്ലെന്ന മട്ടിൽ മുഖം തിരിച്ചുകളഞ്ഞു. ഇതിനിടയിൽ ആ മദ്ധ്യവയസ്കൻ ഒരിഴഞ്ഞ താണ സ്വരത്തിൽ—താ—ആ—രാ—എന്നു വിളിച്ചു.

* *

ഞാൻ ഇരുന്ന ഇരുപ്പിൽതന്നെ ഇരിക്കയാണ്. ഉറക്കം ലേശംപോലും വരുന്നില്ല. അങ്ങിനെ കുറെ നേരം കഴിഞ്ഞു ഒന്നു മയങ്ങി. തലയ്ക്കടിപറ്റിയതുപോലെ തോന്നി. വലിയ ശബ്ദം. ദേഹം ആകെ കലശൽ. തല പൊക്കാൻ ശ്രമിച്ചു. വീണ്ടും ഒരടി. കണ്ണു തുറന്നു. അന്ധകാരമയം. "വണ്ടി മറിഞ്ഞുപോയി. അപകടം-അപകടം" എന്നൊരു ശബ്ദം മാത്രം ചെവിയിൽ മുഴങ്ങുന്നുണ്ടു. അയ്യോ; ക്രടിമകാനേ ഞങ്ങളെ രക്ഷിക്കു' എന്നു ആ കിഴവി തള്ള പറയുന്നതുപോലെയും കേട്ടു.

ഞാൻ സ്മരണശക്തി നിലനിർത്താൻ ശ്രമിച്ചു. പക്ഷെ ഓർമ്മക്കേട് എന്നെ വിട്ടില്ല. മോഹാലസ്യം കൊണ്ട് ഞാൻ നിർജ്ജീവനായിത്തീർന്നു.

ഈ നിലയിൽ എത്ര നേരം കഴിഞ്ഞുവെന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും കുറേശ്ശെ കുറേശ്ശെ ബോധം വീണപ്പോൾ ഞാൻ കണ്ണു തുറന്നു നോക്കി. റെയിൽവണ്ടിയുടെ ഒരു മുറിയിൽ ഇരുന്ന ഞാൻ ഇവിടെ വന്നതെങ്ങിനെ? നാലു വശവും 'പ്രളയം' പോലെ തന്നെ. ജനപ്രവാഹം. ആയിരക്കണക്കിനു കൂലികൾ നിന്ന് മണ്ണു വെട്ടിമാററുന്നു. ഒരിടത്തു ഹരേ രാമ! ഹരേ കൃഷ്ണ! അയ്യോ! രാമ! കൈയൊടിഞ്ഞു- കാലൊടിഞ്ഞു- വെള്ളം- എന്ന ഭയങ്കര ശബ്ദമേ കേൾപ്പാനുള്ളു. മേൽഭാഗത്തുള്ള ആകാശം കൂടി ആ ഭയങ്കരകാഴ്ച- ഈ ദൈവവിപാകം- കാണ്മാൻ കഴികയില്ലെന്നു കരുതി കാർമേഘമാകുന്ന മൂടുപടത്താൽ മുഖം മൂടിക്കളഞ്ഞു. കൊള്ളിയാൻ എന്ന വ്യാജേന കൂടക്കൂടെ കണ്ണിമച്ചു നോക്കുന്നില്ലെന്നുമില്ല. എന്റെ സർവാംഗവും നുറുങ്ങിപ്പോയി. തിരിയാനും പിരിയാനും കൂടി ശക്തിയില്ലാതായി. തലയ്ക്കു അസാദ്ധ്യ വേദന. കഴുത്തു തിരിക്കാൻ ശ്രമിച്ചിട്ടും പ്രയാസം തന്നെ. ഒരു വിധം പണിപ്പെട്ടു നോക്കിയപ്പോൾ ഒരു സാധനം എന്നെ ചുററിപ്പിണഞ്ഞു നെഞ്ചത്തു കിടക്കുന്നുണ്ട്. വല്ല വിറകുകഷണമോ മൺകട്ടയോ ആയിരിക്കാമെന്നു ഞാൻ വിചാരിച്ചു. അതിനെ മാററാൻ കൂടി എനിക്കു ശക്തിയില്ലാതായി. വളരെ നേരം ആ കിടപ്പു കിടന്നുപോയി. ഒരുവിധം പണിപ്പെട്ട് എണീക്കാൻ ശ്രമിച്ചു. നെഞ്ചത്തു പററിക്കിടന്ന സാധനത്തെ മാററാൻ ശ്രമിച്ചു. അഹോ കഷ്ടം! ഇതെന്തു കഥ! എന്റെ നെഞ്ചത്തു കിടന്നതു വിറകുകഷണവുമല്ല- മൺകട്ടയുമല്ല. റെയിലിൽ എന്നോടൊന്നിച്ചിരുന്ന സുന്ദരയുവതിയുടെ ഗാഢാലിംഗനത്താലാണ് ഞാൻ ബന്ധിതനായിരുന്നത്. ശിവ! ശിവ!! തലവേദന കൂടക്കൂടെ വന്നു. മരണത്തിനു ഇനി അധികം നേരം വേണ്ടെന്നു എനിക്കു തോന്നി. പക്ഷെ ആ ഭയങ്കരസ്വരൂപം അടുത്തു വരുന്നില്ല. പക്ഷെ ഈ കഠിനദുഃഖാവസ്ഥയിലും എനിക്കു ഒരു പരമാനന്ദം ഉണ്ടായി. ഉറക്കത്തിനുവേണ്ടി പുറപ്പെട്ട ഈ അനിർദ്ദിഷ്ടയാത്രയിൽ ഒരു 'മഹാസുന്ദരരമണിയുടെ' ഗാഢാലിംഗനബന്ധിതനായാണല്ലോ ഞാൻ മഹായാത്രയ്ക്കു ഒരുമ്പെടുന്നതെന്ന് എനിക്കു തോന്നി. മരണത്തെ ഭയന്നോടിയ എനിക്ക് "മൃത്യുവിന്റെ" മഹാകരാളദൃശ്യം കണ്ട ആ ഭയവും അങ്ങു അസ്തമിച്ചുപോയി. ഇതോടുകൂടി ആ അജ്ഞാതയുവതിയുടെ കഥയും സ്മരണയിൽ വന്നു. അവളുടെ അധരസ്പർശത്താൽ എത്രയോ ദിവസത്തെ 'വിനിദ്രാ' വ്രതം. സഫലീകൃതമായെന്നു ഞാൻ വിചാരിച്ചു. ഇതാ ഈ മഹായാത്രയിലും- മൃത്യുവിന്റെ പൂർവ്വമുഹൂർത്തത്തിലും- ആ യുവതിയുടെ 'ആലിംഗനസുഖം' എന്റെ, മാർഗ്ഗത്തിലെ കെടാവിളക്കായി തെളിയുന്നുവെന്നു എനിക്കു തോന്നി. ആസന്നമൃത്യുവായി കിടന്ന എന്റെ ഓരോ രോമരാശിയും ആ മനോരമയുടെ സരസസ്പർശരസം നിപീതനം ചെയ്തു ആശ്വസിച്ചു.

മരണം ഇപ്പോൾവരും- ഇതാ വന്നു. താമസമില്ല. എന്നിങ്ങനെ ഞാൻ ആ സദാ സരത്തെ സാദരം പ്രതീക്ഷിക്കയായി. പക്ഷെ. മരണം. വരുന്നില്ല എന്നും ഇത്രയൊക്കെ കാത്തിരുന്നിട്ടും- പെരുമ്പറയും ശംഖും വിളിച്ചുവന്ന ആ മൃത്യുദേവത തിരിച്ചുപോകയൊ? തലവേദന സഹിയല്ലാതായി റെയിലപകടത്തിൽപെട്ട് "ഫ്ലായൽ" ആയവരെയെല്ലാം, അവരുടെ സങ്കടത്തിൽനിന്നും വിമോചിപ്പിക്കാൻ വേണ്ടി "കമ്പനിവേലക്കാർ അടിച്ചുകൊന്നു കഴിച്ചുതാക്ക"യാണെന്നു ഞാൻ കേട്ടു ഹോ! അവർ ഇപ്പോൾ വരും. ഇനി അടികൊണ്ടു ചാകണം. എന്ന വിചാരം മനസ്സിൽ ഉദിച്ചപ്പോൾ തന്നത്താൻ കുറെ ശക്തി തോന്നി. കഷ്ടപ്പെട്ടു- ഇല്ലാത്ത ശക്തിയെ ബലാൽ വരുത്തി എണീററുനിന്നു. അതുവരെ "ആ യുവതിയുടെ കയ്യ്" എന്റെ കഴുത്തേൽതന്നെ ഉണ്ടായിരുന്നു. എണീററതും കയ്യു വലിക്കുന്നതുപോലെ തോന്നി യുവതിയെ താങ്ങിയെടുത്തു- മറെറാന്നും നോക്കിയില്ല. റെയിൽപാലത്തിൻ വഴി. ആ വങ്കാട്ടിൽകൂടി താഴോട്ടിറങ്ങി. നല്ല നിലാവുള്ള രാത്രിയായിരുന്നു ഒരു റോഡും കണ്ടു നേരെ ഓട്ടമായി. എന്റെ ശരീരം ക്ഷീണിച്ചുപോയിരുന്നു- അതോടുകൂടി യുവതിയുമായി ഓടി ഞാൻ തളർന്നുപോയി. ഇതുവരെ ഞാൻ അവളുടെ മുഖം നോക്കിയില്ല. ചന്ദ്രികവെളിച്ചത്തു ഞാൻ ഒന്നു നോക്കി കഷ്ടം! അവളുടെ മുഖം ചോരക്കളമായിരുന്നു. പക്ഷെ, അവളുടെ തലയ്ക്കു വലിയ അടി പററിയിരിക്കണം. ഒരു മണിക്കൂറിനുമുമ്പു കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്ന ആ മൃദുസ്മേരമുഖം, എനിക്കു ഇപ്പോൾ കാണുക അസഹ്യമായിത്തീർന്നു. ഓടി ഓടി ഒരു പുഴക്കരയെത്തി. നേരവും പ്രഭാതമാകാറായി. ആ ആററിൻകരയിൽ അവളെ കിടത്തി. ഞാൻ വെള്ളം കുടിച്ചു. കയ്യിൽ വെള്ളം കോരി അവൾക്കു കൊടുക്കാൻ ശ്രമിച്ചു. വെള്ളം ഇറങ്ങുന്നില്ല രണ്ടുവശത്തുംകൂടി ഒഴുകിപ്പോകുന്നു ശ്വാസം ഉണ്ടോ ഇല്ലയോ എന്നറിയാൻ അവളുടെ മൂക്കിൻദ്വാരത്തിനടുത്തു കയ്യുവച്ചുനോക്കി. ഒരിക്കൽ ഉണ്ടെന്നുതോന്നും; മറെറാരിക്കൽ ഇല്ലെന്നു തോന്നും. ശരീരം വിറകു

കൊള്ളിപോലെ "മരവിച്ചു" പോയി. നെഞ്ഞത്തു കൈവെച്ചുനോക്കി. അല്പം നെഞ്ചിടി ഉണ്ടെന്നുതോന്നി. പിന്നെ ഒന്നും കേൾക്കുന്നില്ല. എനിക്കു സർവ്വാംഗം വിറച്ചു. തല ചുററി ഞാൻ വീണ്ടും നിർബ്ബോധനായിത്തീർന്നു.

* * *

എത്ര കാലം നിർബ്ബോധനായി ഞാൻ കിടന്നുവെന്നു എനിക്കറിഞ്ഞുകൂടാ. പക്ഷെ ഉണർന്നു ബോധം വീണ്ടുനോക്കിയപ്പോൾ, തിരുവനന്തപുരം ജനറൽ ഹാസ്പിററലിൽ - ഒരു പട്ടുമെത്ത വിരിച്ച കട്ടിലിലാണ് ഞാൻ കിടക്കുന്നതെന്നു എനിക്കു മനസ്സിലായി. എന്റെ അമ്മയും സഹോദരരും എല്ലാം ദുഃഖിതരായി അടുത്തുതന്നെ ഇരിക്കുന്നുണ്ട്. സുഖപ്പെട്ടതിൽ പിന്നെ, എന്നെ പുനലൂർപാലത്തിനടുത്തുനിന്നും എടുത്തുകൊണ്ടുവന്നതാണെന്നും, ആര്യങ്കാവിൽവച്ചാണു റെയിലപകടംപററിയതെന്നും മനസ്സിലായി. എന്റെ അടുത്തുകിടന്നിരുന്ന യുവതി മദ്രാസ് ക്വീൻമേരീസ് കാളേജിലെ ഒരു വിദ്യാർത്ഥിനിയായിരുന്നുവെന്നും, അവളും, അവളുടെ അമ്മൂമ്മയും കൂടെ ഉണ്ടായിരുന്ന ചിററപ്പനും, റെയിലപകടത്തിൽ പെട്ടു മരിച്ചുപോയിയെന്നും എന്റെ അന്വേഷണത്തിൽ അറിവുകിട്ടി. എന്റെ ഗ്രഹപ്പിഴ തട്ടിനീങ്ങി. അനിദ്രാരോഗത്തിനും ശമനം വന്നു. ഇപ്പോഴും ഉറങ്ങാൻ കണ്ണടയ്ക്കുമ്പോഴെല്ലാം, ആ അജ്ഞാതയുവതി എന്റെ കൺമുമ്പിൽവന്നു ആലിംഗനചുംബനാദികളാൽ ആകർഷിതനാക്കി, എന്നെ നിദ്രാരണ്യത്തിലേക്കു കൊണ്ടുപോകുന്നുണ്ട്. അഹോ! അവളാരോ?

---

പെൺപള്ളിക്കൂടം വാദ്ധ്യായിനിയോടു ഒരു പെൺകുട്ടി:—സാർ! ഭരതൻ ആരായിരുന്നു?

വാദ്ധ്യായിനി:—ഒരു വലിയ രാജ്യതന്ത്രജ്ഞനും നീതിമാനും ആയ രാജാവായിരുന്നു.

കുട്ടി:—സാറിനു തെററിപ്പോയി.

വാദ്ധ്യായിനി:—ഉം?

കുട്ടി:—ഭരതൻ ഒരു മലയാളപണ്ഡിതനായിരുന്നു.

വാദ്ധ്യായിനി:— അതെങ്ങിനെ അറിയാം?

കുട്ടി:—"പണ്ഡിതനായ ഭരതകുമാരനും" എന്നു എഴുത്തച്ഛൻ പറഞ്ഞിട്ടുണ്ടല്ലോ.

* * *

# പണമഹിമ

—o—

(തുള്ളൽ)

---

[എ. വി]

ഹര ഹര! ശിവ ശിവ! കഠിനം കഠിനം
ധരനരചേഷ്ടിതമെത്ര വിചിത്രം;
പണമഹിമയ്ക്കുള്ളതിനെ കഥിപ്പാൻ
ഫണിമന്നവനാധിയുള്ളവനാം പണി പണി
സുരപാനം വ്യഭിചാരം പലവിധ-
നരനാശങ്ങളനുഷ്ഠിച്ചീടാം
ധർമ്മാധർമ്മ വിവേചനമെന്യേ
നിർമ്മര്യാദകൾ പലതും ചെയ്യാം
സജ്ജനദൂഷണമുരചെയ്യാം പല-
ദുർജ്ജനനിവഹം പാട്ടിൽ വരുത്താം
പുറമേ മധുരവചസ്സോതാം പുന-
രകമേ കടുഗരളത്തെ വഹിക്കാം
സാഹസികന്മാർക്കതവികൾ ചെയ്തി-
ട്ടാഹവമവരെക്കൊണ്ടു നടത്താം
കൈക്കൂലിക്കു വശംവദരാം ചില-
കക്ഷിവരൊട്ടു സന്ധി പിണയ്ക്കാം
കൊലകൾ നടത്താം പുരകൾ കരിയ്ക്കാ-
മലമപരാധം ത്വന്യരിലാക്കാം
ഉള്ളൊരുവസ്തുതയകലത്താക്കി
കള്ളസ്സാക്ഷികൾ പലതെഴുതിക്കാം
മുള്ളു പറഞ്ഞതിമാന്യരൊടേററി-
ട്ടുള്ളതശേഷവുമപരോധിയ്ക്കാം
ഷർട്ടും കോട്ടും സ്റ്റാക്കിൻസും പല-
തിട്ടുമുറുക്കിട്ടതിമേളത്തിൽ,
വാരസ്ത്രീഗണനികടേ ചെന്നട-
നാരവഹീനം മൊഴികൾ കഥിക്കാം
ഭാസുരഗാത്രം കണ്ടാലിവരുടെ-
യാസുരമാശയമാർക്കറിയാവൂ
വഞ്ചനയെന്നതു കണികാണാത്ത-
രഞ്ജിതമാനസരായ ജനത്തിനു,
വഞ്ചതിയാളി വലച്ചീടുന്നവർ
പഞ്ചമഹാപാപികൾതാൻ നിയതം
ദുഷ്ടർ പണമുണ്ടാകിലിതിൻപടി
കഷ്ടപ്പാടുകളേൾക്കണമാരും
ശിഷ്ടന്മാർക്കതു കരഗതമാകിൽ വി-
ശിഷ്ടതരം പല ഗുണഗണമുളവാം.

—:o:—

# "ഞങ്ങടിനോട്"

—o—

(ളൊട്ടി കവി)

അയിസരസ "വിദൂഷകാ"! സലാംസ-
ജ്ജയിനം ശിമംഗളമസ്തു നിസ്തുലാഢ്യ!
ഉയിരെഴുമൊരു ലേഖനാന്തരുന്നേൻ,
മയി കൃപയാ, കളയാതെടുത്തു കൊൾക.

—o—

ദ്യോവിൻസമാനതകലർന്ന മരുന്നവഞ്ചി-
ഭൂവിങ്കലുണ്ടൊരു പുരം പെരമല്ലസിപ്പൂ-
കോംവിപ്പുരപ്പൊട്ടുമഹാപുരുഷസ്യജായാ
ദേവിയ്ക്കിരിപ്പതിനു കെട്ടിയ പന്തൽപോലെ. (൧)

ടിപ്പണം:—ദ്യോവിൻസമാനത=അനന്തതുല്യത; മഹാപുരുഷസ്യ= മഹാപുരുഷന്റെ (പുരുഷേഷു വിഷ്ണുഃ)

ശ്രുപേഷു ബ്രിട്ടീഷ് ലഹരീഷു വിസ്കീ
കതീഷു രാജേഷ്സ് കരണേഷു മങ്കീഃ
പത്രേഷു ഡെയ്ലി' പുരുഷേഷു വിഷ്ണുഃ
കാവ്യേഷു ഖണ്ഡഃ കവി ളൊട്ടി ലോകേ.

എന്നാറിക

ആളുണ്ടു പാരമവിടെപ്പുരദേശികൾക്കേ-
കോളുള്ള മത്തതപുലത്തിട്ടവാൻ നിതാന്തം
തോളുണ്ടു നല്ലകനമുള്ളൊരു "താവുതാങ്ങാൻ"
താളുണ്ടുതൃപ്തിയടയുന്നവരുണ്ടസംഖ്യം. (൨)

താളുണ്ടുതൃപ്തി= ന്യൂസ്പേപ്പർ പാരായണംകൊണ്ടുണ്ടാകുന്ന അലംഭാവം.

പോലീസുകാർ ഭരണതന്ത്രതവിട്ടനല്ല-
പോ ലീസുകാട്ടുമധികാരികൾ, മൂകപൈതരർ
ജോലയ്ക്കു നിത്യമലയുന്നവർ, തോട്ടിയായോർ:
കൂലിയ്ക്കുകത്തുഗതിയാന്നവർ, യാചകന്മാർ. (൩)

ഈസ്=ഇളക്കം (അധികപ്രസംഗം)

ഫീ സാപ്പിടും ശ്രമകവൃന്ദവുമുണ്ട്, വക്കീൽ-
ഫീസാപ്പിടുന്നതിന് ലായ്ക്കുപറിയ്ക്കുവോരും,
ഹാസാമൃതം വഴിയിൽബാലികമാർക്ക നൽകും
ഹാസ്യാഹസീകരസികൌഘവുമെന്നുവേണ്ട. (൪)

ഫീസാപ്പിടുന്നതിന്=ഫീസാകുന്ന ആപ്പ് ഇടുന്നതിന്. വഴിയിൽ ബാലിക=വിദ്യാർത്ഥിനി.

മെച്ചംപിടിച്ച് നവമായൊരു ബോർഡു "സക്കാർ
മച്ചമ്പി"യെന്നു നിജഫാലതലേ ധരിപ്പോർ
സ്വച്ഛന്ദമന്ദഗമനം നനവൊത്തുവെന്നി-
ട്ടൊച്ചയൊത്ത യോഷകളുമുണ്ടവിടത്തിലേറെ. (൫)

ഒച്ചു=ഒരു ഇഴജന്തു. ഇതു് ദേഹത്തിൽനിന്ന് നിർഗ്ഗളിക്കുന്ന നീരംകൊണ്ടു് പോകുന്നവഴിയെ അടയാളപ്പെടുത്തുന്നു. ഇതിൽനിന്നും അവിടത്തെ സ്ത്രീകളുടെ ശരീരശൈത്യം ഊഹിച്ചുകൊള്ളണം.

കാളേജ്കുട്ടികളുമായ് വിലസുന്ന നമ്മെ..
ക്കാ ളേജുകൂടിയവരും പറിതാക്കളത്രേ!
സ്ക്കൂളുകളുണ്ട് ചിലമാത്രയ് ലാക്ഷമാംഗ്ലൂ-
നാളേജ് നൽകുവതിനങ്ങൊരു "തമ്പി"യൊപ്പം.

ആംഗ്ലനാളേജ്= ഇംഗ്ലീഷ് പരിജ്ഞാനം. തമ്പിഒപ്പം=മുൻപറഞ്ഞ കാളേജിന്റെ ഒരു തമ്പി (അനുജൻ) എന്നപോലെ. ചിലമാത്ര= എത്രയും ചുരുങ്ങിയ കാലം. ചുരുങ്ങിയ ചിലവ്.

നിർമ്മാണമായവിടെയുണ്ടൊരു കൂട്ടം, മേളും
ചുമ്മാ കലർത്തിച്ച് സമയം വിഫലീകരിപ്പാൻ.
കമ്മാനസാരമതിലെത്തുകിലിന്ദ്രചന്ദ്ര-
ബ്രഹ്മാദിസൽപദമവർക്ക ലഭിച്ചിടുംപോൽ. (൬)

കൂട്ടം=സംഘം. കമ്മാനസാരം=യോഗംപോലെ (പരിശ്രമം അനുസരിച്ച് എന്നും)

---

ഒരു മലയാളം (പെൺ) പള്ളിക്കൂടം തൂപ്പുകാരിയോടു അവിടത്തെ ഹെഡ്മാസ്റ്റർ സ്വന്തഭാഷയിൽ പറയുന്നു:-

സ്ഥലം ബാലികാകലാലയത്തിന്റെ ബഹിരന്തർഭാഗങ്ങളിൽ നടശീഥിനിയുടെ സ്തുതിപാഠകരായ ജംബുകവൃന്ദം 'പാദപ്രക്ഷാ' ളനം ചെയ്തിരിക്കുന്നതിനെ തത്രഭവതി ദൃശ്യതാം. സമ്മാർജ്ജയതാം.

തൂപ്പുകാരി:-ഇതെന്തൊരു ചമ്മാളിപ്പുങ്ങുന്നേ?

*        *        *

ഒരു വൃശ്ചികമാസരാമായണവായനക്കാരൻ

വൃദ്ധൻ:—(മറ്റൊരു പരിഷ്കാരിയോട്)അല്ലേ സാറെ ഈ സവർണ്ണജാതാ മഹാറാണിയെ മുഖം കാണിച്ചിട്ടു എന്തു പ്രയോജനമാണുണ്ടായതു്?

പരിഷ്കാരി:—നിയമസഭയുടെ തീരുമാനത്തിന്മേൽ ഗാഢമായി ആലോചിക്കാമെന്നു കല്പിച്ചു.

വൃദ്ധൻ:—നിയമസഭ രാമായണത്തേക്കാൾ ശ്രേഷ്ഠമല്ലല്ലൊ. രാമായണത്തിൽ "ബുദ്ധരെന്നാകിൽ കടുതുകയും വേണം പലതിക്കേളും വിഷാദവും കൂടാതെ" എന്നു പറഞ്ഞിട്ടുണ്ടല്ലോ.

*        *        *

കയ്യാച്ചന്നച്ചുളി യമുഖ്യരെയങ്ങു രാക-
വയ്യാത്തക്രൂരറൊട്ടുത്തുണയ്ക്കുക കാരണത്താൽ
ചെയ്യാത്തതെന്തു? യജമാനഹിതപ്പടിയ്ക്കാ-
മെയ്യാണ്ടവന്മതികൾ ഭക്തിവിലാസദാസർ (൯൮)

രാകവയ്യാത്ത=രാകിക്കളയ്യാൻകഴിയാത്ത
മെയ്യാണ്ട=സ്വാധീനതയുള്ള

കാണുന്നാപാതകളിലൊക്കെയുമോടി മോട്ടാർ-
ചേണാററവാനിനെ മറച്ചിട്ടമാറുയത്തും.
രേണുക്കളന്തർപടലവും പുതുവൽഭ്രമത്താൽ
കേണററാബന്ധുജനമങ്ങു പതിച്ചെട്ടപ്പൂ- (൯൯)

ഏവംവപിച്ചതുമവാചികമായതുംചേ-
ന്നാവണ്ണമെഴും നഗരമേററവുമുല്ലസിയ്ക്കേ
ദൈവംപിഴച്ചതുനിമിത്തമൊരുത്തനത്തൽ
ഭാവംപുലന്ന് നിജവീട്ടുപടിയ്ക്കൽനിൽപ്പൂ. (൱൦)

'പുലന്ന്' എന്നതിൽനിന്നും കഥാരംഭകാലം അതിരാവിലെ അല്ലെന്നു കാൺക.

നേത്രം കുഴിഞ്ഞു. "കവിളൊട്ടി";ശിരസ്സിലല്പ-
മാത്രം വെളുത്തമുടി നില്പതു കാററിലാടി,
ഗാത്രംമെലിഞ്ഞു; വടിയൂന്നി, വിറച്ചു്, കൂനി,
വസ്ത്രം ത്രുരത്തിയ,വനാണട്ടു"സ്വത്രുപ"മേവം (൱൧)

സ്വത്രുപം എന്ന പദത്തിൽനിന്നും അയാൾ ജാതിയിൽ നായർവർഗ്ഗത്തിലുൾപ്പെട്ട "ത്രുപ്"ക്കാരനാണെന്നു് വായനക്കാർ ഗ്രഹിച്ചുകൊള്ളണമെന്നു കവി പ്രാർത്ഥിക്കുന്നു. ഒട്ടികവി (കവിളൊട്ടി) എന്നു കവിനാമമുദ്ര. വള്ളത്തോളിനെ അതിശയിപ്പിക്കും ചിത്രശ്ലോകമാണിതു്.

പൃഷ്ടിയ്ക്കു ലേഖനപരമ്പരയെ പ്രതീക്ഷി-
ച്ചുഷ്ടിക്കുമുട്ടിയൊരെഡിററർ വസിപ്പതൊപ്പം
തുഷ്ടിയ്ക്കുഹാനി തടവുന്നൊരയാൾ സ്വകീയ-
ദൃഷ്ടിയ്ക്കു ദൂരഗതിനൽകുവതെന്തിനാവാം? (൱൨)

എന്തിനാവാം എന്നു് കവിപോലും സംശയിച്ചുപോകുന്നതിനാൽ "സസന്ദേഹാലങ്കാരം".

ദൂരത്തുനിന്നൊരുവനോടിയണഞ്ഞു തസ്യ
ചാരത്തതാ മൊഴിയുമസ്ഫുടമെന്തൊം?
"നേരത്തെയൊററവതിനായ് ഭവനത്തിലുച്ച
നേരത്തു ഡാക്കർ തലകെട്ടി വരുന്നു"വെന്നോ (൱൩)

മൊഴിയും=പറയുന്ന ഡാക്കർ തലകെട്ടി=സ്ത്രീയാണെന്നു ശങ്കിക്കരുതു്. തലക്കെട്ടു കൂടാതെ കാണാൻ അന്യർക്കു സാധിക്കായ്കയാൽ ഡാക്കർക്കു ഈ പേരുണ്ടായി.

"പെണ്ണിന്റെ തീനചമനം കൊലയെതെവമേ ചാ-
മുണ്ണി വരുത്തണം;മരട്ടതരാം കിടാ ഞാൻ"
കണ്ണിൽജലം പെരുകിയേവമുരച്ചു നേർച്ച-
*യെണ്ണിക്കുറിച്ചു് വടിയൂന്നി ഗൃഹാന്തമെത്തി (൱൪)

വടിയൂന്നി=വടി ഊന്നായിട്ടുള്ളവൻ-വൃദ്ധൻ.

പൂട്ടുണ്ടു,വാതലിനു സാക്ഷകളുണ്ടു, തൊട്ടി-
തൊട്ടുള്ള 'ഭാഗമതിലേ' ററവുമുണ്ടു പിന്നെ
തട്ടുണ്ടട്ടക്കളയിൽ ഭക്ഷ്യമടപ്പുമുണ്ടു്
തുട്ടുള്ള പെട്ടികളുമുണ്ടു ഗൃഹം മനോജ്ഞം (൱൫)

ഈ വീട്ടിലാണു് ആദ്യോഹരിഭാഗം ആദ്യം നടന്നതു്, ആ വീട്ടുകാർ മതിലുകളെ പോലും ഭാഗിച്ചു കഴിഞ്ഞിരുന്നു എന്നതിനെയാണു് "ഭാഗമതിൽ" സൂചിപ്പിക്കുന്നതു്.

ഈവണ്ണമുള്ളഭവനത്തിനകത്തൊരുത്തി
വൈവശ്യമോട്ടപനിബാധിതയായ്ക്കിടപ്പൂ
കൈവന്നരോഷമൊടരാതിയെ നോക്കി മന്ദം
ധീവമ്പനെന്നവിധമായവൾ മൂളിമൂളി. (൱൬)

ധീവമ്പൻ=ബുദ്ധിമാൻ. ശത്രുക്കളോടു അണഞ്ഞു കലഹം ഉണ്ടാക്കാതെ കേവലം രണ്ടുമൂന്നു മൂളൽ കൊണ്ടു മാത്രം അവരെ ഓട്ടിയ്ക്കുകയാണു് ബുദ്ധിമാൻ ചെയ്യുന്നതു്.

ബാററൻതടിപ്പുള്ള ഭരിപ്പൊരു നാട്ടുപോലെ
ക്രൂററൻെറബാധതടവും ശിഷ്യമാഹപോലെ
അദ്ധ്യാപകോദരഗതാമലവററുപോലെ-
യത്യാധിപൂണ്ടിതവളും ഗദമേൽക്കയാലെ (൱൭

വററ്=വററിയാത്തവർ പററുംഅറിയുമോ? "വററുപററിതിഃചാറന്നമോദനം ശാതമിത്യപി" ഇത്യമരഃ

ഇത്തനപിവൃദ്ധന്നസുതാ, സപിതാവവൾക്കു
ള്ളത്തൽത്തുരത്തി സുഖമൊത്തുവളർത്തിവന്നു
ചത്തമ്മനമ്മുടയ രോഗിണിബാല്യമാംകാ-
ലത്തന്നുതൊട്ടുതുണ താതനൊഴിഞ്ഞുനാസ്തി (൱൮

"ചത്തമ്മനമ്മുടയ"എന്ന പ്രയോഗത്താൽ സംഭവിച്ച അറംനിമിത്തം കവി ബാല്യത്തിലേ മാതൃവിഹീനനാകാനിടയായി.

---

*"യെണ്ണിക്കുറിച്ചു് നിജരേഃശമണഞ്ഞുവൃദ്ധൻ" എന്നു പാഠാന്തരം.

തഞ്ചായസ്സൂത്രസൂതാപാംനമെത്തിയേററം
സഞ്ജാതമാക്കിയഝഞ്ജാ വിജനതപമാററാൻ
കഞ്ജായതാക്ഷിമകളുണ്ടൊരുതാങ്ങിനെന്നോ-
ർത്താൻ, ജാലകാലനിലകണ്ടറിയാത്തവൃദ്ധൻ (൫൯)

വൃദ്ധന്മാക്ക "താങ്ങു" അത്യാവശ്യം.

പെട്ടെന്നവർക്കു പനിയൊന്നുപകന്നു രോഗം
മട്ടൊന്നുമാറിവലുതായൊരുസന്നിയുണ്ടായ്,
കേട്ടാവിശേഷമയൽവാസികളോടിവന്നെ-
പ്പെട്ടാർ, കെട്ടപ്പതിന്നു സന്നിബലത്തെവേഗം (൬൦)

അത്ഥാ-സ്സുഷ്ടം- അലങ്കാരംസ്സ്പിരിററ്. ലക്ഷണം:-

വായനക്കാക്കപെട്ടെന്നു
വികാരംതെളിയിച്ചിട്ടും
കവിതാരീതിമാററംതാൻ
"സ്പിരിററാ"ഖ്യയലംകൃതി.

ഉദാ:—

അക്കാട്ടിലുറപ്പെട്ട മുനീന്ദ്രരെല്ലാം
വസന്തമോക്കൊത്തുള്ളവായനേരം
പെട്ടെന്നുദിച്ചോരു വികാരമുള്ളിൽ
തട്ടാതിരിപ്പാൻ പണിചെയ്തുപാരം.

കു. സം.

"അയ്യോ ചതിച്ചിടരു"തെന്നുപറഞ്ഞുപുത്രീ-
മെയ്യോട്ടുചേരുമുടനോടിവെളിയ്ക്കിറങ്ങും।
കയ്യോങ്ങനെഞ്ഞത്തലറയും,മതികെട്ടുവീഴും,
വയ്യോത്തുവാൻവയസനന്നുകലന്നദുഃഖം. (൬൫)

വൃദ്ധന്റെ വൈവശ്യാവസ്ഥയെ കവി മുഴുവൻ പറയാതെ മദ്ധ്യേവെച്ചു നിത്തിക്കളകയാൽ ആക്ഷേപാലങ്കാരം ഈ ശ്ലോകത്തിൽ വേറെയും ആക്ഷേപം ഇല്ലാതില്ലാ. ദുഃഖാവസ്ഥ മുഴുവൻ വണ്ണിയ്ക്കാൻ കവിയ്ക്കു മനക്കട്ടിയില്ലാ "കവിയും ഹന്ത മനുഷ്യനല്ലയോ?"

---

രണ്ടു സ്ക്രൂൾ ഫൈനൽ വിദ്യാത്ഥിനികളിൽ ഒരുവൾ:— അന്നേ പണ്ടും ഭാരതത്തിൽ കമ്പനിവള്ളക്കാരുണ്ടായിരുന്നു. അല്ലേ?

മറേറവൾ:—അങ്ങിനെ 'അയ്യങ്കാർ സാറിന്റെ' ചരിത്രത്തിലുണ്ടോ?

ഒരുവൾ:— ചരിത്രത്തിലോ. രാമായണത്തിൽ ഗുഹൻ ഒരു വലിയ കമ്പനിവള്ളം ഏജൻറായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. "അത്തൂവതോണി വരുത്തി നിരത്തിനാൻ"-

അനന്തരമന്നിഷയനാത്തിനകത്തു ഡാക്ടർ
വന്നെത്തി വൃദ്ധഹൃദയത്തിനല്പമുത്തു,
പിന്നെപ്പിരിഞ്ഞുമറിവൈദ്യരൊടൊത്തു ശു-
ശ്രൂഷണോത്തിനോക്കിമരവും യമദൂതരും താം (൬൧)

ധന്വന്തരിയ്ക്കുസമനായ ഭിഷക്കുമന്ദം
തന്വംഗിതൻകരമെടുത്തൊരു നാഡിനോക്കി
ഒന്നോത്തുകൽക്കടകതൈലമുടൻവടിച്ചി-
ട്ടന്നാകിൽനന്നതിനു ഞണ്ടുവരുത്തുകെന്നാൻ (൬൨

ഈ ഡാക്ടർ ഏതുരോഗവും ഒരേററ നാഡികൊണ്ടാണ അറിഞ്ഞുവരുന്നതു്. അതിനാലാണ ഒരു നാഡിയെന്നു ഇവിടെ കവി പ്രയോഗിച്ചിട്ടുള്ളതു് അല്ലാതെ വെറും ആപ്പല്ലാ. ഞണ്ടു്= പാടങ്ങളിൽ വസിക്കുന്ന ഒരു ജീവി.

ഓടോട്ടു കേശവ മരുന്നിനു "ഞണ്ടിനോട്," എ-
ന്നാടോപഹീനമഥ വൃദ്ധനൊടോതിവൃദ്ധൻ
പാടത്തിലേയ്ക്കുപരിചാരകനന്തിരിച്ചാൻ
തേടിപ്പിടിപ്പതിനു ഞണ്ടുകളെക്ഷണേന. (൬൩)

കേശവൻ=വൃദ്ധന്റെ ഭൃത്യൻ.

വണ്ടിടഞ്ഞകചമാണ്ടൊരാമൂഢ-
ച്ചുണ്ടിതൻകഥകഴിപ്പതിന്നിനി
ഞണ്ടിനോടിയവനെത്തി തൽഫലം
കണ്ടിടട്ടുവരെക്ഷമിക്കുവിൻ. (൬൪)

എന്നു പ്രിയവായനക്കാരോട് 'നല്ലവാക്കു' പറഞ്ഞു കവി തല്ക്കാലം ഒന്നുംചെയ്യുന്നില്ല.

---

ഒരു ഗ്രന്ഥവിമർശകൻ ഗ്രന്ഥകത്താവിനോടു്.- ഞാൻ നിങ്ങളുടെ പുസ്തകം ആപാദചൂഡം വായിച്ചുനോക്കി. അതിൽ ഞാനെത്രയോ 'നവീന'വും വാസ്തവവുമായ കാര്യങ്ങളും കാണുകയുണ്ടായി. (ഗ്രന്ഥകത്താവു ഇതുകേട്ടു വളരെ സന്തുഷ്ടനായി.) പക്ഷെ-എന്നു വിമർശകൻ തുടന്നു:-അതിൽ വാസ്തവമായി പറഞ്ഞിട്ടുള്ളതൊന്നും നവീനമല്ല. നവീനമായി കുറിച്ചിട്ടുള്ളവ വാസ്തവവുമല്ല.

* * *

യജമാനൻ:—നീ ഈ പ്രദേശത്തുവെച്ചു വലിയ ഒരു കള്ളനും വിശ്വസിക്കാൻ പാടില്ലാത്തവനാണെന്നു ഞാൻ മുമ്പുതന്നെ കേട്ടിട്ടുണ്ടു്.

ഭൃത്യൻ:—ഈ പ്രദേശത്തു അങ്ങുന്നുവന്നതു എന്റെ സ്വഭാവത്തെ അപഹരിച്ചുകൊണ്ടുപോകാനായിരിക്കുമോ?

# ദീപജ്വാലയുടെ ആവരണം.

— ൦ —

(ഒരു പ്രസിദ്ധമഹാസഭയിൽ ഒരു മഹാ പണ്ഡിതൻ വായിച്ച ഉപന്യാസം.)

[ബി. വി.]

ലോകൈകമഹാസമ്രാട്ടാം ലഘുജീവിതത്തെ ട്രേപ്ട പനമാവിൽ കടത്തിവിട്ടിരുന്ന കാലത്തു ബാബേൽ ഗ്രീഷ്യന്റെ സമീപത്തു ജപ്പാൻ ദ്വാ സായവിളപ്പ് ആക്രമിച്ചിരുന്ന കാലത്ത്. അഗ്നിസാക്ഷികമായി ഗ്രന്ഥങ്ങളെ ആരാധിച്ചുവന്നിരുന്ന കേരളീയരിൽ ഒട്ടുവളരെയാളുകൾ ദീപാവരണത്തിന്റെ ദോഷം അനുഭവിച്ചറിഞ്ഞിരിക്കും. അതുകൊണ്ട്, ആവരണത്തിന്റെ അത്യാവശ്യം ആദ്യമേ ആവർത്തിച്ചു പറയേണ്ടതായിട്ടില്ല. ഭേദസാധനങ്ങളുടെ ദൂഷിതവും, രാസയോഗത്തിലുണ്ടായ കുഴപ്പവും, പദാർത്ഥത്തിന്റെ തന്മയതാത്മ്യം. ഭംഗികളും, ഉപയോഗയോഗ്യതയ്ക്കും ന്യൂനത വരുത്തുമെന്നു എല്ലാവരും ഒരുമിച്ചു സമ്മതിക്കും. പരിവൃത്തലോകത്തിൽ പുതിയ പരിവർത്തനഘട്ടത്തിൽ പുണ്യാത്മാക്കളുടെ പരിഷത്തിന്റെ മധ്യത്തിൽ ചേർന്നിട്ടു ക്ഷണഭംഗുരമായ ശരീരംകൊണ്ടു പൊതിയാനിടവന്നിരിക്കുന്ന ദിവ്യശക്തിയെ സ്വമാലിന്യംകൊണ്ടു തടഞ്ഞു നിരുപയോഗമാക്കിച്ചെയ്യുന്ന അവസ്ഥ അതിദയനീയം! അത്യന്തദുസ്സഹം!!

ദീപത്തിന്റെ നിശ്ചലതയ്ക്കും, പ്രകൃതിശക്തികളുടെ സംഘട്ടനത്തിൽ അതിനു സംഭവിക്കാവുന്ന നാശത്തിന്റെ പരിഹാരത്തിനും ഉതകണമെന്നു കരുതിയാണു ചിമ്മിനികൊണ്ടു മറയ്ക്കാറുള്ളത്. എന്നാൽ, ചിമ്മിനിയുടെ ഉല്പാദനവിഷയത്തിൽ ഉദ്യുക്തരായ കൂട്ടരുടെ അജ്ഞതയും, ശാസ്ത്രവിരുദ്ധമായ പ്രവൃത്തിയും അതിന്റെ നന്മയെ തിന്മയാക്കിക്കളഞ്ഞാൽ, ക്രേതാവിന്റെ ആഗ്രഹം വിഫലമാകുമെന്നു ആരറിയാതിരിക്കും? ക്രേതൃസ്ഥാനം വിദേശജന്മത്തെ വിലവെച്ചു ഗുണപൌഷ്കല്യസ്വഭാവം ലഭിപ്പിക്കണമെന്നുപക്ഷം കണ്ണുള്ള കാണികൾ കണ്ണീരിൽക്കുളിക്കുവാൻ കഷ്ണിക്കേണ്ടല്ലോ. മുററത്തെ മുല്ലപ്പൂക്കൾക്കു. കാടും മേടും, കടലും കായലും, കടന്നുപോന്നു പവനങ്ങളനുകൊടുത്തു കൊണ്ടുവരുന്ന കറുമൊഴിയോളം മണവും ഗുണവും. ഇളപ്പും വെളുപ്പും, മറവും മറവും ഇല്ലെന്നു തിരുവായിതാംശ്രുതിക്കാർ തീർത്തുപറയുവാൻ എളുപ്പവഴി വെട്ടിത്തെളിച്ചിട്ടു എത്രയോ കാലം കഴിഞ്ഞിരിക്കുന്നു. അഭിമാനവും, നാണവും, ചുണയും, ചൊടിതയും ഉള്ള മനുഷ്യജന്തുക്കൾ ഇതോർത്തു മനപ്പായസം ഭുജിക്കാൻ കൈകഴുകുകയില്ല.

അനേകായിരം പെരുന്തച്ചന്മാർ നട്ടു നനച്ചു വളർത്താതെ സൃഷ്ടിച്ചു പുഷ്ടിപ്പെടുത്തി ഭാവിയിൽ ഉത്തമഫലദാതാക്കളാക്കുവാൻ ഒരുക്കുന്ന ഒന്നാന്തരം കർഷകന്മാരെ ഒരുപോലെ ഓടിക്കുന്ന ആരാച്ചാരന്മാരെ അധികാരദണ്ഡം ഇനിയും ധരിപ്പിക്കണമോ? നിലവും വിത്തും കണ്ടിട്ടില്ലാത്ത പിതാവിന്റെ സമ്പ്രദായം വായിച്ചുംപഠിച്ചും ഗ്രഹിച്ചിട്ടില്ലാതെ കാലുവഴി വെള്ളം ഒഴുക്കി നനയ്ക്കുന്നെന്നുമാത്രം ധരിച്ചിട്ടുള്ള ഒന്നും ഉന്നാത്ത റൗക്കാരെ ഓതിരം കടകം പയററാനല്ലാതെ ഉപയോഗപ്പെടുത്താമോ? ഇവരുടെ മൂച്ചുകേറി കൊച്ചുതൈകളും വളർന്നിട്ടിരുന്ന തങ്ങളുടെ കൂട്ടുലതകളും മുച്ചൂടും നിന്ന നിലയിൽ കരുകിപ്പോകയല്ലയോ? വേഷവും ഭാഷയും യോജിക്കാതെയുള്ള ഇക്കൃഷീവലന്മാർ വിളതിന്നുന്ന വേലികളെപ്പോലെ നാശകാരകരാകുന്ന കാരണം കാണുന്നില്ല. എത്ര തൈ മുടിഞ്ഞാലെന്താണ്? വിളഞ്ഞാലെന്താണ്? നരച്ചു കുരുടിച്ചാലെന്താണ്? വിളവെടുപ്പുകാലത്തു ഫലം അനുഭവത്തിന്റെ അപ്പുപ്പനായിരുന്നാലെന്താണ്? മാസാമാസം അട്ടിയിട്ടുകിട്ടിയാൽ. കുട്ടവെച്ചു വാരിയോ, കൈയിൽവെച്ചു ഫർ-മിനിട്ടുനേരം തെന്നിച്ചോ കണക്കുകൂട്ടുന്നവരുള്ള യോഗം കുറയുമോ? ഇതിനുമീതെ കാലത്തും വൈകിട്ടും ഉഴറി നടന്നു കാപ്പികുടിക്കുന്നസ്ഥലങ്ങളിലെ പണപ്പെട്ടിയുടെ ഉള്ളിൽനിന്നു ഇറങ്ങിവരുന്ന ചെറിയതരം പ്രവാഹം എവിടെ അവസാനിക്കുമെന്നു ആർക്കും സൂക്ഷ്മപ്പെടുത്താം. ഇക്കൂട്ടരുടെ "മണ്ടയിലെ വര" പിറകോട്ടുമാററി മുടിക്കിടയ്ക്കു ഒളിച്ചുവരച്ചിരിക്കയാകകൊണ്ടാണു മററാർക്കും ഗ്രഹിപ്പാൻ സാദ്ധ്യമായിരിക്കുന്നതെന്നനുമാനിക്കണം. എന്തിനധികം വിസ്തരിക്കുന്നു? ഈ ടവപ്പൂർത്തി ചെയ്യാതിരുന്നെങ്കിൽ ഈ ദിനങ്ങൾ ഇടവലം നോക്കാതെ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കുവാൻ ഒരുവരായേനെ.

ഇരുട്ടിലുള്ള വെളിച്ചത്തിരിക്കുന്ന സാധനം ഒന്നുകൊണ്ടും ഇളകുന്നതല്ല. കിരീടം ധരിച്ചു മൌനം പിടിച്ചു. മനംപിഴപ്പിച്ചു. കാണികൾക്കു സങ്കടം ജനിപ്പിച്ചു. കോണിലൊളിച്ചു കാലം കഴിക്കുന്ന കാര്യക്കാരന്റെ കണ്ണിൽപ്പെടുവാൻ കാലമൊന്നാകുമോ എന്നു തീർച്ചയില്ല. കോണിലും, കോട്ടയ്ക്കുവെളിയിലും, തെരുവിലും, ഒളിഞ്ഞ വീഥിയിലും ചില പറവമാനക്കാരെ പാർപ്പിച്ചു പൊലിത്തിയും, അവരുടെ വെപ്പുപിടിവോലയുടെ ഫലം അനുഭവിച്ചു താഴെ പുലർന്നു, പാരസ്യംചെയ്തു പവിത്രസദൃശം പോരു പുലരിയിയും പൊന്നെജമാനനായി പരസ്പരഹസ്യം സമകാലം പെരുമപ്പു

ണ്ടു കഴിഞ്ഞുകൂടുവാൻ ചിത്രഗുപ്തനും സമ്മതിച്ചിരിക്കുന്നതു് അത്യത്ഭുതം തന്നെ. വലിയ അങ്ങത്തമാരുടെ ആഗമനമോ, അണിയറയിലേയ്ക്കുള്ള പിൻമാററമോ, ആരാന്റെയും ആലയനിർമ്മാണമോ, പ്രതിമാസ്ഥാപനമോ, ദിക്കുകാരുടെ ക്ഷാമനിവാരണമോ പേരു പറഞ്ഞു 'ഇരപ്പാളികളുടെ കുത്തുപാള' ചെരിച്ചുവീഴ്ത്തിയ സ്വത്തു് 'ഇരക്കാത്തയിരന്നു്' കൈക്കലാക്കി കണക്കു തെററിച്ചു കക്ഷത്തിലൊതുക്കുന്ന വിരുതു് ഒന്നു വേറെ തന്നെ. ഇതിനു ചേർന്ന അടിയോട്ടുകൾ മുഴുവൻ നിരത്തിത്തീർന്നാലുള്ള ബഹളം അന്നേ അറിയാവൂ. ഇടയ്ക്കിടെ ഓട്ട വെച്ചിട്ടു് എത്ര വളർന്നു വന്നിരിക്കുന്നു. ഇനിയും ചില മുറിയോട്ടു ചെലുത്തിക്കഴിയുമ്പോൾ ഒരിക്കലും ഓട്ട വീഴാനുമില്ല.

പരിശുദ്ധമായ ജ്ഞാനദീപത്തിന്റെ രക്ഷയ്ക്കു ഇത്തരം ആവരണം എന്തു ഫലം ചെയ്യും? ഇതെടുത്തു ചുരണ്ടി മിനുക്കി തേച്ചുകഴുകി, ഗംഗാജലവും പുണ്യാഹവും പ്രോക്ഷിച്ചു്, വെയിലത്തും, പഞ്ചാഗ്നിമദ്ധ്യത്തിലും തപിപ്പിച്ചു്, ഉപവസിപ്പിച്ചു. സകല കർമ്മങ്ങളും ഉചിതംപോലെ ചെയ്യിച്ചു ഉപയോഗിക്കണം. ഊരും പേരും മാററി, ഉടലും വടിവും നന്നാക്കി ഉള്ളിലെ മാലിന്യം അകററി, ജാതിക്കാരെ മുറയ്ക്കുമുറയ്ക്കാകർഷിപ്പാനുള്ള വിരുതു കുറയുമാറു ശക്തി ഘടിപ്പിച്ചു മിനുമിനുസമാക്കിയാൽ ദീപരക്ഷയ്ക്കും പ്രകാശപ്പൊലിമയ്ക്കും സഹായിച്ചേയ്ക്കും. പരിഷ്കാരമെന്ന ചുഴലി അടിച്ചുകേറി വന്ന വരവിനു് എല്ലാം തകിടം മറിഞ്ഞ കൂട്ടത്തിൽ ഇങ്ങനെ ചിലതു് അററം പററിപ്പോയതാണെന്നു് ദൃഢമായി കലാശിച്ചിരിക്കുന്നതു്.

ഇംഗ്ലീഷ് പഠിക്കുന്നതിനു ബനിയനിട്ടവരും മലയാളം അഭ്യസിക്കുവാൻ കൽപ്പലക വാങ്ങിച്ചവരും ഒരുപോലെ തല കായിക്കുന്നു. ആവലാധിപ്പെടുന്നു. ആരറിയുന്നു? എത്ര പത്രം പറഞ്ഞാലും, എത്ര മാസികകൾ പ്രശ്നം വെച്ചാലും, ഗോചരം കണക്കാക്കിയാലും, പന്തേണി കളിച്ചാലും, നാടകം അഭിനയിച്ചാലും, പ്രഹസനങ്ങൾ കൊണ്ടുപിടിച്ചാലും, പണ്ടാരോ പവിത്രത്തിന്റെ മീതിലും കടമ്പാരത്തും കടിപ്പിച്ച വർഗ്ഗക്കാർ കണ്ണുമടച്ചു കഴിഞ്ഞുകൂടുന്ന കാലത്തോളം, മലയാളവും, മേൽ ഗതിയില്ലാത്ത കാര്യംനോട്ടവും അവസാനിക്കയില്ല. നിയമസഭയിലും പാപ്പിലർ അസംബ്ലിയിലും നാലുപേരു കൂടുന്നിടത്തും വാഗ്വാദവും ഗുസ്തിപിടിത്തവും കഴിച്ചാലും കാര്യലാഭമൊന്നുമില്ല. കാലം മറിഞ്ഞു കാലൻപോലും തിരിഞ്ഞു കക്ഷിമാറികൈക്കൊട്ടുത്തു കഴിഞ്ഞു. ധർമ്മരാജ്യത്തു ഉദ്യോഗകാലാവധി നീട്ടിത്തുടങ്ങുന്നതിനു വളരെ മുൻപുതന്നെ ധർമ്മരാജപുരിയിൽ ഒരു കൂട്ടരുടെ ആയുസ്സ് അച്ചിലിട്ടു വലിച്ചു തുടങ്ങിയിരിക്കുന്നു. ഇനി

## ഉദ്യോഗസ്ഥപ്രഭാവം

(തുള്ളൽ)

[അരുണൻ]

മുക്കണ്ണനുള്ള ത്രിപുരാന്തകനുടെ
മക്കളിൽമൂത്തൊരു ഗണനായകനേ,
ചക്കരയപ്പമവൽപ്പൊരിയുക്കൻ
ചക്കപ്രഥമൻ മുതലായുള്ളവ
കിട്ടുകിലപ്പിടിസാപ്പിട്ടാകെ-
നീട്ടുന്നവരിൽ കനിവുകലർന്നും
മേവുംനിന്നുടെ കുംഭനിറയ്ക്കാ-
നാവില്ലെന്നെക്കൊണ്ടുതരിമ്പും.
അതിനാലീർഷ്യഭവിക്കാതൻപൊടു
പതിയേണംതവനേത്രമിതിംകൽ.
വാണീനിൻകൃപയർത്ഥിച്ചിഹഞാൻ
വാണീടുന്നുകടാക്ഷിച്ചാലും
ഇക്കാലത്തുള്ളുദ്യോഗസ്ഥ-
ന്മാർക്കെഴുമതിയാം ധിക്കൃതിയെല്ലാം
കണ്ടുംകേട്ടുമിരിക്കുന്നവരിതു
കണ്ടുഹസിപ്പാനിടയാകില്ല
മീശമുറുക്കിമുഖംവീർപ്പിക്കും
മീശക്കൊമ്പന്മാരിതുകണ്ടാൽ
കാണികനോവികാരമശേഷം
കാണികളെല്ലാം നോക്കിരസിപ്പിൻ
നമ്മുടെമുതലുകൾ തിന്നുമുടിച്ചും
നമ്മുടെദൈവതമെന്നുനടിച്ചും
മോശക്കാരെയധിഭക്ഷിപ്പിച്ചും
നാശംനാട്ടിനു വളരെച്ചെയ്തും
മരുവീടുംചില പൊതുജനദാസ-
ന്മാരുടെകഥ ബഹുചിത്രം! ചിത്രം!
വലിയവരില്ലിവർ ചെറിയവരല്ലി-
ക്കലിവേഷക്കാരെന്നറിയേണം.

---

യൊന്നേ ചെയ്യാനുള്ളു. അങ്ങോട്ടപേക്ഷയയയ്ക്കണം. അച്ചുകൾ എല്ലാം ലേലത്തിലിടുവിക്കണം. ചെന്നു പിടിക്കണം. ഇനിയും അച്ചുകുത്തകത്തരക്കാരുണ്ടാകാതെ തടുക്കണം. എങ്കിലേ ഗുണമുള്ളു.

വിളക്കിന്റെ രണ്ടു ശാഖയും ഒപ്പം മങ്ങിപ്പൊലിയാറായിരിക്കുന്നു. സ്നേഹം പകർന്നു രക്ഷിച്ചാൽ ഗുണമുണ്ടു്. കാണികൾക്കും ഉടയോർക്കും വഴിപോകുന്നവർക്കും കണ്ണു തെളിയാനുള്ള മാർഗ്ഗം കാട്ടുകേറാൻ തുടങ്ങുന്നു. വില കുറഞ്ഞും ഗുണം കൂടിയും കേടു വരാതെയും മെച്ചമേറിയ ആവരണങ്ങൾ എങ്ങും സുലഭം. പൂപ്പുമില്ല, പൂച്ചുമില്ല; എടുക്കണം; വിളക്കിൽ ചേർക്കണം; പ്രകാശം നൂറിരട്ടിക്കും; കാണികൾ രസം പിടിക്കും; കൈ കടിക്കും; ആഹ്ലാദിക്കും.

കേസുവിധിപ്പാൻ കെല്പോട്ടു നിതരാം
കേൾവിപ്പെട്ടോരു മുൻസിപ്പെജമാൻ
മാജിസ്ട്രേട്ടു, മഹാനിൻസ്പെക്ടറർ
മററും ചില ചില പേരൊടിവണ്ണം
കാണുന്നവരിൽ ചിലരുടെ ദുഷ്കൃതി
യാണു കഥിപ്പതു, മററവരാരും
കണ്ടുകയർത്തീടരുതേ നമ്മൊടു
കണ്ടാമണ്ടികളുണ്ടാകരുതേ.
കീഴിൽജ്ജീവനമുള്ളവരെല്ലാം
കഴുതകളെന്നാണിവരുടെ ഭാവം
ഏമാൻവാഴും വസതിയിലേക്കാ-
"യേമാളികള്" വർ ചെല്ലണമത്രേ
ചെന്നില്ലെങ്കിൽ കുററം, വെറുതേ
ചെന്നാലതുമൊരു നീരസഹേതു-
ചെന്നാൽ പതുങ്ങി യൊതുങ്ങി വഴങ്ങി-
പ്പൊന്നേമാൻതുണയെന്നുമുനങ്ങി
നിന്നാലും ബഹുധിക്കാരത്താൽ
നിന്ദിച്ചീടും നിശ്ചയമത്രേ.
"തന്നെക്കാണാനുണ്ടോടൊ-താ-
നിന്നെന്തിന്നായ്‌വിടെഴുനള്ളി
തന്റെയഹമ്മതി തീർത്തീടാം ഞാൻ
തന്റേടം കുറവല്ലതനിക്കു്
പോടോ തന്നുടെ പോക്കിനു-നിന്നാ-
ലോടാനിടയാം പോക്രു വേഗം.
എന്തിനു നില്പൂ നിന്ദിയും വെറുതേ-
സ്വന്തം വല്ലതുമുണ്ടോ പറവാൻ
മാനം വേണോ! സെക്ഷൻ പോലും
മാറണമെന്നോ തന്നുടെ മോഹം
അറിയുന്നുണ്ടതു ഞാൻ, നന്നൊരു നാ-
ളറിയാമല്ലോ... വേണ്ടാ മതിമതി
തന്നെക്കണ്ടാലുടനെ മുങ്ങി-
ത്തന്നെയശുദ്ധിയകററീടേണം."
തന്നരുളപ്പാട് കാത്തുകിടന്നീ-
ട്ടന്നൊരു പട്ടിയൊടൊപ്പം കരുതി
സിൽബന്ധികളെയധിക്ഷേപിക്കും
ദുർബ്ബുദ്ധികളായ് നമ്മുടെ നാട്ടിൽ
ഇങ്ങനെയൊരുവക യുദ്യോഗസ്ഥ-
പ്പൊങ്ങച്ചന്മാരജ്ഞന്മാർ
മേവുന്നുണ്ടിവർ തുലയും കാലം
ഭാവുകമുണ്ടാമെന്നൊരു കണിയാൻ
കവിടിനിരത്തി കണ്ടുപിടിച്ചതു
കവനം ചെയ്തേൻ തുള്ളൽപ്പാട്ടായ്
അറിയേണ്ടുന്നവരിതു മറിയാഞ്ഞാൽ
പറയാം ശേഷമശേഷം വഴിയേ.

—o—

# ബഹുരസം

—:o:—

കുട്ടി:—അച്ഛാ. എനിക്കു സ്ക്കൂളിൽനിന്നു വരുന്ന വഴിക്കു നിരത്തിന്മേൽനിന്നു നാലണ കിട്ടി.

അച്ഛൻ:—നീ അതെന്തുചെയ്തു. ഉടമസ്ഥന്നുതന്നെ മടക്കിക്കൊടുത്തില്ലേ?

കുട്ടി:—ഉവ്വ്. അച്ഛാ.

അച്ഛൻ:—നല്ലകുട്ടി, സത്യസന്ധൻ. കുട്ടികൾ ഹരിശ്ചന്ദ്രമഹാരാജാവെപ്പോലെയിരിക്കണം.

കുട്ടി:—അല്ലാതെ ഇക്കാര്യത്തിൽ നിവൃത്തിയുണ്ടായില്ല. ഉടമസ്ഥൻ എന്റെ ചെവിക്കുപിടിച്ചു തിരുമ്പിയപ്പോൾ എന്റെ പോക്കററിൽനിന്നു അതെടുത്തു കൊടുക്കേണ്ടതായി വന്നു.

* * *

അമ്മ:—നാണി, നീ ഇന്നലെ സദ്യക്കുപോയ ദിക്കിൽ നിന്റെകാര്യം ആരെങ്കിലും ശ്രദ്ധിച്ചിരുന്നുവോ?

നാണി:—ഉവ്വമ്മെ, ഒരു കുട്ടി എന്നെ ഇളിച്ചുകാട്ടിയിരുന്നു.

* * *

വീട്ടിൽ മടങ്ങിഎത്തിയപ്പോൾ പോക്കററിൽനിന്നു ഒരു പൊതി മേശപ്പുറത്തിട്ടിട്ടു, ഭർത്താവു ഭാര്യയോട്:—"വേശേ അപ്പുവിന്റെ നായക്കു കഴുത്തിലേക്കു ഒരു കോളറാണിതു്."

ഭാര്യ:—(നോക്കിയിട്ട്) ആവൂ. ഇതു നല്ലതു ആ നായക്കോ? അതിനെ വല്ലവരും കൊണ്ടുപോയാൽ ഉപദ്രവം കുറയുമായിരുന്നു എന്നു പറയാറില്ലേ.

ഭർത്താവ്:—ഉവ്വ്. നല്ലതൊന്നു കഴുത്തിലിട്ടാലെങ്കിലും ആരെങ്കിലും കൊണ്ടുപൊയ്ക്കൊള്ളും.

* * *

തെക്കൻ കണ്ണാടകജില്ലയിൽ മംഗലാപുരത്തിന്നു വടക്കുള്ള "ബജിപ്പ്" വെള്ളച്ചാട്ടം നോക്കിനിന്നിരുന്ന ഒരാൾ, അത്യത്ഭുതത്തോടെ:—"അതിഗംഭീരം, ഭയങ്കരം, ഒരു സെക്കന്റിൽ എത്ര ഗാലൻ വെള്ളം!

മറെറയാൾ:—അതു പറയേണ്ട. കണക്കില്ല.

ആദ്യത്തെയാൾ:—ഒരു പകലോ? സുമാർ ഒരുകോടി

മറെറയാൾ:—രാത്രിയും വീഴും. ഇല്ലേ?

* * *

വളരെ ധനികയായ ഒരു യുവതിയെ വരിക്കേണമെന്നു നിശ്ചയിച്ചു പുറപ്പെട്ട ഒരു വിദ്വാൻ ഒടുവിൽ തേടിയവള്ളി കാലിൽ തടഞ്ഞതുപോലെ ആ പെങ്കിടാവോട്:—ഭവതിയെ ഞാനെത്ര സ്നേഹിക്കുന്നുണ്ടെന്നു അക്ഷരത്തിൽ (വാക്കിൽ എന്നർത്ഥം) പറഞ്ഞറിയിക്കുവാൻ പ്രയാസം.

അവൾ:-എന്നാൽ അക്കത്തിൽ പറഞ്ഞുനോക്കുക

അവൻ:-അല്ല, വാക്കിൽ.

അവൾ:-എന്നാൽ വാതുക്കലിലാകട്ടെ.

* * *

ഒരു വീട്ടിൽ ഒരു വാലിയക്കാരത്തിപ്പെണ്ണിനെ താമസിപ്പിച്ചു. അവൾ ശരിയാംവണ്ണം പ്രവൃത്തിയെടുക്കുന്നകാര്യത്തിൽ വളരെ അശ്രദ്ധ കാണിച്ചുവെന്നുമാത്രമല്ല, "മൂക്കുംകൊണ്ടുപോകുമോ" എന്നുകൂടി സംശയിക്കാൻ ഇടകൊടുത്തു.

ഗൃഹനായിക:-ആ പണിക്കാരിപ്പെണ്ണു രണ്ടാമതൊരു മുണ്ടുകൂടി കൊണ്ടുവരാത്ത സ്ഥിതിക്ക് ഉടനെ പോകുമെന്നു ഊഹിക്കാം.

അഞ്ചുവയസ്സായ കുട്ടി:—അമ്മേ, ആ കാര്യം തീർച്ചയാക്കേണ്ട. എന്റെ കൊച്ചനുജൻ വരുമ്പോൾ ഒന്നും കൊണ്ടുവന്നിട്ടില്ലെന്നു എനിക്കറിയാം. അവൻ ഇപ്പോഴും ഇവിടെത്തന്നെയുണ്ടല്ലോ

* * *

ഒരു സുപ്രസിദ്ധവൈദ്യൻ തന്റെ സിദ്ധൌഷധമാത്രകളുമായി "ഉൾനാട്ടിൽ" കടന്നു തന്റെ ഗുളികകളെപ്പററി ഈവിധം പ്രശംസിക്കാൻതുടങ്ങി. "ഞാൻകഴിഞ്ഞ ൩൦ വർഷമായി ഈ സിദ്ധൌഷധം വിററുവരുന്നു. ഒരുത്തരെങ്കിലും പരാതി പറഞ്ഞിട്ടില്ല. അത്രവിലയേറിയ ഔഷധമാണിതു്."

കേട്ടവരിൽഒരുത്തൻ:- വൈദ്യൻ പറയുന്നതിനെ ഞാനും സമ്മതിക്കുന്നു. ചത്തുപോയവർ എണീററുവന്നു പരാതിപ്പെടാറില്ലല്ലോ

* * *

ഭ്രാന്താശുപത്രി സന്ദർശിക്കാൻപോകുന്ന ഡാക്ടരെ ഒരുവൻ വഴിയിൽ തടുത്തിട്ടു്, കുറെനേരം നാട്ടുകാര്യങ്ങൾ പറഞ്ഞശേഷം-

ഡോക്ടർ:--പിന്നെ ഇപ്പോൾ ഇങ്ങോട്ടെന്തിനാണു പോകുന്നതു്?

ആൾ:—ഒരു അഭിപ്രായവ്യത്യാസം തീർക്കാൻവേണ്ടി. ആളുകളൊക്കെ എന്നെ ഭ്രാന്തനെന്നു പറയുന്നു. ഞാൻ പറയുന്നതു അവരാണു ഭ്രാന്തരെന്നു്. ഭൂരിപക്ഷത്തിനാണല്ലോ വില- അതൊന്നറിയണം.

* * *

വാദ്ധ്യാർ: രാമാ. ഞാൻ കുരങ്ങിന്റെ പാഠം പഠിപ്പിക്കുമ്പോൾ, നീ ജനലിന്റെ വെളിയിൽ നോക്കാതെ എന്നെത്തന്നെ നോക്കേണം കേട്ടോ-

* * *

പെൺകുട്ടി പിതാവിനോടു്:—അപ്പോഴേ അച്ഛാ ചന്ദ്രലോകത്തും ആളു താമസമുണ്ടെന്നല്ലേ. ഇന്നാൾ "മാഡേൺറിവ്യൂ" വായിച്ചപ്പോൾ അച്ഛൻ പറഞ്ഞതു്?

പിതാവു്:—അതേ മകളേ! ചന്ദ്രലോകത്തും ഭൂമിയിലുള്ളതിലും അധികം ആളുകളുണ്ടു്.

പെൺകുട്ടി: അപ്പോൾ ചന്ദ്രൻ കുറഞ്ഞു കുറഞ്ഞു വരുമ്പോൾ അവിടെ ഒരു വലിയ ആൾക്കൂട്ടവും ബഹളവുമൊക്കെ ആയിരിക്കണമല്ലോ.

* * *

അമ്മ:-(അമ്മു എന്ന മകളോടു്) കുട്ടീ നീ കരയാതെ കാര്യം എന്താണെന്നു പറയൂ?

അമ്മു:-(കരഞ്ഞുംകൊണ്ടു്) അമ്മേ! വളക്കാരൻ വളയിടുവാൻ കൈ കാണിച്ചുകൊടുത്തകാരണം എന്നെ അവമാനിപ്പിച്ചു അദ്ദേഹത്തിന്റെ വീട്ടിൽനിന്നു ഇവിടെ കൊണ്ടാക്കി.

അമ്മ:-കരയാതിരിക്കൂ! നായർറെഗുലേഷൻ പാസ്സായതു അവനു അറിയില്ലേ? അവനു വേറെ അവകാശികൾ ആരും ഇല്ല. അവന്റെ സ്വത്തിനു നീയാണു് അധികാരി.

* * *

അഗ്നിബാധയുണ്ടായ ഒരു സ്ഥലത്തുചെന്നു മടങ്ങുന്ന ഒരാൾ ഒരു സ്നേഹിതനോടു്,

ആൾ.—"എന്താ ഇത്രനേരം? അഗ്നിബാധ ഒരുമാതിരി അവസാനിച്ചു. ഇനി അവിടെ പോകേണമെന്നില്ല"

സ്നേഹി:-ഉവ്വോ? എങ്കിലും ഞാൻഒന്നുചെന്നുനോക്കിവരാം. ഛേ! എന്തിനുപറയുന്നു വർത്തമാനംഅറിഞ്ഞു ഡ്രെസ്സ് ചെയ്യുവാൻപോയി അവിടെ അരബെൽട്ടു്കാണാതെ വളരെനേരം തിരഞ്ഞുകൊണ്ടുനിന്ന കാരണമാണു ഇത്ര താമസമായതു്.

* * *

മാസ്റ്റർ:—കുട്ടി, നാളെ വരുമ്പോൾ നീ താമസിക്കുന്ന വീട്ടിന്റെ നമ്പ്ര് കൊണ്ടുവരണം.

കുട്ടി:—(പിറേറദിവസംവന്നിട്ടു്) സാർ, എനിക്കു എടുത്തുകൊണ്ടു വരുവാൻ സാധിക്കാത്തവിധത്തിൽ നമ്പ്ര് വാതിലിന്മേൽ ഉറപ്പിച്ചിരിക്കുന്നു.

* * *

ഒരു പത്രാധിപർ തന്റെ സ്നേഹിതനോട്:-എന്താ മിസ്റ്റർ ജോലി ഒന്നും ഇല്ലേ?

സ്നേഹി:—തല്ക്കാലം ഒന്നുംതന്നെ ഇല്ല.

പത്രാധിപർ:—എന്നാൽ കുറെ ലേഖനങ്ങൾ എഴുതി അയക്കുക.

* * *

ജയിലരുടെ മകൻ അച്ഛനോട്:— എന്താ, അച്ഛാ ഈയ്യിടെ ജെയിലിൽ ധാരാളം പുള്ളികൾ കുറയുന്നത്?

അച്ഛൻ:—മറാഷ്യക്കുള്ള അനുകരണഭ്രമംമൂലമാണ ഗാന്ധിമുതലായ മഹാന്മാർ ജയിലിൽപ്പോയി എന്ന് കേട്ടിട്ടുണ്ട്. അവരെപ്പോലെ തങ്ങൾക്കും യോഗ്യന്മാരാകാമെന്നുദ്ദേശിച്ചാണ ഇവർ ഇങ്ങോട്ടേക്ക് ഓടി പുറപ്പെടുന്നത്.

* * *

ഒരാൾ:—എന്താ. മിസ്റ്റർ കളിക്കുവാൻ പോകാം?

മററയാൾ:-എന്റെ റിസ്റ്റ് വാച്ച് കേടുവന്ന കിടക്കയാണ്.

ഒരാൾ:—കളിക്കുന്നതിന് വാച്ചുകൊണ്ടു എന്തു പ്രയോജനമാണുള്ളത്?

മററയാൾ:-ഇന്നവിടെ പലരും വരും. പുരുഷന്മാരു മാത്രമല്ല.

* * *

വിദ്യാർത്ഥി:-(അദ്ധ്യാപകനോട്)അകാലികൾ ആരാണ് സാർ?

അദ്ധ്യാ:-ഇതറിഞ്ഞുകൂടയൊ? അകാലികൾ കാലില്ലാത്തവർ. അതുകൊണ്ടല്ലേ അവർ വണ്ടിവഴി വന്നത്.

* * *

ഒരു പുലയനെ വിലങ്ങു വച്ചുകൊണ്ടു പോകുന്നതായ കാൺസ്റ്റബിളിനോട് ഒരാൾ:-എന്തു കുററത്തിനാണ ഇവനെ അറസ്റ്റ് ചെയ്തത്?

കാൺ:—അവൻ, ഹിന്ദുക്കൾ സഞ്ചരിക്കുന്നതായ വഴിയിൽക്കൂടി സഞ്ചരിച്ചു എന്നു ഉറക്കത്തിൽ ഒരു സ്വപ്നംകണ്ടുവെന്നും അതിനെപ്പററി വേണ്ടതായ അന്വേഷണങ്ങൾ നടത്തണമെന്നും ഒരു സങ്കടഹർജി ഇവിടെ കിട്ടി.

* * *

ഒരു വിദ്വാൻ ഭഗവൽഗീത എപ്പോഴും പോക്കററിൽ ഇട്ടുകൊണ്ടു നടക്കുന്നതിനെ കണ്ടിട്ടു മറെറാരു വിദ്വാൻ:—എന്താ ഗീത എപ്പോഴും പാക്കററിൽ ഇട്ടുകൊണ്ടു നടക്കുന്നത്?

ഇതിന്റെ പേർ "ഗീതാ, പാക്കററുബുക്ക്" എന്നാണ് അതുകൊണ്ടുതന്നെ.

* * *

ടിക്കററുകൂടാതെ വണ്ടിയിറങ്ങിയ നമ്പൂരിയോട്

സ്റ്റേഷൻമാസ്റ്റർ:- ഹേയ് നമ്പൂരി! ടിക്കററെങ്കെ?

നമ്പൂരി:-ഏയി! അതൊന്നും രൂപമില്ല. കാഴ്ചസ്ഥനെകണ്ടാൽമാത്രമേ സൂക്ഷ്മമായിട്ടറിയാൻപാടൊള്ളു.

മാസ്റ്റർ:—എന്നാൽ ഇരട്ടിച്ചാർജ്ജ് തരണം.

നമ്പൂരി:-ഇപ്പോൾ കൈവശം ഒന്നുംതന്നെയില്ല. നാളെത്തന്നെ, ഫേഷൻ ഈ വണ്ടിയുംകൊണ്ടു ഇല്ലത്തേക്കു വന്നാൽ നാലുഷ്ഷുപററ നെല്ലു തന്നയക്കാം.

* * *

ആനന്ദദർശനാർത്ഥം രാത്രിസമയത്തു സയിക്കിൾ മാർഗ്ഗം ടൌണിനു വെളിയിൽപോയ ഒരു മുൻസിപ്പൽ പ്രസിഡൻറ് തിരിയെ ടോൾഗേററ് വഴി ടൌണിൽ പ്രവേശിച്ചപ്പോൾ ചുങ്കം വാങ്ങാനായി പുറകെ വന്ന കണ്ട്രാക്ടരോട്,

പ്രസിഡൻറ്:—എന്താ കണ്ട്രാക്ടർ പിരിവുകൊക്കെ ശരിയായി നടക്കുന്നില്ലേ?

കണ്ട്രാക്ടർ:—എല്ലാവരും ഇതുപോലെ ഓടിച്ചുകൊണ്ടു പോകയാണ പതിവ്.

പ്രസിഡൻറ്:-മുറയ്ക്കു റിപ്പോർട്ടു അയച്ചേക്കുക.

കണ്ട്രാക്ടർ:-ഇതിനു റിപ്പോർട്ടു എവിടയാ അയക്കേണ്ടത്, യജമാനനേ?

* * *

ഒന്നാമൻ:-ഒരു നിയോജകമണ്ഡലത്തിൽനിന്നും ഒരു സാമാജികൻ വീതം തിരഞ്ഞെടുക്കപ്പെടണം എന്നല്ലെ നിയമസഭാചട്ടം?

രണ്ടാമൻ:—അതെ; സംശയത്തിനു കാരണമെന്താണ്?

ഒന്നാമൻ:- സഭയിൽ "പേർ-തല"ക്കാരായി പലരേയും കാണുന്നതുകൊണ്ടു ചോദിച്ചതാണ്.

* * *

മനോരമ അന്വേഷിച്ചു ചെന്ന ഒരാളോട്:-

എന്താ "മനോരമ"പത്രം നോക്കി അറിയാനുള്ളത്?.

നെസിലിന്റെ ക്ഷീരാന്നഭോജ്യം ഒരു ടിൻ വേണം അതിനു എഴുതയയ്ക്കാനാണ്.

അതിനു മേൽവിലാസം പറഞ്ഞുതരാം. പത്രം എന്തിന്?

അങ്ങിനെഅല്ലാ, അടിയിൽകാണുന്ന മേൽവിലാസം വെട്ടിഎടുത്തു കാർഡിലോ കവറിലോ ഒട്ടിച്ച് അയയ്ക്കണം എന്നാണ പരസ്യം. എഴുതിഅയച്ചാൽ സ്വീകരിക്കയില്ല.

* * *

മുറജപത്തിനു ചെന്നിരുന്ന ഒരു നമ്പൂരി പബ്ളിക്കറോഡിൽ മൂത്രശങ്കയുണ്ടായിരുന്നതുകണ്ടു അയാളെ മുൻസിപ്പാലിററിക്കാർ പിടിച്ചു ചാർജ്ജ്ചെയ്തു. മജിസ്ത്രേട്ടു കാൽരൂപാ പിഴ ഇട്ടു. ഉടനെ നമ്പൂരി:–"അല്ലാ, മജിസ്ത്രേട്ടെ! നമുക്കു രണ്ടുമാസം ഇവിടെത്തന്നെ മൂത്രശങ്ക കൂടിയേതീരു. കണക്കാക്കിപ്പറഞ്ഞാൽ ഉറുപ്പിക ഒന്നായി അടച്ചുളയാം."

* * *

ഒരു ദന്തവൈദ്യൻ ഒരു തെങ്ങിൽ ബോർഡു വെച്ചിരിക്കുന്നതു കണ്ടു ഒരാൾ മറെറാരാളോട്:— എന്താ തെങ്ങിൽ ബോർഡുവെച്ചിരിക്കുന്നതു്?

അന്യൻ:— അതോ? വൈദ്യനെ അന്വേഷിച്ചു തെങ്ങിൽ കയറും. അപ്പോൾ താഴെ വീണു പല്ലുപോകും. ഉടനെ വൈദ്യനെക്കൊണ്ടു പല്ലു വെപ്പിക്കും.

ആ. ആ:–ശരി. സൂത്രം തരക്കേടില്ല.

* * *

പാറുക്കുട്ടി:— അച്ഛാ, കമലമ്മ എന്നെ നുള്ളി.

അച്ഛൻ:— (കമലമ്മയോട്) എന്തിനെടീ നീ നിന്റെ ജ്യേഷ്ഠത്തിയെ നുള്ളിയതു്? (എന്നു പറഞ്ഞുകൊണ്ടു് കമലമ്മയ്ക്കു രണ്ടടി കൊടുത്തു.)

കമലമ്മ:— (കരഞ്ഞുംകൊണ്ടു്) ഞാൻ അവളെ നുള്ളിയേ ഉള്ളല്ലോ. അച്ഛനു അത്ര വേദനയായിട്ടല്ലേ എനിക്കു രണ്ടടി തന്നതു്? ഇന്നാൾ ട്യൂഷൻ പഠിപ്പിക്കുന്ന വാധ്യാരു അവളുടെ മൊഖത്തുവച്ചു കടിച്ചുകൊടുത്തതാറെ അച്ഛൻ അയാളെ എന്തു ചെയ്തു?

* *

ഒരു തമിഴൻ തന്റെ ഗൃഹത്തിൽ ഒരു മന്ത്രവാദത്തിനായി ഒരു കോഴി വേണമെന്നു് ഒരു പൊലയനോടു പറഞ്ഞു. ചെവിയ്ക്കു ശ്രവണശക്തി അസാരം കുറഞ്ഞ പൊലയൻ, "കോളിയല്ലേ" എന്നു വീണ്ടും ഒന്നു ചോദിച്ചു.

തമിഴൻ:— ആമ, ആമ എന്നു പറഞ്ഞു.

അടുത്ത ദിവസം പൊലയൻ ആമയേയുംകൊണ്ടു വന്നപ്പോഴാണു്, തമിഴിലെ ആമയ്ക്കും, മലയാളത്തിലെ ആമയ്ക്കും തമ്മിലുള്ള ഭേദം മനസ്സിലായതു.

* * *

ചക്കപ്പഴം കണ്ടിട്ടു് കൊതി നിറുത്താൻ വയ്യാത്ത ബാലൻ പിതാവിനോടു്:— "അച്ചാ, അച്ചാ, നോച്ചിച്ചേ നക്കത്തൊളം"

തന്റെ മകന്റെ അക്ഷരവ്യക്തിയിൽ അതൃപ്തി തോന്നിയ പിതാവു്:–"അമ്പമ്പടാ! എന്റെ മകന്റെ അച്ചുളവ്വ്"

കേട്ടുനിന്നവർ ചിരിച്ചപ്പോഴാണു് തന്നൊക്കാൾ ഭേദം മകൻതന്നെയാണെന്നു പിതാവിനു മനസ്സിലായതു്.

* *

മജിസ്ത്രേട്ടു്, കോടതിയിൽ ഹാജരായ ഉടനെ പതിവിൻപ്രകാരം, ഹർജി വാങ്ങിക്കാൻ ആർഡലിക്കാൺസ്റ്റേബിളിനോടു പറഞ്ഞു. അയാൾ മുററത്തു ചെന്നു് ഹർജിയും അതു വാങ്ങുന്നതിനുള്ള കൈമടക്കും ഓരോരുത്തരോടായി വാങ്ങിച്ചുവരവേ, മുമ്പൊരിക്കലും കച്ചേരി കയറീട്ടില്ലാത്ത ഒരുവൻ, "പൊന്നങ്ങുന്നേ! എന്റെ ഹർജികൂടി" എന്നു പറഞ്ഞുകൊണ്ടു് ഹർജി നീട്ടി. ഉടനെ,

കാൺസ്റ്റേബിൾ:–"എന്തെടാ പൊലിസിന്റെ മര്യാദ അറിഞ്ഞുകൂടാ; അല്ലേ" എന്നു ഗൌരവത്തിൽ ചോദിച്ചു.

ഹർജിക്കാരൻ:— "അറിയാം. പോക്കററാൽ പോലീസ് അതല്ലെ യജമാനെ?"

* * *

രാവിലേ നാലടിയുള്ളപ്പോൾ ഏകദേശം പത്തുമണിയാകും. നിങ്ങൾ ആ സമയത്തു വന്നാൽ മതി. എന്നു് അതിരാവിലെ സ്ക്കൂളിൽവന്നു സ്ഥലംപിടിക്കുന്ന കുട്ടികളോടു അദ്ധ്യാപകൻ പറഞ്ഞു.

ഒരു കുട്ടി:–പാഠം പഠിക്കാത്തതിനു ചിലപ്പോൾ പകലെയും സാർ നാലും അഞ്ചും അടിക്കുമല്ലൊ. അപ്പോൾ എത്ര മണിയാകും സാർ?

* * *

ഒരാശാരിയും അവന്റെ കൂട്ടുകാരനും കൂടി പണിക്കു പോകുകയായിരുന്നു. വഴിമദ്ധ്യേവച്ചു് തന്റെ ജന്മിയായ നമ്പൂരിപ്പാടിനെക്കണ്ടു. ഉടൻ ആശാരി ദൂരെ മാറിനിന്നു് മൂന്നുരു താണു കൈകൂപ്പി ആചാരം ചെയ്തു. ജന്മിപോയ ഉടനെ, "എന്തിനാണു് ഇത്ര ഓഛാനിക്കുന്നതു" എന്നു കൂട്ടുകാരൻചോദിച്ചു.

ആശാരി:— ഒന്നുമില്ല. നമ്പൂരിയെ കണ്ടു് ഞാൻ തൊഴുതെന്നേയുള്ളു. മനസ്സിൽ "പളോന്നാണ്"

* * *

ഏ:— ഇവിടുന്നു തീവണ്ടിയാപ്പീസിലേക്കു എത്ര ദൂരമുണ്ടു്?

ബി:— സാരമില്ല. ഓടുന്നപക്ഷം പതിനഞ്ചു മിനിട്ടു നേരത്തെ നടത്തേയുള്ളു.

* * *

രാമൻ:— ഗോവിന്ദാ, നീ എന്റെ മരണവൃത്താന്തത്തെപ്പററി ഇന്നലത്തെ കളലാസ്സിൽ വായിച്ചുവോ?

ഗോവിന്ദൻ:— രാമാ! നീ സംസാരിക്കുന്നതു സ്വർഗ്ഗത്തിൽനിന്നോ നരകത്തിൽനിന്നോ?

* * *

## "ഇപ്പപ്പുരയില്ല; പിന്നെപ്പുരയും."

—:o:—

കുറച്ചുകാലം മുൻപ് മലയാളക്കരയിൽ പ്രവൃത്തിയെടുത്തുകൊണ്ടിരുന്ന ഒരുദ്യോഗസ്ഥൻ സായിപ്പിന്ന്, ഒരു തീയൻ ബട്ട്ളർ ഉണ്ടായിരുന്നു. പറയുന്നതു കേട്ടാൽ മനസ്സിലാകുമെങ്കിലും സായിപ്പിന്നു മലയാളം സംസാരിപ്പാൻ നല്ലവണ്ണം വശമായിട്ടുണ്ടായിരുന്നില്ല. അയാൾക്ക് ഒരു തത്തക്കിളി വേണമെന്നു ഒരിക്കൽ മോഹമുണ്ടായി. അയാൾ ബട്ട്ളരെ വിളിച്ചു പറഞ്ഞു:—"ബട്ട്ളർ! ഒരു കിരി വേണം, കിരി.

ബട്ട്ളൎക്കു കാൎയ്യം മനസ്സിലായില്ല.

ബട്ട്ളർ.—സാർ!

സായിപ്പ്:—കിരി-ബട്ട്ളർ! കിരി.

ബ:—എന്തു കിരി സായിപ്പേ?

സാ:—ഇപ്പപ്പുരയില്ല; പിന്നെപ്പുരയും. പോ.

ഇതു കേട്ട ബട്ട്ളർ കാൎയ്യം പിന്നെപ്പറയുമല്ലോ എന്നു വിചാരിച്ചു 'സാർ' എന്നു പറഞ്ഞു അകത്തു പോയി. ഉച്ച തിരിഞ്ഞപ്പോൾ സായിപ്പ് ബട്ട്ളരെ വിളിച്ചു. "ബട്ട്ളർ! കിരി എവിടെ കിരി?

ബ.—എന്തു കിരി സായിപ്പേ?

സാ:—ഇപ്പപ്പുരയില്ല; പിന്നെപ്പുരയും. വേഗം പോ.

ബട്ട്ളർ ഇതുകേട്ട പിന്നെയും അകത്തേക്കു പോയി. സായിപ്പ് രണ്ടുമൂന്നു ദിവസം കഴിഞ്ഞു വീണ്ടും ബട്ട്ളരെ വിളിച്ചന്വേഷിച്ചു. അപ്പോഴൊക്കെയും അയാൾ അതേ വാചകംതന്നെ പറകയും ബട്ട്ളർ അതു കേട്ട കാൎയ്യം പിന്നെ പറയുമല്ലോ എന്നു കരുതി പോകയും ചെയ്തു. ഒരിക്കൽ വിളിച്ചപ്പോൾ ബട്ട്ളർ പറഞ്ഞു:—"പിന്നെപ്പറയാമെന്നു പറഞ്ഞിട്ടല്ലേ സായിപ്പേ കിരി കിട്ടാൻ താമസിച്ചതു്? ഇപ്പോൾ തന്നെ പറയരുതേ?

സാ:-ഇപ്പപ്പുരയില്ല; പിന്നെപ്പുരയും. കിരി വേണം.

ബ.-എന്താ, ഈ സായിപ്പിന്നു പിരാന്തുണ്ടോ? ഉള്ളതു ഇപ്പോൾതന്നെ പറയരുതേ? എന്നെക്കൊണ്ടു കഴിയില്ല. കിരി, എന്തു കിരിയോ? ഇപ്പപ്പുരയില്ല; പിന്നെപ്പുരയുംപോലും!

ഒടുവിൽ സാധിയ്ക്കില്ലെന്നു പറഞ്ഞു ബട്ട്ളർ ഒഴിയുകയാണു ചെയ്തതു്. സായിപ്പു പറഞ്ഞതു്, മേടിച്ചുകൊണ്ടുവന്നു കൂട്ടിൽവെച്ചാൽ ഉടനെ സംസാരിച്ചില്ലെങ്കിലും പിന്നെ ക്രമേണ പഴകിയാൽ സംസാരിക്കുന്നതായ കിളി വേണമെന്നായിരുന്നുവത്രെ.

—o—

# ഒരു ഐതിഹ്യം

"രാജസേവ"

(എം. കെ. റ്റി.)

പണ്ടുള്ളകാലങ്ങളിൽ (എന്നുവെച്ചു് ജാംബവാന്റെ കാലത്തോ മറേറാ ആണെന്ന് ആരും സംശയിച്ചുപോകേണ്ട) രാജധാനികളിൽ രാജസേവപറയുന്നതിന്ന് ഓരോ സേവകന്മാർ പതിവുണ്ടായിരുന്നു. അവരുടെ ജോലി നമ്മുടെ കഴിഞ്ഞുപോയ മഹാരാജാവിന്റെ സേവകനായ ശങ്കുപ്പിള്ളയുടെയോ അതിൽ താഴ്ന്നതരക്കാരായ മററുസേവകന്മാരുടെയോ മാതിരി ഒന്നുംതന്നെ അല്ല. അവൎക്ക് ഇവരെപ്പോലെ നുണപറഞ്ഞു് പണം തട്ടിക്കുന്നതിന്നോ മററു വല്ല ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നതിന്നോ തീരെ പരിചയമില്ലായിരുന്നു. ഇങ്ങിനെയുള്ള യഥാൎത്ഥ രാജസേവകന്മാരിൽ ഒരാളായിരുന്നു നമ്മുടെ മുല്ലമൂട്ടിൽ കൊച്ചുകുറുപ്പ്. കൊച്ചുകുറുപ്പിന്റെ ജനനകാലത്തെപ്പററി നിർണ്ണയിക്കുന്നതിന്നുള്ള അവകാശം ഞാൻ ഭാഷാചരിത്രകൎത്താക്കന്മാൎക്ക് വിട്ടുകൊടുത്തുപോയി. കൊച്ചുകുറുപ്പിന്റെ ജനനസ്ഥലം കോഴിക്കോട്ട് സാമൂതിരികോവിലകത്തിന്ന് അടുത്താണ്. ഇവരുടെ കുഡുംബക്കാർ പണ്ടുമുതൽക്കുതന്നെ സാമൂതിരിരാജാക്കന്മാരുടെ സേവകന്മാരുമായിരുന്നു. പതിവനുസരിച്ചു് നമ്മുടെ കൊച്ചുകുറുപ്പും അന്നത്തെ സാമൂതിരിയായ മാനവിക്രമന്റെ സേവകനായി. പ്രസ്തുതകാലത്തു് (എന്നുപറഞ്ഞാൽ വയ്യാകരണപ്രഭൃതികൾ മററു പദങ്ങളെക്കൂടെ സാധിച്ചെങ്കിലോ എന്നുവിചാരിച്ചു് കഥ നടന്നകാലത്തു് എന്നുതന്നെ പറഞ്ഞുകൊള്ളുന്നു) മുല്ലമൂട്ടിൽ ഭവനത്തു് കൊച്ചുകുറുപ്പിന്റെ ജ്യേഷ്ഠൻ വലിയകുറുപ്പും ഒരനന്തിരവളും മാത്രമേ ഉണ്ടായിരുന്നുള്ളു. കൊച്ചുകുറുപ്പിന്റെ രാജസേവയിൽനിന്നും വലിയകുറുപ്പിന്റെ കൃഷിയിൽനിന്നും ആയിരുന്നു കുടുംബത്തിലേക്കുള്ള പ്രധാന വരുമാനങ്ങൾ. ഈ വിധം ഭംഗിയായി കാലക്ഷേപം ചെയ്തുവരുമ്പോൾ ജ്യേഷ്ഠാനുജന്മാർ തമ്മിൽ ചെറിയ ഒരു പിണക്കത്തിന്നിടയായി. ഒടുവിൽ ആൎക്കാണു വേല അധികം എന്നു തീർച്ചപ്പെടുത്തണമെന്ന് നിശ്ചയിച്ചു. അതനുസരിച്ച് അടുത്തദിവസം രാവിലെ കൊച്ചുകുറുപ്പ് കൃഷിക്കും വലിയകുറുപ്പ് രാജസേവക്കും പോകാൻ ഒരുങ്ങി. എന്തെല്ലാമാണു് കൊട്ടാരത്തിൽ ചെന്നാൽ കാട്ടേണ്ടതെന്ന് കൊച്ചുകുറുപ്പിനോട്ട് വലിയകുറുപ്പ് ചോദിച്ചു.

കൊച്ചുകുറുപ്പ്:—"ആദ്യമായി ചെന്നാൽ സൌകൎയ്യംപോലെ മുഖം കാണിക്കണം. പിന്നീട്ട് രാജാവി

ന് ഇഷ്ടം തോന്നത്തക്ക വാക്കുകൾ പറയണം. അതിനുശേഷം നാട്ടുകാര്യങ്ങൾ വിശേഷസംഭവങ്ങൾ ഇവ പറയണം." ഇതുകേട്ട് അന്നത്തെ ഡെയിലി ന്യൂസിനുപകരം സേവകന്മാരായിരുന്നു എന്നാരും വിചാരിക്കേണ്ടാ. ഇനി, കൃഷിക്കുപോയാൽ എന്തെല്ലാമാണ് വേണ്ടതു് എന്ന് ജ്യേഷ്ഠനോട് ചോദിച്ചു. "അതു് വളരെ പ്രയാസമായ കാര്യമാണ്. വൈകുന്നവരെ ഓലക്കുടയുമായി വയലിന്റെ വരമ്പിൽതന്നെ ഇരിക്കണം. വേലക്കാർ വന്നാലുടൻ പറിച്ചുനടേണ്ട ഞാറെല്ലാം പറിച്ചു നടീക്കണം. മൂടയിട്ടിരിക്കുന്ന നെല്ലെല്ലാം തുറന്ന് ഉണക്കിക്കണം. വിതയ്ക്കേണ്ടടത്തു് വിതപ്പിക്കണം" എന്ന് എല്ലാം പറഞ്ഞപ്പോൾ "ഇത്രയേ ഉള്ളോ" എന്നു പറഞ്ഞു് കൊച്ചുകുറുപ്പ് സന്തോഷിച്ചു മേല്പോട്ടേക്കു ഒരു ചാട്ടം.

ഏതായാലും വലിയകുറുപ്പ് ഉടനെ ഒരുങ്ങി രാജസേവക്കു തിരിച്ചു. നിമിഷംതോറും അനുജന്റെ വാക്കുകളെ അക്ഷരംപ്രതി ഓർമ്മിച്ചുനോക്കി. കൊട്ടാരത്തിൽ പടികടന്ന ഉടൻമുതൽ മുഖം കാണിക്കാൻ തക്ക ലാക്കു നോക്കു തുടങ്ങി. എന്നാൽ ഈ വിദ്വാനു നമ്മുടെ മുട്ടസ്സിന്റെകൂട്ട് കൽതൊട്ടിയും ഒന്നുംതന്നെ കണ്ടുകിട്ടിയില്ല. അപ്പോൾ ഒരു പുതിയ ആലോചന തോന്നി. സാമൂതിരിരാജാവ് നീരാട്ടുകഴിക്കുന്ന നീരാഴിയിൽ ഇറങ്ങി മുഖംമാത്രം കാണിച്ച് പതച്ചുകിടക്കാൻ തീർച്ചയാക്കി. സാമൂതിരി നീരാട്ടിന് എഴുന്നള്ളിയപ്പോൾ ഒരു മുഖം മാത്രം നീരാഴിയിൽ കിടക്കുന്നതുകണ്ടു് "ആരാണതു്? കരക്കു കയറൂ" എന്നു പറഞ്ഞു. അതുകേട്ട് നമ്മുടെ വലിയ കുറുപ്പ് പണിപ്പെട്ടിയതിലുള്ള സന്തോഷത്തോടുകൂടി കരക്കു കയറിവന്നു.

"ഏതാടോ താൻ ഇവിടെ എന്തിനു വന്നു" എന്നു രാജാവു സഗൗരവം ചോദിച്ചു. അപ്പോൾ വലിയകുറുപ്പ് അടിമുടി ഒന്നുപോലെ താണു നല്ലതിന്മണ്ണും വലിച്ചുകീറി ഒന്നു തൊഴുതു. "അടിയൻ മുല്ലമൂട്ടിൽ വലിയകുറുപ്പാണ് രാജസേവക്കാണു വന്നിരിക്കുന്നതു്" എന്നുപറഞ്ഞു. "ഏതായാലും കുളിച്ചുകയറി ഊണിനു അകത്തുവന്നേക്കു" എന്നുപറഞ്ഞു നീരാട്ടുകുളികഴിഞ്ഞു സാമൂതിരി കോവിലകത്തേക്കു എഴുന്നള്ളുകയുംചെയ്തു. ഈ വിദ്വാൻ കുളികഴിഞ്ഞു ചെന്നു ഊണ്‍കഴിക്കാനിരുന്നു. അപ്പോഴും അനുജന്റെ വാക്കുകൾതന്നെ ഓർമ്മിച്ചുകൊണ്ടിരുന്നു. ഉടൻ രാജാവു വന്നു "കുറുപ്പേ ശാപ്പാടെല്ലാം എങ്ങിനെ" എന്നുചോദിച്ചു. "അടിയൻ. നാരങ്ങാക്കറിക്കു പഞ്ചസാര ധാരാളം. ഇത്ര മധുരമുള്ള നാരങ്ങാക്കറി അടിയൻ മുമ്പ് ഭക്ഷിച്ചിട്ടില്ല" എന്നുപറഞ്ഞു. രാജാവു ഇതുകേട്ടു നന്നേ കോപിച്ചു. എങ്കിലും സമദർശിയിലെ രാജധാനിവാർത്തപോലെ കുറുപ്പിന്റെ വിശേഷസംഭവത്തിലെങ്കിലും വല്ലതും രസം കാണും എന്നു വിചാരിച്ചു. എന്നാൽ അതു് മനോരമക്കാരുടെ കോട്ടയം വാർത്തപോലെയാണു കലാശിച്ചതു്. എന്തെന്നാൽ രാജാവ് സിംഹാസനസ്ഥനായി. "എന്തെല്ലാമാണു കുറുപ്പേ വിശേഷസംഭവങ്ങൾ" എന്നുചോദിച്ചു. "അടിയൻ ഇന്നലെ നമ്മുടെ ഭാഗ്യവിനാഴിയിൽകൂടെ ഒരു പുലിയുടെ ചുവടു ഒഴുകിപ്പോകുന്നതുകണ്ടു." ഇതുകേട്ടു രാജാവിനു കലശലായ ദേഷ്യംതോന്നി. "ഈ കളവു പറയുന്ന കള്ളനെ പിടലിക്കുപിടിച്ചു പുറത്തു തള്ളുവിൻ" എന്നാജ്ഞാപിച്ചു. ഇതുകേട്ടു നമ്മുടെ തിരുവിതാംകൂറിലെ പോലീസുകാരെക്കാൾ കഠിനഹൃദയന്മാരും വിഢ്ഢികളുംആയ പോലീസുകാർ മുല്ലമുറ്റത്തു വലിയകുറുപ്പിനെ പ്രഹരാദി കഷായം സേവിപ്പിച്ചു രാജധാനിക്കു പുറത്തു കൊണ്ടുപോയി തള്ളുകയുംചെയ്തു. അവിടെനിന്നും ഒരുവിധം വീട്ടിലെത്തിയപ്പോൾ അനുജന്റെയും സ്ഥിതി ഇതുപോലെതന്നെ കണ്ടു. അനുജനു കഷായംകൊടുത്ത വൈദ്യന്മാർ പുലയർ പറയർ മുതലായ വേലക്കാരായിരുന്നു. പരസ്പരം വിവരങ്ങൾ പറഞ്ഞപ്പോൾ ഇനി നമുക്കു പരീക്ഷ നോക്കേണ്ടെന്നും പതിവുപോലെ നടന്നാൽമതിയെന്നും തീർച്ചപ്പെടുത്തി. പിറേറദിവസം രാവിലെ കൊച്ചുകുറുപ്പ് മുഖംകാണിക്കാൻ പോയി. രാജാവ്:—"തന്റെ ജ്യേഷ്ഠൻ എത്ര കളവല്ലാതെ പറകയില്ല. ഇന്നലെ ഭാഗ്യവിനാഴിയിൽകൂടി പുലിച്ചുവടു ഒഴുകിപ്പോകുന്നതു അയാൾ കണ്ടുപോലും" "അടിയൻ. അതു വാസ്തവമാണ്. അടിയനും കണ്ടതുതന്നെ. വിവരമായി ഉണർത്തിക്കാം." രാജാവ്:—എന്നാൽ കേൾക്കട്ടെ. കുറുപ്പ്:—"വേനൽക്കാലങ്ങളിൽ മലകളിൽ കന്നുകാലികളെ തീറ്റാൻ കൊണ്ടുപോകുമ്പോൾ അവ തിന്നുക്ഷീണിക്കുമ്പോൾ പാറപ്പുറങ്ങളിൽ കിടന്നുറങ്ങുകയും അയവാട്ടുകയും ചെയ്യുന്നു. ആ സമയത്തു അവ അവിടെയൊക്കെ ചാണകമിട്ടു പോകുന്നു. ഏറെത്താമസിയാതെ ഉണങ്ങാത്ത ചാണകത്തിൽ അതുവഴി സഞ്ചരിക്കുന്ന പുലി ചവിട്ടുന്നു. അപ്പോൾ അതിന്റെ കാൽച്ചുവട് ശരിയായി അതിൽ പതിയുന്നു. ചാണകവറളി ഉണങ്ങിക്കിടക്കുകയും പെട്ടെന്നു വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വറളി അതുപോലെ ഒഴുകി വരുകയും ചെയ്യുന്നു. അങ്ങിനെയുള്ള പുലിച്ചുവടു ഒഴുകിപ്പോകുന്നതാണ് ജ്യേഷ്ഠൻ കണ്ടതായി അറിവിച്ചതു്." ഇതുകേട്ടു രാജാവു സന്തോഷിച്ചു കുറുപ്പിന്റെ ജ്യേഷ്ഠനെവരുത്തി വേണ്ടസമ്മാനങ്ങൾ ഇരുവർക്കും നൽകുകയും എന്നും കോവിലകത്തുകൂടി താമസിച്ചുകൊള്ളാൻ അനുവദിക്കയും ചെയ്തു.

———

## ദിവ്യകോകിലം

പരേതനായ മഹാകവി കുമാരനാശാൻഅവർകളുടെ സ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന ഒരു ഉൽകൃഷ്ട പത്രഗ്രന്ഥം. കേരളത്തിലെ പ്രസിദ്ധ ലേഖകന്മാരുടെ ലേഖനങ്ങളും കവിതകളും എല്ലാലക്കങ്ങളിലും തുടർച്ചയായി ഉണ്ടായിരിക്കുന്നതും അതാതുമാസം ക്ലിപ്തസമയത്തിൽതന്നെ മാസിക പുറപ്പെടുന്നതുമാകുന്നു.

വരിസംഖ്യ മുൻകൂർ.

| | | | |
|---|---|---|---|
| ഒരാണ്ടത്തേയ്ക്കു് | ൨ ൯ | ബ്രി. | രൂപാ. |
| ഇൻഡ്യയിൽ | ൨ | ” | രൂപാ. |
| ഇൻഡ്യയ്ക്കുപുറമെ | ൪ | ” | രൂപാ. |

അപേക്ഷിക്കേണ്ടും മേൽവിലാസം:-

മാനേജർ,

“ദിവ്യകോകിലം” ആഫീസ്,

കൊല്ലം-ചവറ.

—*—

## “ആരോഗ്യം”

പൂർണ്ണാരോഗ്യസംരക്ഷണത്തിനും രോഗനിവാരണത്തിനുമുള്ള മാർഗ്ഗങ്ങൾ മാത്രം നിർദ്ദേശിക്കുന്ന കേരളത്തിലെ ഏകമാസിക. പ്രകൃതിചികിത്സയും മരുന്നും ശസ്ത്രക്രിയയുമില്ലാത്ത ചികിത്സകളും മാത്രം ഈ മാസികയിൽ പ്രതിപാദിക്കപ്പെടും. ജലം, മണ്ണു്, വായു, സൂര്യപ്രകാശം, നിറം, നാരങ്ങ, പാൽ, തിരുമ്മു്, മർമ്മശാസ്ത്രം, വ്യായാമം, മെസ്മരിസം, ഹിപ്നട്ടിസം, യോഗാഭ്യാസം മുതലായവകൊണ്ടു എല്ലാ ദീനങ്ങളും ഭേദമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്. ഈ മാസിക മുറയ്ക്കു വരുത്തി വായിക്കുന്നവർക്ക് വൈദ്യന്മാരെയോ ഔഷധങ്ങളേയോ തേടി നടക്കേണ്ട ആവശ്യമില്ല. ചികിത്സയ്ക്കു ധനവ്യയം വേണ്ട. പല വിഷയങ്ങളും തുടർച്ചയായി പ്രതിപാദിക്കപ്പെടുന്നതിനാൽ ആദ്യംമുതല്ക്കു തന്നെ മാസിക വരുത്തിക്കൊൾക.

വരിസംഖ്യ മുൻകൂർ ൨-ക.

എം. ആർ. മാധവവാര്യർ,

ബി. എ. എൽ എൽ. ബി.,

“ആരോഗ്യം” ഉടമസ്ഥൻ, കൊല്ലം.

## ആഭരണശാല

പരോപകാരത്തേയും പൊതുജനനന്മയേയും മുൻനിറുത്തി പ്രവർത്തിക്കുന്ന ഒരു നവീന

വ്യവസായമന്ദിരം.

ഇവിടെ രത്നംപതിച്ചതും പതിക്കാത്തതുമായ എല്ലാമാതിരി ആഭരണങ്ങളും മിതമായ കൂലിയിൽ ഹിതമായരീതിയിൽ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും. ഇവിടത്തെ പണിത്തരങ്ങൾ പെരുമാററങ്ങൾ മുതലായവയിലുള്ള നിഷ്കാപട്യം പരിക്ഷിച്ചറിയേണ്ടതാണ്.

രത്നാഭരണങ്ങൾക്കു നാലിൽ ഒന്നും സ്വർണ്ണാഭരണങ്ങൾക്കു നാലിൽ മൂന്നും വില മുൻകൂർ അടച്ചു ആവശ്യപ്പെടുന്നവർക്കു വീ. പി. അയച്ചുകൊടുക്കുവാനും ഞങ്ങൾ ഒരുക്കമാണ്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

പി. മാടസ്വാമി ആചാരി ആൻറു്

ബ്രദേഴ്സ്,

വഞ്ചിയൂർ,

തിരുവനന്തപുരം.

—o—

ഡാക്ടർ എം. എൻ. പിള്ളയുടെ

## ബി. & എസ്സ്. സൊലൂഷൻ

നിങ്ങൾക്കു ശരീരത്തിനു ശക്തിയും ബുദ്ധിക്കു ഉന്മേഷവും പ്രവൃത്തിക്കു തന്റേടവും ശരീരത്തിനും തലച്ചോറിനും ആരോഗ്യവും പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കു ഓർമ്മശക്തിയും ആവശ്യമുണ്ടെങ്കിൽ

ബീ. ആൻറു് എസ്. സൊലൂഷൻ സേവിക്കുക.

ചെറുപ്പക്കാർക്കുണ്ടാകാറുള്ള ഇന്ദ്രിയസ്ഖലനത്തിനു ഇതു ഒരു കൈകണ്ട ഔഷധമാണ്.

ഒരുമാസത്തേക്കുള്ള കുപ്പി ൪-ന രൂപാ ൨

ചെറിയകുപ്പിക്കു രൂപാ ൪.

മസൂരിയെ തടയുന്നതിനുള്ള സിദ്ധൌഷധം രൂ. ൪

മസൂരിരോഗത്തിനുള്ള സിദ്ധൌഷധം രൂ. ൪

ഡാക്ടർ എം. എൻ. പിള്ള,

എൽ. എം. എസ്. (ഹോമിയോ)

തിരുവനന്തപുരം.

PRINTED AND PUBLISHED BY S. S. CHETTYIAR AT THE V. V. PRESS, PARAVOOR QUILON

# വിദൂഷകൻ.

രാജ്യതന്ത്രം തുടങ്ങിയ സ[illegible]തന്ത്രങ്ങളെയും പററി സ്വതന്ത്രമായ് പ്രതിപാദിക്കുന്ന മലയാളത്തിലെ ഉത്തമവിനോദമാസിക.

വരിസംഖ്യ മുൻകൂർ

| | | | | | | | |
|---|---|---|---|---|---|---|---|
| ഒരു കൊല്ലത്തേക്ക് | ക. ൩. | ൦ | ൦ | നാലു മാസത്തേക്കു | ക. ൨. | ൦ | ൦ |
| ആറു മാസത്തേക്ക് | ,, ൨. | വ്യ. | ൦ | ഇൻഡ്യയ്ക്കു പുറമേ | ൩. | വ്യ. | ൦ |

പരസ്യങ്ങൾക്ക പററിയ പത്രം. ചുരുങ്ങിയ നിരക്ക്. കൂടുതൽ വിവരങ്ങൾക്ക എഴുതുക.

മാനേജർ, വിദൂഷകൻ, കൊല്ലം-പരവൂർ.


---


അനവധി സർട്ടിഫിക്കററുകൾ കിട്ടിയ

## മോഹിനികുന്തളതൈലം




ഈ തൈലത്തിന്റെ മനോഹരമായ ഗുണങ്ങൾ എത്രയെന്നു പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. സൗഗന്ധികപുഷ്പം വാററിയെടുത്ത തൈലവും മററനവധി സുഗന്ധദ്രവ്യങ്ങളും ദിവ്യമൂലികാരസങ്ങളും ചേർത്തുണ്ടാക്കീട്ടുള്ള ഈ തൈലം തലമുടിയിൽ പുരട്ടിയാൽ അടുത്തസ്ഥലമെല്ലാം ഇതിന്റെ വാസന കൊണ്ടു നിറയും. ഏററവും മൃദുത്വവും മേനിയും കറുപ്പുമുള്ള തലമുടി തിങ്ങിഞെരുങ്ങി പനംകുലയേക്കാൾ നീളത്തിൽ അതിവേഗത്തിൽ വളരും. ഇതിനേക്കാൾ വേഗത്തിൽ തലമുടിവളരുന്ന മറെറാരെണ്ണയുമില്ല. തലച്ചോറിനുള്ള ചൂടും മാലിന്യവും തലമുടിപൊഴിച്ചിലും ഉടൻമാറും. കണ്ണിനു കുളൎമ്മയേയും മുഖത്തിനു ഐശ്വര്യത്തേയും തലയ്ക്കു ഓൎമ്മയേയും ഏററവും ഉണ്ടാക്കും. വളരെ അനുഭവമുള്ള ഈ തൈലം ഒരിക്കൽമാത്രം വരുത്തി പരീക്ഷിക്കേണ്ടതാണ്. പതിവായി വരുത്തി ഉപയോഗിക്കുന്നവൎക്കു ശിരോരോഗങ്ങൾ തീർച്ചയായും ഉണ്ടാകുന്നതല്ല.

വില കുപ്പി ഒന്നുക്കു രൂപാ ൨.

ഡസൻ ഒന്നുക്കു രൂപാ ൨൨.

വീ. പി. ചാൎജ്ജു പ്രത്യേകം.

മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,

കൊല്ലം.

☞ മററനവധി മരുന്നുകൾ വില്പാൻ തയാറുണ്ട്. വലിയ ക്യാററ്ലാഗിനു ആവശ്യമുള്ളവർ എഴുതി അയപ്പിൻ.

# സംഗീതരാജരംഗം

നവീനമായ ഒരു വിശിഷ്ടസംഗീതസ്വയംബോധിനി.

ഗ്രന്ഥകർത്താ എസ്. രംഗനാഥയ്യർ,

വലിയകൊട്ടാരം ഭാഗവതർ.

ടി. ഗ്രന്ഥകർത്താവിനാൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള "ബാലാമൃതം" "സംഗീതരംഗം" ഈ ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തതും ത്യാഗയ്യാ, ദീക്ഷിതർ, പട്ടണം സുബ്ബയ്യർ, ക്ഷേത്രിയൻ മുതലായവരുടെ കൃതികളിൽ നിന്നും പ്രത്യേകം തിരഞ്ഞെടുത്തു സ്വരപ്പെടുത്തി അച്ചടിച്ചിട്ടില്ലാത്തതുമായ നൂറോളം കൃതികൾ.

സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കിയ "കുചേലഗോപാലം" എന്ന കൃതിയെ മലയാളഭാഷയിൽ ഹരികഥാകാലക്ഷേപം ചെയ്യത്തക്ക വിധത്തിൽ രൂപപ്പെടുത്തി ഇതിൽ ചേർത്തിരിക്കുന്നു. ഇതിലെ എല്ലാ കൃതികളും പ്രൌഢഗംഭീരങ്ങളും അതിമനോഹരങ്ങളും ഭക്തിരസസമ്പൂൎണ്ണങ്ങളും ആകുന്നു. അർത്ഥദീപികകൂടി പ്രത്യേകം ചേർത്തിട്ടുണ്ട്.

പ്രകൃതി, വികൃതി, സ്വരങ്ങളെ പ്രഥമദൃഷ്ടിയിൽ തിരിച്ചറിഞ്ഞു പ്രയോഗിക്കുന്നതിനു ഒന്നാംതരം താക്കോലായ ബ്ളാക്ക്സ്റ്റേററുമെൻറ് ഓരോ കൃതിയുടേയും തലക്കെട്ടിൽ ചേർത്തിട്ടുള്ളതു ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകവിശേഷമാകുന്നു. താളങ്ങൾ, ഗമകം, സ്ഥായി, മാത്ര, അടി, വിരൽ എണ്ണങ്ങൾ, വീച്ച്, രാഗം ആരോഹണം മുതലായതുകൾക്ക പരിഷ്കൃതരീതിയിൽ സംജ്ഞകൾ കാണിച്ചും ഇരിക്കുന്നു.

കട്ടിക്കടലാസ്സിൽ അച്ചടിച്ചു ഉറപ്പായി ബയൻറ് ചെയ്ത ൩൦൦-വശങ്ങൾവരെയുള്ള ഈ വിശിഷ്ടഗ്രന്ഥത്തിന്റെ വില രൂ. ൪. അ. വ്യ.

ശങ്കരനാരായണയ്യർ, "സംഗീതരംഗം" ആഫീസ്,

ദീക്ഷിതർതെരുവ്, കോട്ടയ്ക്കകം,

തിരുവനന്തപുരം.